# കാൎത്തവീൎയ്യാൎജ്ജുനവിജയം

(ഓട്ടൻ തുള്ളൽ)

പ്രസാധകൻ

സാഹിത്യകുശലൻ ഏ. ഡി. ഹരിശൎമ്മ
എം. ആർ. ഏ. എസ്സ്.

[വില ഒരു രൂപാ.

ഒന്നാംപതിപ്പ്

പവർ പ്രസ്സ്, എറണാകുളം

1125 മീനം

7476

# അവതാരിക

## കുഞ്ചൻനമ്പ്യാർ

ഭാഷാസാഹിത്യലോകത്തിൽ അനശ്വരമായ യശഃസ്തംഭം നാട്ടിയ ഒരു കവിവര്യനാണ് കലക്കത്തു കുഞ്ചൻ നമ്പ്യാർ. അദ്ദേഹത്തിന്റെ ജീവചരിത്രം പരിപൂർണ്ണമോ വിശ്വാസ്യമോ ആയ നിലയിൽ നമുക്ക് ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. ഐതിഹ്യകഥകളിലും മററും നിന്നു കിട്ടുന്ന ചില തെളിവുകളെ അടിസ്ഥാനമാക്കി നിർമ്മിക്കപ്പെട്ടിട്ടുള്ള ജീവചരിത്രങ്ങളാണ് ഇന്നു പ്രചാരത്തിലിരിക്കുന്നതു്. അതനുസരിച്ചു ചിലതൊക്കെ പറയാനേ നമുക്കും നിവൃത്തിയുള്ളു.

തിരുവില്വാമലയ്ക്കടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലം എന്ന ഗ്രാമത്തിൽ കൊല്ലവർഷം 880-ാമാണ്ടിടയ്ക്കാണ് കുഞ്ചൻനമ്പ്യാർ ജനിച്ചതു്. കലക്കത്തു് എന്നായിരുന്നു വീട്ടുപേരു്. അച്ഛനമ്മമാരെപ്പററി വിശ്വസിക്കത്തക്ക വിവരങ്ങളൊന്നും കിട്ടിക്കഴിഞ്ഞിട്ടില്ല. നമ്പ്യാർക്കു രാഘവൻ എന്നു പേരായ ഒരമ്മാവൻ ഉണ്ടായിരുന്നു എന്നും, ഭാഗിനേയനെ സംസ്കൃതത്തിലെ പ്രഥമപാഠങ്ങൾ പഠിപ്പിച്ചതു് ആ അമ്മാവനായിരുന്നു എന്നും അനുമാനിക്കപ്പെടുന്നു. സ്വദേശത്തുതന്നെയുള്ള തൃക്കാര്യമൺ ഇല്ലത്തു് നാരായണഭട്ടതിരി എന്ന പേരിൽ ഒരു മഹാപണ്ഡിതൻ അന്നു ജീവിച്ചിരുന്നുവെന്നും, അദ്ദേഹത്തിൽനിന്നാണ് നമ്പ്യാർ കാവ്യനാടകാലങ്കാരപര്യന്തമുള്ള ഉപരിവിദ്യാഭ്യാസം നേടിയതെന്നും, സുപ്രസിദ്ധ ഗവേഷകനായ മഹാകവി ഉള്ളൂർ പറയുന്നു.

കുഞ്ചൻനമ്പ്യാരുടെ സാക്ഷാൽ നാമധേയം കൃഷ്ണൻ എന്നായിരുന്നു എന്നു ചിലരും, അതല്ല രാമൻ എന്നായിരുന്നു എന്നു മററു ചിലരും വാദിക്കുന്നു.

കൊല്ലം തൊള്ളായിരത്താണ്ടിരുപത്തുമിരുപ-
ത്താറുമേവഞ്ച പത്തും
ചെന്നീടുന്നോരു കൊല്ലം മിഥുനമുപഗതേ
ഭാസ്കരേ ധന്യധന്യഃ
കൃഷ്ണപക്ഷേ ചതുൎത്ഥീ ചതയയുതദിനേ
മാതുലഃ കൃഷ്ണനാമാ
വിഷ്ണോസ്സായുജ്യമാപ്തോ വിഹിതഹരിനമ-
സ്യാദികോ ദോഷഹീനം

എന്നിങ്ങനെ നമ്പ്യാരുടെ ഭവനത്തിലുള്ള ഒരു ഗ്രന്ഥത്തിൽ കാണുന്ന ചരമശ്ലോകമാണു് 'കൃഷ്ണ' പക്ഷക്കാൎക്കുള്ള പ്രമാണം. അതനുസരിച്ചു നോക്കിയാൽ നമ്പ്യാരുടെ ചരമം കൊല്ലവൎഷം 956-ൽ ആണെന്നാണു് വരുന്നതു്. ഇതു വിശ്വാസ്യമായിത്തോന്നുന്നില്ല. അതിനു രണ്ടു കാരണങ്ങളുണ്ടു്. നമ്പ്യാർ 940-ാമാണ്ടിടയ്ക്കു തിരുവനന്തപുരത്തുനിന്നു് കാൎത്തികതിരുനാൾ രാമവൎമ്മമഹാരാജാവു തിരുമനസ്സിനോടു് അനുവാദം വാങ്ങി അമ്പലപ്പുഴയ്ക്കു മടങ്ങിപ്പോയി എന്നും, അതിനുശേഷം നാലഞ്ചു കൊല്ലത്തിനുള്ളിൽ ചരമഗതിയെ പ്രാപിച്ചു എന്നുമുള്ള ഐതിഹ്യം ഇതിനോടു വിയോജിക്കുന്നു; അതുപോലെ, 954-ൽ രാമവൎമ്മമഹാരാജാവും തെക്കേടത്തു ഭട്ടതിരിയും മററുംകൂടി തയ്യാറാക്കിയ അമ്പലപ്പുഴ പാല്പായസക്കണക്കിൽ കുഞ്ചൻനമ്പ്യാരുടെ പേരു കാണാത്തതിനാൽ, അദ്ദേഹം അതിനുമുൻപുതന്നെ മരിച്ചുപോയി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു എന്നുള്ള പി. കെ. നാരായണ പിള്ളയുടെ അഭിപ്രായവും ഇക്കാൎയ്യത്തിൽ പ്രതിബന്ധമായിനില്ക്കുന്നു.

 7876

ശ്രീബലീപ്രസ്തരഃ ശംഭോഃ ശ്രീശുകാലയവാസിനഃ
രാമേണ പാണിവാദേന കാരിതോ ഭൂതയേ ധ്രുവം

എന്നു് കിള്ളിക്കുറിശ്ശി ശിവക്ഷേത്രത്തിലെ ബലിക്കൽപ്പുരയിൽ കൊത്തിക്കാണുന്ന ശ്ലോകമാണു് 'രാമ'പക്ഷക്കാക്കുള്ള പ്രധാനപ്രമാണം. അതു കൂടുതൽ വിശ്വാസ്യമായി തോന്നുന്നുണ്ടു്. ഒരിക്കൽ, എന്തോ കാരണവശാൽ അത്യന്തം സന്തുഷ്ടനായ കാർത്തികതിരുനാൾ മഹാരാജാവു് നമ്പ്യാക്കു് ആയിരംപണം സമ്മാനിച്ചു് "ഉറപ്പുള്ളവിധത്തിലേ ഈ പണം വിനിയോഗിക്കാവൂ" എന്നു കല്പിച്ചു എന്നും, നമ്പ്യാർ ആ പണവും കൊണ്ടു സ്വദേശത്തുപോയിരുന്ന അവസരത്തിൽ അവിടെയുള്ള ശിവക്ഷേത്രത്തിലെ ബലിക്കൽപ്പുര ജീർണ്ണമായി കിടക്കുന്നതു കണ്ടു് അതു പുതുക്കിപ്പണിയിച്ചുവെന്നും, തിരികെ തിരുവനന്തപുരത്തു ചെന്ന നമ്പ്യാർ, ഇളകാത്ത വസ്തുവിൽതന്നെയാണു് താൻ പണം നിക്ഷേപിച്ചിട്ടുള്ളതെന്നു തിരുമനസ്സുണർത്തിച്ചുവെന്നും ഉള്ള ഐതിഹ്യം ഇതിനു് ഉപോദ്ബലകമായി നില്ക്കുന്നു. എന്നാൽ ഇവിടേയും ഭിന്നാഭിപ്രായക്കാരില്ലാതില്ല. മേല്പറഞ്ഞ ശ്ലോകം, പാറപ്പുറത്തു ഗോവിന്ദൻ നമ്പ്യാരുടെ അനന്തരവനായ രാമൻനമ്പ്യാർ അടുത്തകാലത്തു് ആ ബലിക്കൽപ്പുര ജീർണ്ണോദ്ധാരണം ചെയ്തതിനെ സൂചിപ്പിക്കുന്നതാണെന്നു മഹാകവി ഉള്ളൂർ പറയുന്നു. ഈ അഭിപ്രായം ശരിയായിരുന്നാൽ തന്നെയും, 'രാമ'സംജ്ഞാപക്ഷപാതികൾക്കു് അനുകൂലമായി വേറെയും തെളിവുണ്ടു്. കാഞ്ഞിരം പറമ്പിൽ മി: രാവുണ്ണിനായർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 'ശ്രീ പാർവ്വതീ സ്വയംവരം പാന'യുടെ മുഖവുരയിൽ, ശ്രീ കൃഷ്ണചരിതം മണിപ്രവാളകാവ്യത്തിൻെറ ഒരു താളിയോല ഗ്രന്ഥത്തിൽ,

രാമേണ പാണിവാദേന രചിതേ മിശ്രസംസ്കൃതേ
ശ്രീകൃഷ്ണചരിതേ കാവ്യേ മുതൽസ്സർഗ്ഗസ്സമാപിതഃ

എന്നു് ഒരു പദ്യം കാണുന്നതായി അദ്ദേഹം എഴുതിയിരി
ക്കുന്നു. 'ശ്രീകൃഷ്ണചരിതം മണിപ്രവാളം' നമ്പ്യാരുടേതു
ല്ലെന്നു് ഇതേവരെ ആരും പറഞ്ഞുകേട്ടിട്ടില്ലാത്ത സ്ഥിതിക്കു്
ഈ പദ്യത്തിൽ പറയുന്ന രാമപാണിവാദൻ കുഞ്ചൻനമ്പ്യാർ
തന്നെയാണെന്നു് അനുമാനിക്കുന്നതിൽ തെററുണ്ടാകാൻ
വഴിയില്ല.

മനുഷ്യന്റെ മഹത്വത്തേയും കഴിവുകളേയും വകവെ
ച്ചുകൊടുക്കാൻ ഒരുക്കമില്ലാത്ത ഒരുകൂട്ടം ആളുകൾ ഏതു
കാലത്തും ലോകത്തിലുണ്ടാവുക പതിവാണു്. ഒരാൾ ഏ
തെങ്കിലും നിലയിൽ ഉയൎന്നുവന്നാൽ, എന്തെങ്കിലും ഒരൈ
തിഹ്യം കെട്ടിച്ചമച്ചു്, ആ ഉയൎച്ചയിൽ അമാനുഷത്വ
ത്തിന്റെ ഛായം തേയ്ക്കാൻ ഇക്കൂട്ടർ ശ്രമിക്കാതിരിക്കയില്ല.
നമ്പ്യാരെപ്പററി പറഞ്ഞുകേൾക്കുന്ന ഒന്നുരണ്ടു ഐതിഹ്യ
ങ്ങൾക്കുള്ള നിദാനവും ഇതുതന്നെയായിരിക്കണം. "കോഴി
ക്കോട്ടുകാരനായ ഒരു സാധുബ്രാഹ്മണൻ പുത്രിമാരെ വി
വാഹം കഴിച്ചുകൊടുക്കാൻ നിവൃത്തിയില്ലാതെ തിരുവനന്ത
പുരത്തുപോയി മഹാരാജാവിനെ കണ്ടു സങ്കടമുണർത്തിച്ചു.
തമ്പുരാൻ കല്പിച്ചുനല്കിയ ഒരു പണക്കിഴിയുമായി കിള്ളി
ക്കുറിശ്ശിമംഗലത്തെത്തി. ക്ഷേത്രത്തിന്നടുത്തുള്ള കുളക്കടവിൽ
ആ കിഴിവെച്ചു നമ്പൂരി കുളിക്കുവാനിറങ്ങി. അദ്ദേഹം
കുളിച്ചുകൊണ്ടിരുന്ന സമയത്തു് ഒരു പശു യാദൃച്ഛികമായി
അതിലെ വരികയും കിഴിയുടെ മുകളിൽതന്നെ, അതു മൂടി
പ്പോകത്തക്കവണ്ണം, ചാണകമിടുകയും ചെയ്തു. കുളി കഴിഞ്ഞു
കിഴി എടുക്കാൻ ചെന്ന ബ്രാഹ്മണൻ അതു കാണായ്കയാൽ
വളരെ വ്യസനിച്ചു് അമ്പലത്തിലേക്കു പോയി. കുറെ
കഴിഞ്ഞു ചാണകം വാരുന്നതിന്നായി അതിലേ വന്ന ഒരു
നങ്ങ്യാർ—കുഞ്ചൻനമ്പ്യാരുടെ മാതാവു്—ആ പണക്കിഴി
കാണുകയും അതു് അതിന്റെ ഉടമസ്ഥനു കൊടുക്കുകയും
ചെയ്തു. പരമസന്തുഷ്ടനായ ബ്രാഹ്മണൻ 'നിനക്കു വളരെ

പ്രസിദ്ധനായ ഒരു പുത്രനുണ്ടാകട്ടെ' എന്നു് നങ്ങ്യാരെ അനുഗ്രഹിച്ചു. അതിൻെറ ഫലമായുണ്ടായതാണു് കുഞ്ചൻ നമ്പ്യാർ." ഇതാണു് ഒരൈതിഹ്യം. "ഏഴുവയസ്സു പ്രായമുള്ളപ്പോഠം ഒരിക്കൽ നമ്പ്യാർ ഗുരുഗൃഹത്തിലേക്കു പോകയായിരുന്നു. മാർഗ്ഗമദ്ധ്യേയുള്ള ഒരു മലഞ്ചരുവിൽവച്ചു് ഒരു പാമ്പു് ആ കുട്ടിയെ കടിച്ചു. കുട്ടി ഉടനെ ബോധരഹിതനായി. ആ സമയത്തു് ശ്രീ ഭഗവതി അവിടെ പ്രത്യക്ഷയായി ദിവ്യമായ പാൽ കൊടുത്തു കുട്ടിയെ രക്ഷപ്പെടുത്തി. ദേവീകടാക്ഷംകൊണ്ടു ബോധയുക്തനായിത്തീൎന്ന കുട്ടി തൽക്ഷണംതന്നെ വലിയ വിദ്വാനും കവിയുമായിത്തീൎന്നു," ഇതാണു് മറെറാരൈതിഹ്യം. ഈ വക യാദൃച്ഛികാനുഗ്രഹങ്ങളുടെ സഹായം കൂടാതെതന്നെ, സ്വപ്രയത്നംകൊണ്ടു് ഉയൎന്നു വന്നിട്ടുള്ള അനേകം മഹാന്മാരെപ്പററി നമുക്കറിയാംവുന്നതുകൊണ്ടു്, കുഞ്ചൻനമ്പ്യാർ ഗുരുകുലക്ലിഷ്ടനായി വിദ്യാഭ്യാസംചെയ്തു് സ്വപ്രയത്നംകൊണ്ടുയൎന്നുവന്ന ഒരു പൗരുഷശാലിയായിരുന്നു എന്നുമാത്രം നമുക്കു വിശ്വസിച്ചാൽ മതി.

വിദ്യാഭ്യാസംകഴിഞ്ഞു് നമ്പ്യാർ ഉത്തരകേരളത്തിലും മദ്ധ്യകേരളത്തിലും സഞ്ചരിച്ചിട്ടുള്ളതായി കാണുന്നു. കോലത്തുനാടു്, വെട്ടത്തുനാടു്, ഗുരുവായൂർ, തലപ്പിള്ളി, ചേന്ദമംഗലം മുതലായ സ്ഥലങ്ങഠം ഈ സഞ്ചാരപരിപാടിയിൽ ഉഠംപ്പെട്ടവയാണു്. ഇങ്ങനെ സഞ്ചരിക്കുന്നതിന്നിടയിൽ ഒരിക്കൽ കോലത്തുനാട്ടിൽവെച്ചു പട്ടിണികിടക്കേണ്ടിവന്ന അവസരത്തിൽ നമ്പ്യാർ നിൎമ്മിച്ചതാണത്രെ താഴെ കാണുന്ന പ്രസിദ്ധശ്ലോകം.

കോലഭൂപസ്യ നഗരേ വാസരാ ഹരിവാസരാഃ
മശകൈൎമ്മക്കുണൈശ്ചൈവ രാത്രയശ്ശിവരാത്രയഃ

"കോലത്തുനാട്ടിൽ പകലുകളെല്ലാം ഹരിവാസരങ്ങളും (ഊണില്ലാത്ത ദിവസങ്ങഠം), മൂട്ടയുടെയും കൊതുകിൻെറയും

ഉപദ്രവംകൊണ്ടു രാത്രികളെല്ലാം ശിവരാത്രികളും (ഉറക്കമൊഴിക്കേണ്ടവ) ആകുന്നു" എന്നാണു് ഈ ശ്ലോകത്തിന്റെ അൎത്ഥം.

ഈ ദേശസഞ്ചാരംകഴിഞ്ഞു മടങ്ങിയതിനുശേഷമാണു് നമ്പ്യാർ തിരുവിതാംകൂറിൽപെട്ട കിടങ്ങൂൎക്കു് പോയതു്. അവിടെ ക്ഷേത്രത്തിൽ എന്തോ ജോലിയുണ്ടായിരുന്ന അച്ഛനോടുകൂടിയാണു് അങ്ങോട്ടേക്കു പോയതെന്നു പറയപ്പെടുന്നു. കിടങ്ങൂർ താമസിച്ചിരുന്നകാലത്തു കുടമാളൂർ, കുമാരനല്ലൂർ മുതലായ പല സ്ഥലങ്ങളിലും അദ്ദേഹം സഞ്ചരിക്കയുണ്ടായിട്ടുണ്ടു്. ഒടുവിൽ ആ സഞ്ചാരപ്രിയൻ അമ്പലപ്പുഴയെത്തിച്ചേൎന്നു. കിടങ്ങൂർ മുതലായ സ്ഥലങ്ങളിൽനിന്നു കൂത്തു പറയുന്നതിനായി അമ്പലപ്പുഴയ്ക്കു പോയ വല്ല ചാക്യാന്മാരുടേയും കൂടെയായിരിക്കാം നമ്പ്യാർ ആദ്യമായി അവിടെ ചെന്നുചേൎന്നതെന്നു നമുക്കു ന്യായമായി അനുമാനിക്കാം. നന്തിക്കാട്ടു് ഉണ്ണിരവികുറുപ്പു്, ഓണമ്പിള്ളി നമ്പൂരി എന്നിവരിൽനിന്നു ധാരാളം ആനുകൂല്യങ്ങൾ അവിടെവെച്ചു് നമ്പ്യാൎക്കു സിദ്ധിച്ചു. വിജ്ഞാനവികസനത്തിനും അവരുടെ സാഹചൎയ്യം ചരിത്രനായകനു പ്രയോജകീഭവിച്ചിരിക്കണം. ഈ രണ്ടുപേരേയും അദ്ദേഹം തന്റെ കൃതികളിൽ അതിരററ കൃതജ്ഞതാദരങ്ങളോടുകൂടി, ഗുരുനാഥന്മാരുടെ നിലയിൽ, അനുസ്മരിക്കുന്നുണ്ടു്. ഉണ്ണിരവികുറുപ്പിനെ "മന്ദാരദാരു"വായിട്ടാണു് പലേടത്തും വൎണ്ണിച്ചിരിക്കുന്നതു്. നമ്പ്യാരുടെ ഒന്നാമത്തെ കൃതിയായ കല്യാണസൌഗന്ധികത്തിൽതന്നെ,

നന്ദികാരണ്യമാം മന്ദിരേ വാഴുന്ന
മന്ദാരദാരുവാം ബാലരവിയുടെ
നന്ദിവരുത്തുന്ന കണ്ടങ്കരിങ്കാവി-
ലിന്ദുചൂഡപ്രിയേ! വന്ദേ ഭഗവതീ!

എന്നു വൎണ്ണിച്ചിട്ടുള്ളതു നോക്കുക. ഒരു കവി ഏതെങ്കിലും ഒരാളെ കല്പവൃക്ഷമായി വൎണ്ണിക്കണമെങ്കിൽ അതിനു തക്കതായ ഏതെങ്കിലും സഹായം ആ കവിക്ക് അദ്ദേഹത്തിൽ നിന്നു സിദ്ധിച്ചിരിക്കണമെന്നുള്ളതു തീൎച്ചയാണല്ലൊ.

അമ്പലപ്പുഴയിലെത്തിയ നമ്പ്യാർ അധികം താമസിയാതെ ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായിതീൎന്നു. പണ്ഡിതപാരിജാതമായിരുന്ന ആ രാജാവാകട്ടെ, നമ്പ്യാരുടെ വൈദുഷ്യവും കവിത്വവുംകണ്ടു സന്തുഷ്ടനായി അദ്ദേഹത്തെ യഥോചിതം പ്രോത്സാഹിപ്പിക്കയും ചെയ്തു. തുള്ളൽക്കഥകളിൽ പലതും ചരിത്രനായകൻ അവിടെവച്ചാണ് എഴുതിയതു്, അവയിൽ മിക്കതിലും "ചെമ്പകനാട്ടിന്നലങ്കാരഭൂതനാം തമ്പുരാൻ ദേവനാരായണസ്വാമി"യെ വൎണ്ണിച്ചിരിക്കുന്നതു കാണാം. കാലക്രമത്തിൽ നമ്പ്യാരുടെ പേരു പുറമേയും പ്രചരിച്ചു തുടങ്ങി. അന്നു ചെമ്പകശ്ശേരി രാജാവും തിരുവിതാംകൂർ മാൎത്താണ്ഡവൎമ്മമഹാരാജാവും തമ്മിൽ മൈത്രിയിലായിരുന്നു. ആ വഴിക്ക് നമ്പ്യാരുടെ കീൎത്തി തിരുവനന്തപുരത്തും എത്തിയിരിക്കണം. എന്തുകൊണ്ടെന്നാൽ, 919-ാമാണ്ടിനിടയ്ക്കു കുഞ്ചൻനമ്പ്യാർ തിരുവനന്തപുരത്തുപോയി താമസിച്ചിരുന്നതായി തെളിവുണ്ടു്. താമസം കൊട്ടാരത്തിലായിരുന്നു താനും. 919 കുംഭം 30-ാംനു- "കൊട്ടാരത്തിൽ പാൎക്കുന്ന കുഞ്ചൻനമ്പ്യാൎക്ക് കാലിൽ ദീനമാകയാൽ മരുന്നുവിലയ്ക്കു" കൊട്ടാരത്തിൽനിന്നു് ഇരുപത്തിമൂന്നു പണം ചെലവെഴുതീട്ടുള്ളതായി കണക്കുകാണുന്നു. 922-ാമാണ്ട് "നമ്പ്യാരുടെകൂടെ നിന്ന മിത്രനപ്പിള്ളി കുഞ്ചുമാതിററിക്ക് ആണ്ടൊന്നിക്ക് നെൽ 72 പറയും പാൽക്കുളങ്ങര അധികാരത്തിൽനിന്നു ചെലവെഴുതി"യതിനു രേഖയുണ്ട്. മാൎത്താണ്ഡവൎമ്മ മഹാരാജാവ് ചെമ്പകശ്ശേരിരാജ്യം കീഴടക്കിയതിനുശേഷമാണ് കുഞ്ചൻനമ്പ്യാർ തിരുവനന്തപുരത്തേക്കു പോയതെന്നുള്ള അഭിപ്രായം ശരിയല്ലെന്നും,

അതിനെത്രയോ മുൻപുതന്നെ അദ്ദേഹം തിരുവനന്തപുരത്തേക്കു പോകുകയും മഹാരാജാവിന്റെ പ്രീതിക്കു പാത്രീഭവിക്കയും ചെയ്തുകഴിഞ്ഞിരുന്നുവെന്നും, ഇതിൽനിന്നു മനസ്സിലാക്കാം. ചെമ്പകശ്ശേരിരാജ്യം തിരുവിതാംകൂറിലേക്കു് അടങ്ങിയതിനുശേഷം നമ്പ്യാർ തിരുവനന്തപുരത്തു സ്ഥിരതാമസമാക്കി എന്നു പറയുന്നതു ശരിയായിരിക്കും. അന്നും നമ്പ്യാരെ അമ്പലപ്പുഴക്കാരനായിട്ടാണു് ആളുകൾ കണക്കാക്കിയിരുന്നതു്. എന്തുകൊണ്ടെന്നാൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ദിഗ്വിജയവും മറ്റും കഴിഞ്ഞു് വളരെക്കാലത്തിനുശേഷം—933-ൽ—അദ്ദേഹം നമ്പ്യാർക്കു് ഒരു വീരശൃംഖല സമ്മാനിക്കയുണ്ടായതിനെപ്പറ്റി "അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർക്കു് മുകപ്പിൽ ആണിതലയ്ക്കൽ ചുവപ്പുകൽവെച്ച വീരചങ്ങല സമ്മാനിച്ചു" എന്നാണു് കണക്കിൽ എഴുതിക്കാണുന്നതു് 934-ൽ, മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ഭാഗിനേയനും അനന്തരഗാമിയുമായ രാമവർമ്മമഹാരാജാവും നമ്പ്യാർക്കു് ഒരു വീരശൃംഖല സമ്മാനിച്ചതായി കാണുന്നുണ്ടു്.

ഇങ്ങനെ, തന്നെ സംരക്ഷിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തിരുന്ന പ്രസ്തുത മഹാരാജാക്കന്മാരെ നമ്പ്യാർ തന്റെ തുള്ളൽക്കഥകളിൽ പല സ്ഥലത്തും ഭക്തിപൂർവ്വം സ്മരിച്ചിട്ടുണ്ടു്.

പാർത്താലത്ഭുതം ബാലമാർത്താണ്ഡക്ഷിതീന്ദ്രന്റെ
വാർത്താവൈഭവമെല്ലാമോർത്താലന്തമില്ലേതും

എന്നും മറ്റും മാർത്താണ്ഡവർമ്മ മഹാരാജാവിനെപ്പറ്റിയും,

രാമതുല്യൻ മഹാവഞ്ചിരാമവർമ്മേന്ദ്രഭൂപാലൻ
കാമദൻ കോമളാകാരൻ കാമിനീമാനസേ മാരൻ

എന്നും മറ്റും രാമവർമ്മ മഹാരാജാവിനെപ്പറ്റിയും വർണ്ണിച്ചിട്ടുള്ളതു നോക്കുക. മാതുലന്റെ ഭരണാവസാനകാലത്തും

ഭാഗിനേയന്റെ ഭരണാരംഭഘട്ടത്തിലുമായി മന്ത്രിസ്ഥാനം വഹിച്ചിരുന്ന അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയും നമ്പ്യാരെ വളരെ സഹായിച്ചിരുന്നിരിക്കണം. അല്ലെങ്കിൽ, തിരുവിതാംകൂറിലെ മററു മന്ത്രിമാരെപ്പററി ഒന്നുംതന്നെ ശബ്ദിക്കാത്ത നമ്പ്യാർ,

വഞ്ചിക്ഷമാപാലബാലമാർത്താണ്ഡനാ=
ലഞ്ചിതശ്രീകുലശേഖരാജ്ഞാകരൻ
ആർത്താവനോദാരശീലനാമയ്യപ്പ-
മാർത്താണ്ഡമന്ത്രി നിജസ്വാമിശാസനാൽ

എന്നിങ്ങനെ ആ മന്ത്രിയെ മാത്രം വർണ്ണിക്കാൻ കാരണമില്ല.

ഒടുവിൽ നമ്പ്യാർക്കു വാർദ്ധക്യം ബാധിച്ചുതുടങ്ങി. തിരുവനന്തപുരത്തെ താമസം അദ്ദേഹത്തിനു പണ്ടത്തെപ്പോലെ തൃപ്തികരമായി തോന്നിയില്ല. കഥകളിയിൽ തല്പരനായിരുന്ന രാമവർമ്മമഹാരാജാവു ഒരു കവിയുടെ നിലയിൽ നമ്പ്യാരെ പ്രോത്സാഹിപ്പിച്ചിരുന്നുവെങ്കിലും, ആ പ്രോത്സാഹനത്തിനു മാർത്താണ്ഡവർമ്മയുടെ കാലത്തുണ്ടായിരുന്നിടത്തോളം ഹൃദയംഗമത്വം ഉണ്ടാകാൻ വഴിയില്ലല്ലോ. മാർത്താണ്ഡവർമ്മയുടെ കാലത്തനുവദിച്ചിരുന്ന 'രണ്ടേകാലും കോപ്പും' ചില അസൂയക്കാർ മുടക്കാൻപോലും ഭാവിച്ചു. നമ്പ്യാർ നേരിട്ടുചെന്നു സങ്കടം ഉണർത്തിക്കേണ്ടിവന്നു, അതു വീണ്ടുകിട്ടാൻ. രാമവർമ്മമഹാരാജാവു നമ്പ്യാർക്കു 'പക്കത്തിൽ ചോറ്'നുവദിച്ചിരുന്നുവെന്നും പക്ഷേ, നമ്പ്യാർക്കു ആ ഊണു തീരെ പിടിച്ചിരുന്നില്ലെന്നും പറയപ്പെടുന്നു.

പക്കച്ചോറും കാളൻ കറിയും
ചക്കച്ചുക്കിണിയുമെന്നിവയെല്ലാം-
തിക്കഞ്ഞുങ്ങൾക്കൊക്കെ സുഖഭോജന-
മിക്കാലങ്ങളിലില്ലിഹ താത!

എന്നു് ചില തുള്ളലുകളിൽ നമ്പ്യാർ വർണ്ണിച്ചിട്ടുള്ളതു് തന്റെ ഈ പക്കച്ചോറൂണിനെക്കൂടി സൂചിപ്പിച്ചിട്ടല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എങ്ങനെയായാലും, 940-ാമാണ്ടിടയ്ക്കു് മഹാരാജാവിന്റെ അനുമതിവാങ്ങി നമ്പ്യാർ അമ്പലപ്പുഴയ്ക്കു മടങ്ങി; 945-നോടടുത്തു പേപ്പട്ടിയുടെ വിഷമേററു ചരമഗതിയെ പ്രാപിക്കയും ചെയ്തു. മരിക്കുമ്പോൾ നമ്പ്യാർക്കു 60—65 വയസ്സു പ്രായമുണ്ടായിരുന്നു എന്നാണു് ഐതിഹ്യം.

## ബാല്യകവനങ്ങൾ

ദേശസഞ്ചാരംചെയ്തിരുന്നകാലത്തുതന്നെ നമ്പ്യാർ കവിതാനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നുവത്രെ. ശീലാവതി നാലുവൃത്തം, രുഗ്മിണീസ്വയംവരം പത്തുവൃത്തം, ഭഗവൽദൂതു് പതിന്നാലുവൃത്തം, ഭാഗവതം ഇരുപത്തിനാലുവൃത്തം, നളചരിതം കിളിപ്പാട്ടു്, ശിവപുരാണം കിളിപ്പാട്ടു് എന്നു തുടങ്ങിയ കൃതികൾ അക്കാലത്തു് ഉണ്ടാക്കപ്പെട്ടവയാണെന്നാണു് പറയപ്പെടുന്നതു്. അതാതുകാലത്തു് തനിക്കു് ആശ്രയമായിത്തീരുന്ന പ്രഭുക്കന്മാരെ കവിതകളിൽ പുകഴ്ത്തുന്ന പതിവു് നമ്പ്യാർ അന്നുതന്നെ തുടങ്ങിയിരുന്നു. വിഷ്ണുഗീതയിൽ 'ജയന്താലയേശ്വര'നെ (പാലിയത്തച്ഛനെ) വർണ്ണിച്ചിട്ടുള്ളതു് ഇതിനൊരു ദൃഷ്ടാന്തമാകുന്നു.

മററൊരു നായർ പറഞ്ഞു തുടങ്ങിനാ—
നററമില്ലെന്റെ പരാധീനമിന്നെടോ
വീടു നിറഞ്ഞു കടക്കാരർ വന്നിട്ടു
പാടു കിടക്കുന്നു രാപ്പകലൊക്കവേ
വീട്ടുവാനുള്ളൊരു മാർഗ്ഗവും കണ്ടില
വീടു വിററാലും കടം പോകയില്ലെടോ

എന്നിങ്ങനെ ഈ വിഷ്ണുഗീതയിൽ കാണുന്ന നായാട്ടുവർണ്ണന, പിന്നീടു തുള്ളലുകളിൽ പുഷ്ടിച്ചു ഫലിച്ചുകാണുന്ന ആ നിര

കുശത്വത്തിൻെറ അങ്കുരസ്ഥാനത്തെ വഹിക്കുന്നുണ്ടെന്നു സൂക്ഷിച്ചു നോക്കിയാൽ കാണാം.

## തുള്ളൽപ്രസ്ഥാനം

കുഞ്ചൻനമ്പ്യാർ വേറെയും ചില കൃതികളൊക്കെ എഴുതീട്ടുണ്ടെങ്കിലും, തുള്ളൽക്കഥകളോടു ബന്ധപ്പെട്ട നിലയിലാണു് അദ്ദേഹത്തിൻെറ നാമധേയം പ്രസിദ്ധമായിത്തീർന്നിട്ടുള്ളതു്. തുള്ളൽരീതിയുടെ ഉപജ്ഞാതാവുതന്നെ നമ്പ്യാരാണെന്നാണു് പരക്കെയുള്ള വിശ്വാസം. അതിലേക്കു് ഉപോദ്ബലകമായി ഒരൈതിഹ്യവും പറയപ്പെട്ടുപോരുന്നു. അമ്പലപ്പുഴ ക്ഷേത്രത്തിൽ കൂത്തുപറയുമ്പോൾ പതിവായി മിഴാവു കൊട്ടാറുണ്ടായിരുന്ന ഒരു നമ്പ്യാർക്കു് ഒരിക്കൽ ആശൌചം നിമിത്തം അതിനു തരമില്ലാതെ വന്നപ്പോൾ, പകരമായി ആ കൃത്യം നിർവ്വഹിക്കുന്നതിനു് കുഞ്ചൻനമ്പ്യാർ ക്ഷണിക്കപ്പെട്ടുവെന്നും, ചാക്യാരുടെ കഥാകഥനരീതിയിലുള്ള വിരസതനിമിത്തം ഉറക്കംതൂങ്ങിപ്പോയ നമ്പ്യാർക്കു് മിഴാവുകൊട്ടുന്നതിൽ അല്പം പിശകുപററിയതുകൊണ്ടു് ചാക്യാർ നമ്പ്യാരെ സദസ്സിൽവെച്ചുതന്നെ ക്രമത്തിലധികം ആക്ഷേപിച്ചുവെന്നും, അതിനു പകരംപോക്കുന്നതിനായി അന്നത്തെ രാത്രികൊണ്ടുണ്ടാക്കി പിറേറദിവസം ക്ഷേത്രത്തിൽ വെച്ചഭിനയിച്ചതാണു് 'കല്യാണസൌഗന്ധികം' തുള്ളലെന്നുമാണു് ആ ഐതിഹ്യം. ഈ കഥ, കേൾക്കാൻ രസമുള്ളതുതന്നെ. പക്ഷേ, സത്യത്തിൻെറ അംശം അതിൽ എത്രത്തോളം ഉണ്ടെന്നുള്ള കാര്യത്തിൽ മാത്രമേ സംശയമുള്ളു. "ദക്ഷൻ ആക്ഷേപിച്ചതുകൊണ്ടു് കോപിഷ്ഠനായ ശിവൻ ജട നിലത്തടിച്ചപ്പോൾ വീരഭദ്രൻ ചാടിവീണതുപോലെ, ചാക്യാരാൽ അധിക്ഷിപ്തനായ നമ്പ്യാർ പിറേറദിവസം അമ്പലപ്പുഴ കളിത്തട്ടിൽ കയറിനിന്നപ്പോൾ തുള്ളലിനു വേണ്ട സകല സാമഗ്രികളും വന്നുകൂടി എന്നു വാദിക്കുന്നതു്

ഭാഷയുടെ പൂർവ്വചരിത്രത്തെക്കുറിച്ചുള്ള ദയനീയമായ അജ്ഞതയെ പ്രദർശിപ്പിക്കുകയാകുന്നു" എന്നു് പി. കെ. നാരായണപിള്ള അവർകൾ പറയുന്നതിൽ വളരെ പരമാർത്ഥമുണ്ടു്. "തുള്ളലിനു വേണ്ട പലതരം വൃത്തങ്ങൾ എവിടെനിന്നുകിട്ടി? തുള്ളലിലെ കവിതാരീതി എവിടെനിന്നുണ്ടായി? ആ രീതി ജനങ്ങൾക്കു് ആദരണീയമായിത്തോന്നുവാൻ കാരണമെന്തു്?" ഇങ്ങനെയുള്ള പല ദുർഘടപ്രശ്നങ്ങൾക്കും തൃപ്തികരമായ സമാധാനം പറഞ്ഞാൽ മാത്രമേ ഐതിഹ്യവാദികൾക്കു രക്ഷയുള്ളു. അതു സാദ്ധ്യമാണോ?

ഒരു പുതിയ പ്രസ്ഥാനത്തിന്റെ ഉല്പത്തിക്കു് ആവശ്യമായ സകല പരിതഃസ്ഥിതികളും ഒത്തുവന്നപ്പോൾ തുള്ളലുണ്ടായി എന്നുള്ളതാണു് വാസ്തവം. അന്നു് ഭാഷാസാഹിത്യത്തിന്റെ സ്ഥിതി എന്തായിരുന്നു? നമ്പൂതിരിമാരുടെ കുറെ ചമ്പുക്കളും ഏതാനും ആട്ടക്കഥകളും എഴുത്തച്ഛന്റെ കിളിപ്പാട്ടുകളുമല്ലാതെ സാഹിത്യം എന്നു പറയാൻ അന്നു് വളരെയൊന്നും ഉണ്ടായിരുന്നില്ല. സാധാരണന്മാർക്കു് ദുരവഗാഹമായ ചമ്പൂപ്രസ്ഥാനം നമ്പ്യാരെ വളരെയൊന്നും ആകർഷിച്ചിരിക്കാൻ ഇടയില്ല. ആട്ടക്കാർക്കും കാഴ്ചക്കാർക്കും ഒരുപോലെ ജ്ഞാനമുണ്ടായാൽമാത്രം രസപ്രദമായിത്തീരുന്ന കഥകളി പൊതുജനങ്ങളുടെ സാഹിത്യമാണെന്നു കുഞ്ചൻനമ്പ്യാർക്കു് തോന്നിയില്ല. എഴുത്തച്ഛന്റെ വഴിക്കു തിരിഞ്ഞാൽ വിജയം സമ്പാദിക്കാൻ സാധിക്കയില്ലെന്നു് നമ്പ്യാർക്കു് അനുഭവംകൊണ്ടുതന്നെ മനസ്സിലായിക്കഴിയുകയും ചെയ്തിരുന്നു. ഈ നിലയിൽ, അന്നു പ്രചാരത്തിലിരുന്ന പ്രസിദ്ധപ്രസ്ഥാനങ്ങൾക്കുള്ള ദോഷങ്ങളെ കഴിയുന്നത്ര പരിഹരിക്കുന്നതും ഗുണങ്ങളെ ഒട്ടുമുക്കാലും പരിഗ്രഹിക്കുന്നതുമായ ഒരു പുതിയ പ്രസ്ഥാനം ആവിർഭവിക്കേണ്ട ആവശ്യം അപരിത്യാജ്യമായി വന്നുകൂടി. അതിനുവേണ്ടി കുഞ്ചൻനമ്പ്യാർ ചെയ്ത നിരന്തരപരിശ്രമത്തിന്റെ ഫലമാണു് തുള്ളൽ പ്രസ്ഥാനം.

ചാക്യാർകൂത്തുമായി വളരെക്കാലത്തെ പരിചയമുണ്ടായിരുന്ന നമ്പ്യാർക്കു്, ആ കഥാകഥനരീതി ജനങ്ങളെ ധാരാളമായി ആകർഷിക്കുന്നതു് നേരിട്ടുകണ്ടു മനസ്സിലാക്കാൻ സാധിച്ചിരുന്നു. ഫലിതമാണു് അതിനുള്ള കാരണമെന്നും വ്യക്തമായിരുന്നു. പക്ഷേ, സംഗീതവുമായുള്ള അകൽച്ച ആ പ്രസ്ഥാനത്തിനു് ഒരു വലിയ കുറവായിരുന്നു. വേഷവിധാനത്തിലും അതിനു പറയത്തക്ക മെച്ചമുണ്ടായിരുന്നില്ല. ഈ മൂന്നു ഘടകങ്ങളും യോജിപ്പിച്ചാൽ ജനസാമാന്യത്തെ കൂടുതൽ ആകർഷിക്കാൻ കഴിയുമെന്നു കുഞ്ചൻനമ്പ്യാർക്കു് തോന്നിയിരിക്കണം. അങ്ങനെ, ചാക്യാരുടെ ഫലിതപ്രധാനമായ കഥാകഥനരീതി, കിളിപ്പാട്ടു മുതലായ ഗാനരീതികളിലെ സംഗീതരസം, ആട്ടക്കഥയിലെ വേഷവിധാനവും നൃത്തവാദ്യങ്ങളും—ഇതെല്ലാം യഥോചിതം കൂട്ടിച്ചേർത്തുണ്ടാക്കിയതാണു് തുള്ളൽ. വളരെക്കാലമായി പുരാണകഥകളിൽ വിശ്വസിച്ചു കഴിയുന്ന യാഥാസ്ഥിതികന്മാരായ ജനങ്ങളെ പെട്ടെന്നു് ആ പന്ഥാവിൽനിന്നു അകററാൻ ശ്രമിച്ചാൽ, ഒരുപക്ഷേ അതു് വിപരീതഫലത്തെ ചെയ്തേക്കുമെന്നു സംശയമുണ്ടായതിനാലായിരിക്കാം, അക്കാര്യത്തിൽ മാത്രം നമ്പ്യാർ ഒരു തനിയാഥാസ്ഥിതികനായിത്തീൎന്നതു്. എന്നാൽ സന്ദർഭം കിട്ടുന്ന അവസരങ്ങളിലൊക്കെ ചുററും കാണുന്ന കാര്യങ്ങളെ തന്റെ കൃതികളിൽ പ്രതിഫലിപ്പിക്കാൻ അദ്ദേഹം മടിച്ചിരുന്നില്ലെന്നുള്ളതു് ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണു്. പുരാണകഥാകഥനവ്യാജേന തന്റെ ചുററും കാണുന്ന കാര്യങ്ങളേയും സംഭവങ്ങളേയും വളരെ തന്മയത്വത്തോടുകൂടി—ഏററവും ഹൃദയാകർഷകമായ രീതിയിൽ—ചിത്രീകരിക്കയാണു് വാസ്തവത്തിൽ കുഞ്ചൻ നമ്പ്യാർ ചെയ്തിട്ടുള്ളതു്.

തുള്ളലിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങൾ പരിശോധിച്ചാലും തത്സംബന്ധമായ ഉപജ്ഞാതൃത്വമല്ല, പരിഷ്ക്ക

ത്ത്വം മാത്രമാണു്, നമുക്കു നമ്പ്യാരിൽ കാണാൻ കഴിയുന്നതു്. എന്തുകൊണ്ടെന്നാൽ, അദ്ദേഹം തുള്ളലിൽ ഉപയോഗിച്ചിട്ടുള്ള മിക്ക വൃത്തങ്ങളും അതിനു മുൻപുതന്നെ ഭാഷയിലോ സംസ്കൃതത്തിലോ നടപ്പിലിരുന്നവയാകുന്നു. "മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടാമൊരു സൌരഭ്യം" എന്ന രീതിയിലുള്ള തരംഗിണീവൃത്തമാണു് തുള്ളലിൽ ഏറ്റവും പ്രധാനം. "വന്ദിച്ചേൻ ഗണനായകനാകിയ വാരനാർകോനൊടു വാണിയെ മനസാ" എന്ന നിരണംവൃത്തത്തിൽനിന്നു വളരെയൊന്നും ഭിന്നമല്ലാ ഈ വൃത്തമെന്നുള്ളതു് സ്പഷ്ടം. "വരുമിഹ സമ്പ്രതി ദുര്യോധനനും പരമസഖൻ മമ പാർത്ഥൻതാനും" എന്നു 'പതിനാലുവൃത്ത'ത്തിൽ കാണുന്ന വൃത്തവും ഇതുതന്നെയാണല്ലോ. "കണ്ണനന്ദം ചേരുംവണ്ണം പണ്ണാമോദിതവാക്കുകൾ കേട്ടു്............ ജനനീനിലയേ ചെന്നുതദാനീം ജനനിയൊടൊക്കെച്ചൊന്നറിയിച്ചാർ" (ഭാഷാനൈഷധചമ്പു) എന്നിങ്ങനെ 'ചമ്പൂകാരന്മാരുടെ ഗദ്യ'ങ്ങളിലും ഈ വൃത്തം കാണുന്നുണ്ടു്. "നാലഞ്ചു ഭർത്താവൊരുത്തിക്കു താനതു നാലുജാതിക്കും വിധിച്ചതല്ലോർക്കണം" എന്ന ശീതങ്കൻ വൃത്തമാകട്ടെ, "താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താനനുഭവിച്ചീടുകെന്നേ വരൂ" എന്ന അയോദ്ധ്യാകാണ്ഡത്തിലെ കാകളീവൃത്തം തന്നെ. "കായാമ്പൂമലർക്കുള്ളിലായാസം വിളക്കുന്ന" എന്ന വൃത്തം എഴുത്തച്ഛന്റെ കേകാവൃത്തത്തെ നടുവേ മുറിച്ചു രണ്ടാക്കിയതാകുന്നു. "ഭഞ്ജിതധൃതി ചൂതപുഷ്പധനുസ്സെടുത്തൊരു വീരനാം" എന്ന സംസ്കൃതത്തിലെ മല്ലികാവൃത്തം തന്നെയാണു് "ചന്ദ്രബിംബമെടുത്തുനിക്കൊരു ചാണയാക്കിയരയ്ക്കണം" എന്നിങ്ങനെ നമ്പ്യാർ തുള്ളലിൽ ഉപയോഗിക്കുന്നതു്. "ചെമ്പകകമലായതലോചനനഞ്ചിതമഞ്ജുളശീലൻ" എന്ന 'പതിനാലുവൃത്ത'ത്തിലെ വൃത്തത്തിനും "ഉദ്ധതമതി നരപതിതന്നുടെ വാക്കുകളിങ്ങനെ കേട്ടു" എന്ന കല്യാ

ണസൌഗന്ധികത്തിലെ വൃത്തത്തിനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. "ഹരിഹരസുതനയ്യൻ തിരുവടിയടിയൻെറ" എന്ന രീതിയിലുള്ള ഒരു വൃത്തം നമ്പ്യർ പറയനിലും ശീതങ്കനിലും പ്രയോഗിക്കുന്നുണ്ടു്. ഇതു് അമ്പലപ്പുഴ വേലകളിയുടെ താളരീതിയിലുള്ളതാണെന്നാണറിയുന്നതു്. ഈ രീതിയെ അനുകരിച്ചു് "വെള്ളത്തേരിൽ പടകേറി മുണ്ടകീറി തുണികീറി" എന്നും മററും കുട്ടികൾ അവിടെ കളിയായി പാടാറുണ്ടത്രെ.

ഇവിടെ ഒരു സംഗതികൂടി സ്മരണീയമായിട്ടുണ്ടു്. നമ്പ്യാരുടെ കാലത്തിനു മുൻപുതന്നെ ഒരുതരം തുള്ളൽരീതി തകഴി ശാസ്താംക്ഷേത്രത്തിൽ നിലവിലിരുന്നിരുന്നു. "അവിടെ 'പടയണി' എന്ന അടിയന്തിരത്തിൽ ഓരോ വേഷക്കാർ പുറപ്പെടുമ്പോൾ ചൊല്ലുവാനായി ആദ്യം ഉദ്ദേശിച്ചിരുന്ന തുള്ളൽപ്പാട്ടുകൾ കാലക്രമേണ മലയാളത്തിലെ മുഖ്യവിനോദമായിത്തീരുകയാണുണ്ടായതു്. പന്ത്രണ്ടു ദിവസം നില്ക്കുന്ന ഈ അടിയന്തിരക്കാലത്തുണ്ടാകുന്ന കളികളിൽ പറയൻ, ശീതങ്കൻ, ചോവൻ, പരദേശി എന്നിങ്ങനെ പലവേഷങ്ങളും പുറപ്പെടുന്നു. ശീതങ്കൻെറ കുരുത്തോലയും ഗാനരീതിയും അതിലും കാണുന്നുണ്ടു്. ശീതങ്കൻതുള്ളൽ, പറയൻതുള്ളൽ എന്നൊക്കെയാണു് അതിനും പറയുക. ഈ 'പടേണി'ക്കു തുള്ളുവാൻവേണ്ടി ഉണ്ടാക്കിക്കൊടുത്ത പാട്ടുകളാണു് പിന്നീടു തുള്ളലായി രൂപാന്തരപ്പെട്ടതു്.

ഭടജനങ്ങടെയിടയിലുള്ളോരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതംവരൂ.

എന്നു നമ്പ്യാർ സഭാപ്രവേശം തുള്ളലിൽ പറഞ്ഞിരിക്കുന്നതു് ഈ പടയണി അടിയന്തിരത്തെക്കുറിച്ചാണെന്നുള്ളതു നിസ്സംശയമാണു്" എന്നു് മി: വി. എം. കുട്ടികൃഷ്ണമേനോൻ ബി. എ., ഒരിടത്തു പ്രസ്താവിച്ചിട്ടുണ്ടു്. നമ്പ്യാരുടെ കാല

ത്തിനു മുൻപുണ്ടായ "കൃഷ്ണാർജ്ജുനവിജയം പറക്കുത്തു്" എന്നു ഒരു കൃതി തന്റെ കൈവശം വന്നു ചേൎന്നിട്ടുണ്ടെന്നും, നമ്പ്യാർ പറയൻതുള്ളലിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങൾ തന്നെയാണു് അതിലും കാണുന്നതെന്നും മഹാകവി ഉള്ളൂർ പറയുന്നു; എന്നു മാത്രമല്ല, കൊ: വ: 919-ലെ (തിരുവനന്തപുരം) മതിലകത്തെ അല്പശി ഉത്സവത്തിനു്, മാത്തൂപ്പണിക്കർ തന്റെ ശിഷ്യനായ ഇട്ടിക്കോതപ്പണിക്കരോടുകൂടി തുള്ളൽ കളിപ്പിക്കുവാൻ ചെന്നിരുന്നതായി കൊട്ടാരത്തിലെ കണക്കുകൊണ്ടു കാണുന്നുവെന്നും, അതിനടുത്തകാലത്തു് അതുകൂടാതെയും പല തുള്ളൽയോഗക്കാരും അവിടെ ചെന്നിരുന്നുവെന്നുംകൂടി അദ്ദേഹം എഴുതുന്നു. 918-ൽ, അതേ ഉത്സവത്തിനു്, "ശൂരനാട്ടു പൂവാണക്കുറുപ്പിനേയും അമ്പലപ്പുഴ തകഴിയിൽ കുഞ്ഞുനാരായണക്കുറുപ്പിനേയും തുള്ളലിനു ചാൎത്തി"യതായി തിരുവനന്തപുരം ഈട്ടുവെയ്പിലെ ഒരു ഗ്രന്ഥവരിയിൽ കാണുന്നുണ്ടെന്നു് ശ്രീവരാഹം ഇ. വി. പിള്ള അവർകളും പറയുന്നു. കുഞ്ചൻനമ്പ്യാരുടെ കാലത്തിനു മുൻപുതന്നെ തുള്ളൽരീതി നടപ്പിലിരുന്നിരുന്നുവെന്നും അദ്ദേഹം അതിനെ പരിഷ്കരിച്ചു പ്രചരിപ്പിക്കമാത്രമേ ചെയ്തിട്ടുള്ളു എന്നുമാണല്ലോ ഇതിൽനിന്നൊക്കെ തെളിയുന്നതു്.

## കവിതയ്ക്കുള്ള പ്രത്യേകത

ലളിതമായ ഭാഷ, നിർദ്ദോഷമായ ഫലിതം, മൎമ്മവേധിയായ പരിഹാസം, പരിതഃസ്ഥിതികളുടെ പ്രതിഫലനം, സരസമായ വൎണ്ണനം, ലളിതങ്ങളായ ലോകോക്തികൾ എന്നിവയാണു് നമ്പ്യാരുടെ കവിതയ്ക്കുള്ള പ്രത്യേകതകൾ.

കാവ്യനാടകാലങ്കാരങ്ങൾ മാത്രമല്ല, വ്യാകരണത്തിലെ ഉപരിഗ്രന്ഥങ്ങൾകൂടി നമ്പ്യാർ വായിച്ചിരുന്നുവെന്നു ധ്രുവചരിതം തുള്ളലിൽനിന്നു തെളിയുന്നുണ്ടു്. അതു് ഒരു വെറും പ്രസ്താവനയല്ലെന്നുള്ളതിനു് 'ഉരുട്ടുള്ളേടത്തങ്ങു് ലൃ

ക്കില്ല' എന്നും, 'ജസ്സ ടിസ്സ തസ്സ ഫസ്സ' എന്നും മററും തുള്ളലുകളിൽ അങ്ങുമിങ്ങും കാണുന്ന പ്രയോഗങ്ങൾ ഒരു നല്ല തെളിവാകുന്നു. വ്യാകരണത്തിൽ പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിച്ചവക്കല്ലാതെ ഇതു് ഒരിക്കലും സാദ്ധ്യമല്ല. സംസ്കൃതത്തിൽ ഇത്രമാത്രം പണ്ഡിതനായിരുന്ന നമ്പ്യാർ തുള്ളലുകളിലെ ഭാഷ അത്രമാത്രം ലളിതമാക്കിയതു് കരുതിക്കൂട്ടിത്തന്നെയായിരിക്കണം. എഴുത്തച്ഛൻെറയും നമ്പ്യാരുടേയും കൃതികൾ ഒന്നിച്ചു വായിച്ചുനോക്കിയാൽ മാത്രമേ, നമ്പ്യാർ ഇക്കായ്യത്തിൽ കാണിച്ച ഔചിത്യം വേണ്ടപോലെ വെളിപ്പെടുകയുള്ളു. 'ഭടജനങ്ങടെ പടയണിക്കു്' കേരളഭാഷയായാലേ യോജിക്കയുള്ളു എന്നു നമ്പ്യാർതന്നെ ഒരിടത്തു പറഞ്ഞിട്ടുള്ള വരികൾ മുകളിൽ ഉദ്ധരിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ടു തൃപ്തിവരാഞ്ഞിട്ടെന്നപോലെ,

ഭാഷയായ് പറയാനുമടിയനു സംസ്കൃതത്തിലുമൊന്നു
ദോഷഹീനപടുത്വമല്ലമുദിപ്പതുണ്ടിവിടിന്നതിൽ [പോൽ
ശേഷിയില്ല ഭടജ്ജനങ്ങൾ ധരിച്ചിടാ കടുസംസ്കൃതം
ഭാഷയായ് പറയാമതിൽ ചില ദൂഷണം വരുമെങ്കിലും

എന്നു് "കീചകവധ"ത്തിൽ അദ്ദേഹം വീണ്ടും പ്രസ്താവിക്കുന്നു. ഇങ്ങനെ പാമരന്മാക്കുപോലും സുഗ്രഹമാകത്തക്കവിധം ലളിതമായ ഭാഷ പ്രയോഗിച്ചതുകൊണ്ടുതന്നെയാണു് നമ്പ്യാർ 'പൊതുജനങ്ങളുടെ കവി'യായിത്തീന്നതു്.

നമ്പ്യാരുടെ ഫലിതപ്രയോഗപാടവം സുപ്രസിദ്ധമാണു്. ദീപസ്തംഭത്തെ വണ്ണിച്ചു് ഓരോ ശ്ലോകമുണ്ടാക്കാൻ അടുത്തുനിന്നിരുന്ന കവികളോടു മഹാരാജാവു കല്പിച്ചതനുസരിച്ചു് പലരും ദീപസ്തംഭവണ്ണനപരമായി വലിയ വലിയ ശ്ലോകങ്ങൾ ഉണ്ടാക്കിയതു കണ്ടു് കുഞ്ചൻ അവരെ പരിഹസിക്കാനായി,

ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം
ഇത്യർത്ഥ ഏഷാം ശ്ലോകാനാമല്ലാതൊന്നും ന വിദ്യതേ

എന്ന ഒരു ചെറിയ ശ്ലോകം ഉണ്ടാക്കിച്ചൊല്ലി മഹാരാജാവിനെപ്പോലും ചിരിപ്പിച്ചതും, 'പാൽപ്പായസം കയ്ക്കുന്നു'വെന്നു തമ്പുരാനെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി മനസ്സാക്ഷിക്കു വിരോധമായി മൊഴികൊടുത്ത നമ്പൂരിമാരെ 'അടിയനു് ഈ കയ്പ്പു് വളരെ ഇഷ്ടമാണു്' എന്നുപറഞ്ഞു് നമ്പ്യാർ ഇളിഭ്യരാക്കിയതും മററും ഇതിലേക്കു നല്ല തെളിവുകളാകുന്നു. തുള്ളൽകൃതികളെ അത്രമാത്രം ആകർഷകങ്ങളാക്കിത്തീർത്തിട്ടുള്ളതുതന്നെ അവയിലെ ഫലിതപ്രയോഗങ്ങളാണെന്നു തീർത്തുപറയാം.

കണ്ണൻവാഴകണക്കെ തടിച്ചൊരു
പൊണ്ണൻ മാരുതി മലയുടെ മുട്ടിൽ
കണ്ണുമയങ്ങി വിശന്നു തളർന്നൊരു
മണ്ണിൽ മലർന്നുകിടന്നുഴലുന്നതു

കണ്ടു സന്തോഷിക്കാനാണത്രെ ദുര്യോധനൻ കാട്ടിലേക്കു 'ഘോഷയാത്ര' പുറപ്പെട്ടതു്. അവിടെച്ചെന്നെത്തിയപ്പോൾ ഓർത്തിരിക്കാതെ ചിത്രസേനനുമായി യുദ്ധത്തിൽ ഏർപ്പെടേണ്ടിവന്നു. പരാജയമായിരുന്നു ഫലം. തോററോടുന്ന ദുര്യോധനസൈന്യത്തിന്റെ ചിത്രീകരണം ആരേയും ചിരിപ്പിക്കുന്നതാണു്.

"മലയുടെ മുകളിൽച്ചെന്നു കിടന്നാർ
ചിലരന്നേരം പ്രാണഭയത്താൽ,
വലിയൊരു പുലി വന്നടിയും കൂട്ടി-
ത്തലയുംകൊണ്ടു തിരിച്ചാനപ്പോൾ;
കലയും മാനും വരുമൊരു മാർഗ്ഗേ
വലയും കെട്ടിക്കാട്ടാളന്മാർ

മലയിലൊളിച്ചിഹ പാൎക്കുന്നേരം
വലയിൽച്ചെന്നു വലഞ്ഞാനൊരുവൻ;
വലയിളകുന്നതു കണ്ടൊരു വേടൻ
കലയെന്നോൎത്തൊരു ബാണമയച്ചാൻ;
തലയിൽക്കൊണ്ടു തറച്ചതുകൊണ്ടാ
മലയൻ വന്നിഹ നോക്കുന്നേരം
കലയല്ലിവനിഹ വലിയൊരു തടിയൻ
മലയാളത്തിലെ മാനുഷനൊരുവൻ.
*　　　*　　　*　　　*
*　　　*　　　*　　　*
മദ്ദളമരയിലുറപ്പിച്ചീടിന
വിദ്വാനോട്ടുക പാരം ദണ്ഡം
മദ്ദളമൊരുദിശി കാട്ടിലെറിഞ്ഞി-
ട്ടുട്ടിക്കീന്നഥ ധാവതി ചെയ്തു.
ഒരുഭാഗത്തെത്തോലു പിളൎന്നി-
ട്ടൊരുവൻ ചെണ്ടയ്ക്കകമേ പുക്കാൻ;
പെരുവഴിതന്നിലുരുണ്ടു തിരിച്ചാൻ
പെരുതായീടിന ചെണ്ടക്കാരൻ."

'കായം കിട്ടുകിലതു ബഹുലാഭം' എന്നു കരുതി പ്രാണരക്ഷാൎത്ഥം ഓടിപ്പോയ സൈന്യത്തിൻെറ ഈവക പരിഭ്രമങ്ങൾ ഇത്ര സരസമായി വൎണ്ണിക്കാൻ നമ്പ്യാൎക്കല്ലാതെ സാധിക്കുമെന്നു തോന്നുന്നില്ല.

പട കേറിയ കോലാഹലത്തിനിടയിൽ,

കണ്ടച്ചാരുടെ മുണ്ടും പോയി
ചെണ്ടക്കാരുടെ ചെണ്ടകൾ പോയീ
ചക്കിപ്പെണ്ണിനു ചരടും മിന്നുമ-
ലക്കിയ തോരൻമുണ്ടും പോയീ
നീലിപ്പെണ്ണിനു താലികൾ പോയീ

എന്നും മററും വർണ്ണിക്കാനാണ് നമ്പ്യാർക്ക് തിടുക്കം. ധ്രുവൻ പഞ്ചപ്രാണങ്ങളടക്കി തദേകതാനനായി തപസ്സുതുടങ്ങിയ അവസരത്തിൽ, ശ്വാസരോധം നിമിത്തം ലോകത്തിനുണ്ടായ വിഷമാവസ്ഥയെ ഫലിതം നിറഞ്ഞ രീതിയിലാണ് നമ്പ്യാർ വർണ്ണിച്ചിട്ടുള്ളതു്.

"മാരുതസഞ്ചാരമെല്ലാമടങ്ങുക
കാരണം ദാരുണമായ ദശാന്തരേ
കൊത്തിച്ചമച്ച മരപ്പാവകൾപോലെ
മർത്ത്യജനങ്ങൾക്കിളക്കമില്ലാതെയായ്.
ഉണ്ടിരിക്കുന്നവൻ വായും തുറന്നങ്ങു
മിണ്ടാതിരുന്നാനുരുളയും കൈക്കൊണ്ടു്;
കണ്ടിരിക്കുന്നവൻ കണ്ണും തുറന്നങ്ങു
തണ്ടികപ്പാവയെപ്പോലിരുന്നീടുന്നു;
മുണ്ടുടുക്കുന്നവൻ രണ്ടു കരംകൊണ്ടു
മുണ്ടും ചൊറിഞ്ഞു പിടിച്ചു നിന്നീടുന്നു;
കഞ്ഞി കോരിക്കുടിപ്പാൻ തുടങ്ങുന്നവൻ
മുഞ്ഞിയും താഴ്ത്തീട്ടനങ്ങാതിരിക്കുന്നു;
പാട്ടു പാടുന്നവൻ കയ്യും ചെവിക്കൽ വെ-
ച്ചോട്ടു വായും പിളർന്നങ്ങനേ നില്ക്കുന്നു."

ഇതാണ് ആ ഭാഗം, ഇതു വായിച്ചാൽ ആരാണ് ചിരിക്കാതെയിരിക്കുക?

സ്വയംവരത്തിനു ചെന്നുകൂടിയ ഒരു കാമകിങ്കരൻ തന്റെ സാമർത്ഥ്യം കാണിക്കുന്നതിനായി മുമ്പിലിരിക്കുന്ന ആളുടെ തലയെ ചെണ്ടയാക്കി '28 കലാശ'വും കൊട്ടിക്കലാശിപ്പിച്ചുപോലും! ത്രിപുരന്മാരുടെ പടയിളക്കത്തിൽ പത്തുനൂറസുരന്മാർ തന്റെ വീട്ടു കുത്തിത്തകർത്തപ്പോൾ "ഉത്തരത്തിൻമുകളേറിപ്പാർത്തുപോലും കുന്തുരാമൻ, കൊത്തിവച്ച പാവയെന്നങ്ങോർത്തുപോയാരസുരന്മാർ" എന്നാണ്,

നായന്മാരുടെ ഭീരുത്വത്തെക്കൂടി സൂചിപ്പിച്ചുകൊണ്ടു് നമ്പ്യാർ വർണ്ണിച്ചിരിക്കുന്നതു്. ശത്രുക്കളെപ്പേടിച്ചു് ഉത്തരത്തിന്മേലേറി കൊത്തിവെച്ച പാവപോലെ അനങ്ങാതെയിരിക്കുന്ന 'കുഞ്ഞുരാമ'ന്റെ രൂപം ആരെയാണു് ചിരിപ്പിക്കാത്തതു്? നമ്പ്യാരുടെ ഫലിതപ്രയോഗത്തിനു് ഇങ്ങനെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയും.

നമ്പ്യാരുടെ കവിതകളിൽ കാണുന്ന മറെറാരു പ്രത്യേകത മർമ്മസ്പൃക്കായ പരിഹാസമാകുന്നു.

സമുദായാംഗങ്ങളുടെ ഇടയിൽ കാണുന്ന ചാപല്യങ്ങളേയും കുചേഷ്ടിതങ്ങളേയും പരിഹസിച്ചു്, തദ്വാരാ അവയെ പരിഹരിച്ചു്, സമുദായ ശരീരത്തെ അരോഗദൃഢമാക്കിത്തീർക്കുന്നതിനുവേണ്ടിയാണു് നമ്പ്യാർ പരിഹാസം പ്രയോഗിച്ചിട്ടുള്ളതു്, ധനതൃഷ്ണ, അഹങ്കാരപ്രമത്തത, അസൂയ, കാപട്യം, അവസരസേവാശീലം മുതലായ ദുർഗ്ഗുണങ്ങളെ നമ്പ്യാർ ആക്ഷേപിച്ചിട്ടുള്ളതിനു കണക്കില്ല. ഏതു കഥയിലും നമ്പ്യാർ പരിഹാസത്തിനു സന്ദർഭമുണ്ടാക്കും. ഈ സമ്പ്രദായം ചാക്യാരിൽനിന്നായിരിക്കാം അദ്ദേഹം പഠിച്ചതു്. എന്നാൽ തിരിയിൽനിന്നു കൊളുത്തിയ പന്തം പോലെ നമ്പ്യാരിലെത്തിയപ്പോൾ അതു വളരെ വികസിച്ചുവെന്നു സമ്മതിക്കണം.

കരുണയില്ലാത്ത ഭരണാധികാരികൾ, ഏഷണിക്കാരായ രാജസേവകന്മാർ, കൈക്കൂലിക്കാരും കാമകിങ്കരന്മാരുമായ ഉദ്യോഗസ്ഥന്മാർ, ബഹുഭാര്യത്വം ഒരന്തസ്സാണെന്നു് കരുതിയിരുന്ന പ്രഭുക്കന്മാർ, ഭാര്യമാർക്കു് ദാസ്യപ്രവൃത്തിചെയ്യുന്ന ഭോഷന്മാർ, ഭർത്താക്കന്മാരെ കുരങ്ങുകളിപ്പിക്കുന്ന ഭാര്യമാർ, കള്ളിനും കറുപ്പിനും വേണ്ടി തോക്കും തൂമ്പയും പണയംവെ

ച്ചുന്ന നായന്മാർ, കള്ളുകുടിച്ചു തൊള്ളതുറക്കുന്ന ഭടജനങ്ങൾ മുതലായവരെല്ലാം നമ്പ്യാരുടെ പരിഹാസശരങ്ങൾക്കു ലക്ഷ്യമായിട്ടുണ്ട്.

കുററവും കുറവുകളും പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് നമ്പ്യാർ അവയെ ചൂണ്ടിക്കാണിച്ചു പരിഹസിച്ചിരുന്നതു്. ഈ വിഷയത്തിൽ ആ പരിഹാസപ്രിയൻ സമുദായഭേദത്തെ വകവെച്ചിരുന്നില്ല.

കിട്ടിയതൊന്നും മതിയാവില്ലാ
പട്ടന്മാർക്കു ബോധിക്കേണം.
പിശകിപ്പിശകി വിളമ്പിച്ചങ്ങനെ
ചിങ്ങൻപഴവും തൈരും കൂട്ടി-
ച്ചുള്ളപിള്ളയാക്കിശ്ലേഷിപ്പിച്ചു
വെളുവെളെ വാരി വിതച്ചു തിരിച്ചും,
പപ്പടവും പഴവും പഞ്ചാരയു-
മപ്പോൾത്തന്നൊരു മുണ്ടിൽ കെട്ടിയി-
ടത്തെക്കയ്യിലെടുത്തുംകൊണ്ടു പു-
റത്തേയ്ക്കങ്ങു പുറപ്പെട്ടടനേ
വെററില പുകയില കൊൾവാനായതു
വിററവ പിരിച്ചു തിരിച്ചു നടക്കും.

എന്നും,

പട്ടന്മാരോടു വസ്ത്രമെടുത്താൽ
പൊട്ടന്മാരിഹ തോല്ക്കയുള്ളൂ.
എട്ടു പണം വിലയുള്ളതിനവർ പതി-
നെട്ടു പണം വിലവെച്ചുകൊടുക്കും;
അവരോടു ചെന്നു കടം കൊണ്ടെങ്കിൽ
ഭവനം കൂടെ നശിക്കാറാകും;
പത്തിനു കാലു കൊടുക്കണമപ്പോൾ
പത്തിനു രണ്ടര പലിശയുമായി;

വീട്ടുവതിന്നു തരംകൂടാഞ്ഞാൽ
വീട്ടിൽ കേറിപ്പാട്ടുകിടക്കും

എന്നും,

മൂത്തുവിപ്രൻ പണമെന്നോർക്കുമ്പോൾ
പുത്തുവിപ്രൻ താനെന്നൊരു ഭാവം
കാശീക്കപ്പുറമെങ്കിലുമിന്നൊരു
കാശിനു വകയുണ്ടെന്നാൽ മണ്ടും.
എഴുപത്തെട്ടു വയസ്സു തികഞ്ഞൊരു
കിഴവബ്രാഹ്മണനിത പോകുന്നു
കൊട്ടുവെയിൽ തട്ടിച്ചുണ്ട കുഷണ്ഡിയി-
ലൊരുപിടി നെല്ലാൽ മലരു പൊരിക്കാം.

എന്നും മററും, ബ്രാഹ്മണരുടെ അഷ്ടിപ്രിയതയേയും പണക്കൊതിയേയും കളിയാക്കുന്ന കവിതനൊയാണ്,

നായന്മാരെക്കൊണ്ടൊരു ഫലമി-
ല്ലായുധമുള്ളവർതന്നെ ചുരുക്കം
കള്ളുകുടിപ്പാനല്ലാതൊന്നിനു
കൊള്ളരുതാത്ത ജളന്മാരേററം.
തടിയന്മാരിവർ വീട്ടിലശേഷം
കുടിയന്മാർ ചിലരൊടിയന്മാരും
കുടിയന്മാരിവരെന്തിനു കൊള്ളാം?

എന്നും,

തള്ളമാരെപ്പോററിക്കത്തുള്ള കള്ളക്കശ്മലന്റെ
ള്ളുകണ്ടാലൊന്നുരണ്ടു തൊഴിപ്പാനാരുമില്ലല്ലോ.
കള്ളുതെണ്ടി നടപ്പാനേ കാലമുള്ളൂ തന്റെ കയ്യി-
ലുള്ളതെല്ലാം വകയാക്കിമെക്കെകുടഞ്ഞു പുറപ്പെട്ടു

എന്നും,

നായന്മാരിവരെന്തറിയാഞ്ഞു?
കള്ളന്മാരിവർ മുക്കോളും ബത

കള്ളുകുടിച്ചു മദിച്ചു മയങ്ങി-
ത്തൊള്ളതുറന്നു മലന്നു കിടന്നട-
നല്ലൊരു കാലമുറങ്ങുവതിന്നോ?

എന്നും മററും നായന്മാരെയും കണക്കററു പരിഹസിക്കുന്നതു്. നാട്ടുവാഴികളുടെ വങ്കത്തരങ്ങളെ തുറന്നു പറയുന്നതിനുപോലും നമ്പ്യാർ മടിച്ചിട്ടില്ല. അതിനും ധാരാളം ഉദാഹരണങ്ങൾ തുള്ളലുകളിലുണ്ടു്.

സമുദായത്തിന്റെ ആണിക്കല്ല് സ്ത്രീകളായതുകൊണ്ടായിരിക്കാം, അവരെസ്സംബന്ധിച്ചു നമ്പ്യാർ കൂടുതൽ ശ്രദ്ധ ചെലുത്തിയതു്. ബഹുഭാര്യത്വത്തെയും ബഹുഭർത്തൃത്വത്തെയും നമ്പ്യാർ ഒരുപോലെ വെറുത്തിരുന്നു എന്നു് തുള്ളലുകളിൽനിന്നു തെളിയുന്നുണ്ടു്.

നാലഞ്ചു ഭർത്താവൊരുത്തിക്കു താനതു
നാലുജാതിക്കും വിധിച്ചതല്ലോർക്കണം;
നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവീ
വാലുള്ള വാനരന്മാർക്കും ചിതം വരാ

എന്നുപറയുന്ന കവിതന്നെയാണു്,

രണ്ടു കളത്രത്തെയുണ്ടാക്കിവെക്കുന്ന
തണ്ടുതപ്പിക്കു സുഖമില്ലൊരിക്കലും

എന്നു് അധിക്ഷേപിക്കുന്നതും. ജ്യേഷ്ഠാനുജന്മാർ കൂടി ഒരുത്തിയെ ഭാര്യയാക്കിവെച്ചുകൊണ്ടിരിക്കുന്ന സമ്പ്രദായം മൃഗങ്ങൾപോലും വെറുക്കുന്ന ഒന്നാണെന്നുള്ള വാഗസ്ത്രം, അന്നു ബഹുഭർത്തൃത്വം ആചരിച്ചിരുന്ന വല്ലക്കൂട്ടരേയും ഉദ്ദേശിച്ചു പ്രയോഗിച്ചതായിരിക്കണം. *

---

*ചിലരുടെ ഇടയിൽ വളരെ അപൂർവമായിട്ടാണെങ്കിലും ഈ സമ്പ്രദായം ഇന്നും നടപ്പിലുണ്ടത്രെ.

ഭാൎയ്യമാരുടെനേരെ എപ്പോഴും ദുർമ്മുഖം കാട്ടുന്ന ഭർത്താക്കന്മാരെപ്പററി,

കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ളോരു
കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം;
എടുത്തെന്നാലതും കുററം എടുക്കാഞ്ഞാലതും കുററം
കൊടുത്തെന്നാലതും കുററം കൊടുക്കാഞ്ഞാലതും കുററം.

എന്നിങ്ങിനെയാണ് ശീലാവതിചരിതത്തിൽ നമ്പ്യാർ വൎണ്ണിക്കുന്നതു്. അതുപോലെതന്നെ,

ആച്ചിക്കു ദാസ്യപ്രവൃത്തി ചെയ്യുന്നവൻ
കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടണം

എന്നു വൎണ്ണിക്കാനും നമ്പ്യാർ മടിച്ചിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ, സമുദായത്തിന്റെ സുസ്ഥിതിയായിരുന്നു നമ്പ്യാരുടെ പരിഹാസത്തിന്റെ പരമലക്ഷ്യം.

ചുററുപാടുകളെ കവിതയിൽ പ്രതിഫലിപ്പിക്കുന്നതിനു നമ്പ്യാരോളം സന്നദ്ധത കാണിച്ചിട്ടുള്ള കവികൾ നമ്മുടെ ഇടയിൽ അധികംപേരില്ല. അയോദ്ധ്യയിലും അളകാപുരിയിലും, ലങ്കയിലും ദ്വാരകയിലും, എന്നുവേണ്ട സ്വൎഗ്ഗത്തിലും പാതാളത്തിലും, എല്ലാം കേരളീയർതന്നെ. കേളച്ചാരും കാളിപ്പെണ്ണും, കേളനും കോന്തനും, ഇച്ചിരിയും ഇട്ടുണ്ണൂലിയും, പട്ടരും പണിക്കരച്ചനും, അവിടങ്ങളിലൊക്കെ ചെന്നു ചേൎന്നിട്ടുണ്ടു്. അവിടത്തെ രാജാക്കന്മാരുടെ വേഷഭൂഷാദികളും ആചാരങ്ങളും കേരളത്തിൽ കാണുന്നതുതന്നെ. ദ്വാരകാപുരിയിൽ സൈന്യശേഖരം നടത്തുമ്പോൾ 'നാട്ടിലിരിക്കും നായന്മാരെ'ക്കൂടാതെ,

പട്ടാണികൾ പല കുന്തക്കാരും
കോട്ടപ്പടിയിൽ കാവല്ക്കാരും

കാട്ടാളന്മാർ മുക്കോപ്പുരിഷകൾ
കൊട്ടക്കാരന്മാരും പലവക
നസ്രാണികളും ജോനകർ പത്തു സ-
ഹസ്രാധികമിഹ വന്നീടേണം

എന്നാണു് 'സർവ്വസേനാധിപ'നായ നീലാംബരൻ പ്രഖ്യാപനം ചെയ്യുന്നതു്. ദുര്യോധനൻ സേനകൾക്കു സദ്യനല്കിയതിനുള്ള വിഭവങ്ങൾ എരിശ്ശേരിയും പുളിശ്ശേരിയും ഓലനും കാളനും ചക്കപ്രഥമനും പാല്പായസവും മററും ആയിരുന്നത്രേ. ചിലക്കു "കടൽവാഴയ്ക്കാക്കറി"യും ഉണ്ടായിരുന്നു പോലും! ഹംസം കുണ്ഡിനത്തിലേക്കു പറന്നുപോകുന്നവഴിക്കു കണ്ട കാഴ്ചകളെ വർണ്ണിക്കുമ്പോൾ "വീടുകളിൽ ചില നായന്മാരുടെ മൂഢതകൊണ്ടൊരു ഘോഷം കണ്ടു്"—"അച്ചികളോടു കലമ്പിച്ചിലർ കലമെച്ചിലിലിട്ടു തകർക്കണകണ്ടു" എന്നും മററും പറയാൻ നമ്പ്യാർക്കു് ഒരു മടിയുമില്ല.

അമ്പലമൊക്കെത്തീണ്ടിത്തൊട്ടും
നമ്പൂരാരുടെ ഭവനം ചുട്ടും
എമ്പ്രാന്തിരിയെത്താഡിച്ചും പുന-
രമ്പലവാസികളെക്കൊലചെയ്തും

മററുമാണു് രാവണസൈന്യം മാഹിഷ്മതിയെ ആക്രമിക്കാൻ പോകുന്നതു്. നമ്പ്യാരുടെ 'രുഗ്മിണീസ്വയംവരം' വായിച്ചാൽ, അതു് അമ്പലപ്പുഴയോ തിരുവനന്തപുരത്തോ നടക്കുന്ന തൃത്താലിചാർത്താണെന്നേ നമുക്കു തോന്നുകയുള്ളു. തന്റെ ചുററുപാടുകളെ വിസ്മരിച്ചു് കവിതയെഴുതാൻ കുഞ്ചൻനമ്പ്യാർക്കു് കഴിഞ്ഞിരുന്നില്ലെന്നാണല്ലോ ഇതിൽനിന്നൊക്കെ തെളിയുന്നതു്.

സൂക്ഷ്മസ്വഭാവം വർണ്ണിച്ചു് വർണ്ണ്യവിഷയത്തിനു തന്മയത്വം വരുത്തുക എന്നതാണു് നമ്പ്യാർക്കുള്ള മറെറാരു പ്രത്യേ

കത. പ്രകൃതിയിലെ കാഴ്ചകൾ, ജന്തുക്കളുടെ ആകൃതിയും പ്രത്യേക സ്വഭാവവും, എന്നിവ വർണ്ണിക്കുന്നതിൽ നമ്പ്യാർക്ക് ഒരു പ്രത്യേക പാടവംതന്നെയുണ്ടായിരുന്നു.

പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും
ഉച്ചത്തിലിങ്ങനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ചു ദിക്കെന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നില്ക്കുന്ന വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ

എന്ന കദളീവനവർണ്ണനം ഒരു ഒന്നാംതരം തൂലികാചിത്രം തന്നെയായിട്ടുണ്ടെന്നു പറയാം.

ചെമ്പിച്ച താടിയും മീശയും കേശവും
വമ്പിച്ച കൈകളിൽ വില്ലും ശരങ്ങളും
ചെമ്പരത്തിപ്പൂകണക്കെ നേത്രങ്ങളു-
മമ്പിളിപോലെ വളഞ്ഞുള്ള പല്ലുകൾ
അഞ്ജനപർവ്വതംപോലെ ശരീരവും
ഗുഞ്ജാഫലംകൊണ്ടു കോർത്തുള്ള മാലകൾ
മഞ്ഞക്കുറികളും മായൂരപിഞ്ഛവും
മഞ്ചാടിമാലയും മാറിൽ പലതരം
ഉച്ചത്തിലുള്ളോരു കണ്ഠനാദങ്ങളും
മെച്ചത്തിലുള്ളോരു വീര്യഭാവങ്ങളും
കച്ചകെട്ടിച്ചില തൊങ്ങലും വാലുമി-
ട്ടത്യന്തഘോഷമാം വേഷം ഭയങ്കരം.

വേടന്റെ ഈ വാക്ചിത്രം നമ്പ്യാരുടെ വർണ്ണനാസാമർത്ഥ്യത്തെ തെളിയിക്കുന്ന മറ്റൊരു ദൃഷ്ടാന്തമാകുന്നു.

ഒന്നു കടഞ്ഞു ശരീരമശേഷം
തന്നുടെ ചിറകും വീശിയിരുന്നു
ചിറകിന്നകത്തു കടിച്ചുകിടക്കും
ചെറുപേൻ കൊത്തുകുകളീച്ചകൾ പുഴുവും
തിറവിയ കൊക്കകൾകൊണ്ടു കടിച്ചിഹ
കൊറകൊറെയങ്ങു കൊറിച്ചുതുടങ്ങി;
ഒരുകാൽകൊണ്ടു ശിരസ്സിൽ പരിചൊടു
ചൊറകിത്തരത്തി നടന്നുതുടങ്ങി.

നളനിൽനിന്നു വിമുക്തിനേടിയ ഹംസത്തിന്റെ ഈ വർണ്ണനയിൽനിന്ന്, ജന്തുക്കളുടെ പ്രത്യേക സ്വഭാവം വർണ്ണിക്കുന്നതിൽ നമ്പ്യാർക്കുള്ള പാടവം നല്ലപോലെ തെളിയുന്നുണ്ടല്ലൊ. ഇതുപോലെയുള്ള രസികൻ വർണ്ണനകൾ തുള്ളലുകളിൽനിന്ന് എത്രവേണമെങ്കിലും ഉദ്ധരിക്കാൻ കഴിയും.

തുള്ളലുകളിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള ലളിതങ്ങളായ ലോകോക്തികളും ജനസാമാന്യത്തിന്റെ ഇടയിൽ ധാരാളം സ്വാധീനശക്തി ചെലുത്തീട്ടുണ്ട്. അവയിലെ പല വരികളും പഴഞ്ചൊല്ലുകളെപ്പോലെയായിത്തീർന്നിട്ടുണ്ടെന്നുകൂടി പറയാം. ചില ലോകോക്തികൾ താഴെ ഉദ്ധരിക്കാം:—

1. മുല്ലപ്പൂമ്പൊടിയേററുകിടക്കും
   കല്ലിനുമുണ്ടാമൊരു സൌരഭ്യം

2. കനകംമൂലം കാമിനിമൂലം
   കലഹം പലവിധമുലകിൽ സുലഭം

3. പണമെന്നുള്ളതു കയ്യിൽ വരുമ്പോൾ
   ഗുണമെന്നുള്ളതു ദൂരത്താകും.

4. കയ്യിൽ കിട്ടിയ കനകമുപേക്ഷി..
   ച്ചീയ്യം കൊൾവാനിച്ഛിക്കേണ്ട

5. തരുണീതരുണന്മാരന്യോന്യം
തരമായ് വരുവാൻ ദുർഘടമത്രെ

6. ആശാനക്ഷരമൊന്നു പിഴച്ചാൽ–
ലമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്

7. വീട്ടുചോറുണ്ടെങ്കിൽ വിരുന്നുചോറും കിട്ടു–
മുട്ടിലും കിട്ടാ ദരിദ്രനെന്നോർക്കണം.

---

## കാർത്തവീര്യാർജ്ജുനവിജയം മൂലകഥ

വാത്മീകിരാമായണം ഉത്തരകാണ്ഡം 31 മുതൽ 33 വരെയുള്ള മൂന്നു സർഗ്ഗങ്ങളിലായി വർണ്ണിക്കപ്പെട്ടിട്ടുള്ള 'കാർത്തവീര്യാർജ്ജുനവിജയ'മാണ് പ്രസ്തുത തുള്ളലിന്റെ മൂലകഥ. ശ്രീരാമൻ രാവണവധാനന്തരം അയോദ്ധ്യയിലെത്തി രാജ്യഭാരം കയ്യേററ് പ്രജാരഞ്ജനജാഗരൂകനായി വർത്തിക്കുന്ന കാലത്ത് ഒരു വലിയ മഹർഷിസംഘം രാവണഹന്താവിനെ അഭിനന്ദിക്കാനായി അവിടെ എത്തുന്നു. അന്യോന്യം കുശലപ്രശ്നാദികൾ കഴിഞ്ഞശേഷം മഹർഷിമാർ രാക്ഷസവംശനാശത്തിൽ തങ്ങൾക്കുള്ള സീമാതീതമായ സന്തോഷം ശ്രീരാമനെ അറിയിക്കുന്നു. അക്കൂട്ടത്തിൽ,

നിന്നിന്ദ്രജിദ്വധം കേട്ടു നന്ദിപ്പൂ ഞങ്ങളൊക്കെയും
അവധ്യനവനേവർക്കും പോരിൽ വന്മായ പൂണ്ടവൻ
ആയിന്ദ്രജിദ്വധം കേട്ടിട്ടാണീ ഞങ്ങൾക്കു വിസ്മയം

എന്ന് അവർ പ്രത്യേകം എടുത്തു പറയുന്നു. ഇതു ശ്രീരാമനെ അത്ഭുതപ്പെടുത്തി. അദ്ദേഹം എടുത്തു ചോദിച്ചു, കുംഭകർണ്ണ മഹോദര പ്രഹസ്താദി വീരസിംഹങ്ങളെ അപേക്ഷിച്ച് ഇന്ദ്രജിത്തിന് എന്താണിത്ര പ്രത്യേകത എന്ന്.

അതിനു മറുപടിയായി അഗസ്ത്യമഹർഷി രാക്ഷസോല്പത്തി മുതല്ക്കുള്ള പുരാവൃത്തം വിസ്തരിച്ചു തുടങ്ങി. അതു് രാവണന്റെയും ഇന്ദ്രജിത്തിന്റെയും ദിഗ്വിജയംവരെ എത്തി. രാവണൻ നേരിട്ടു സകല രാജാക്കന്മാരേയും, പുത്രൻവഴി ദേവേന്ദ്രനേയും, ജയിച്ചു് അതുലവീര്യപരാക്രമശാലിയായി ലങ്കാനഗരം വാണുകൊണ്ടിരുന്നു എന്ന ദിക്കിൽ കഥാഗതി എത്തിയപ്പോൾ ക്ഷാത്രതേജോനിധിയായ ശ്രീരാമൻ വീണ്ടും ചോദിച്ചു:

പരാക്രമി ദശഗ്രീവൻ ജൈത്രയാത്രകൾ ചെയ്യുനാൾ
ലോകങ്ങളെല്ലാം ശൂന്യങ്ങളായിരുന്നോ മഹാമുനേ!
അന്നിങ്ങൊരാളുമില്ലാതായ്പോയോ ക്ഷത്രിയവംശജർ?
അതോ, വീര്യം കുറഞ്ഞോരായിരുന്നോ നൃപരൊക്കെയും?

ഈ ചോദ്യത്തിനുത്തരമായി രാവണനു പറ്റിയ ഒന്നുരണ്ടു പരാജയങ്ങളെക്കൂടി അഗസ്ത്യൻ വിവരിക്കുന്നുണ്ടു്. അതിൽ ഒന്നാണു് 'കാർത്തവീര്യാർജ്ജുനവിജയം.' രാമായണത്തിലെ ആ കഥ താഴെ കാണുംവിധം സംഗ്രഹിക്കാം.

ദിഗ്വിജയമദ്ധ്യേ അനവധി രാജാക്കന്മാരെ പീഡിപ്പിച്ചുകൊണ്ടു്, ഒരു രാജ്യത്തിൽനിന്നു മറ്റൊരു രാജ്യത്തിലേക്കു് എന്ന മട്ടിൽ, സഞ്ചരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഒരിക്കൽ രാവണൻ മാഹിഷ്മതീപുരത്തിലെത്തി. അവിടത്തെ രാജാവായ കാർത്തവീര്യാർജ്ജുനൻ തന്റെ പ്രണയിനികളായ ആയിരം സ്ത്രീകളോടുകൂടി ജലക്രീഡയ്ക്കായി നർമ്മദയിലേക്കു പോയ ഘട്ടമായിരുന്നു അതു്. താൻ യുദ്ധത്തിനായി വന്നിട്ടുള്ള വിവരം രാജാവിനെ അറിയിക്കാൻ രാവണൻ അവിടത്തെ മന്ത്രിമാരോടാജ്ഞാപിച്ചു. രാജാവു സ്ഥലത്തില്ലെന്നും നർമ്മദയിൽ ജലക്രീഡയ്ക്കു് പോയിരിക്കയാണെന്നും മന്ത്രിമാരിൽനിന്നു മനസ്സിലായപ്പോൾ, ആ രാക്ഷസരാജാവു് അങ്ങോട്ടേക്കു പുറപ്പെട്ടു. നർമ്മദയുടെ മനോഹരമായ മണൽ

ത്തിട്ടിൽ ഒരിടത്തു് രാവണൻ മന്ത്രിമാരോടുകൂടി ഇരിപ്പുറപ്പിച്ചു. അവിടത്തെ ശാന്തമായ അന്തരീക്ഷവും നദിയിലെ നിൎമ്മലമായ ജലവും ആ ശിവഭക്തന്റെ ഹൃദയത്തെ ഹഠാദാകൎഷിച്ചു

ഈ മഹാനദിയിൽ സ്നാനംചെയ്തു പാപമകററിടാം;
ഞാനും ശരച്ചന്ദ്രനിഭശ്രീ മണൽത്തിട്ടിലിപ്പോഴേ
പുഷ്പാഞ്ജലി കഴിക്കുന്നുണ്ടിന്ദുചൂഡനു മെല്ലവേ

എന്നു തീരുമാനിച്ചു പൂജയ്ക്കു വേണ്ട ഒരുക്കങ്ങൾ കൂട്ടുന്നതിനു മന്ത്രിമാരായ ശുകസാരണന്മാരോടാജ്ഞാപിച്ചു. ആ സ്വാമിഭക്തന്മാർ ഉടനേതന്നെ കുളിച്ചു പുഷ്പഫലാദികൾ സമാഹരിക്കയായി. കവിവരനായ വാത്മീകി പാടുകയാണു്:—

നൎമ്മദാനദമണൽത്തിട്ടിൽ വെൺകാർനിറമിയന്നതിൽ
ഒരു പൂമലയുണ്ടാക്കി തെല്ലിടയ്ക്കുള്ളിലാശരർ.
രാവണൻ രാക്ഷസാധീശനെങ്ങെങ്ങു നടകൊള്ളുമോ,
അങ്ങെങ്ങു കൊണ്ടുപോകാറുണ്ടൊരു ലിംഗം ഹിരണ്മയം;
മണൽത്തിണ്ണയ്ക്കു നടുവിലാ ലിംഗംവെച്ചു രാവണൻ
പൂജിച്ചാനമൃതിൻ ഗന്ധമുള്ള ഗന്ധസുമങ്ങളാൽ

നിൎമ്മലമായ നൎമ്മദാജലത്തിൽ കുളിച്ചു്, ഈറൻമാറി വെള്ളപ്പട്ടുടുത്തു്, കൂപ്പുകൈയോടുകൂടി മന്ത്രം ജപിച്ചുകൊണ്ടു്, പതുക്കെപ്പതുക്കെ പൂജാസ്ഥലത്തേക്കു നടന്നു നീങ്ങുന്ന രാവണനെ വാത്മീകി വളരെ തന്മയത്വത്തോടുകൂടി ചിത്രീകരിച്ചിട്ടുണ്ടു്.

ഇങ്ങനെ, രാവണൻ ശിവപൂജ നടത്തിക്കൊണ്ടിരുന്ന മണൽത്തിട്ടിൽ നിന്നു് അനതിവിദൂരമായ ഒരു ദിക്കിലാണത്രെ കാൎത്തവീൎയ്യാൎജ്ജുനൻ കുളിച്ചുകൊണ്ടിരുന്നതു്. തന്റെ ആയിരം കൈകളുടെ കരുത്തൊന്നു പരീക്ഷിക്കുന്ന

തിനുവേണ്ടി ആ മാഹിഷ്മതീപതി നമ്മദയുടെ ഒഴുക്ക് ഒന്നു തടുത്തുനിൎത്തി. "കാൎത്തവീൎയ്യഭുജമണ്ഡലത്തിൽ തടഞ്ഞിട്ടാരൊരുളിഞ്ഞ നീർ വക്കടങ്ങളും പാടി യിരിച്ചൊഴുകീടുകയായ് ദ്രുതം." നദിയിൽ വെള്ളം പൊങ്ങിത്തുടങ്ങി; മണൽത്തിട്ടുകളൊക്കെ പതുക്കെ വെള്ളത്തിൽ മുങ്ങാനും തുടങ്ങി.

ആ നീരൊഴുക്കൎജ്ജുനനാലയക്കപ്പെട്ടപോലവേ
തട്ടി നീക്കി ദശാസ്യന്റെയപ്പുഷ്പബലിയെയൊക്കെയും;
അപ്പോഴാപ്പുരതി തീൎന്നോരു കൎമ്മം നിൎത്തിട്ടശാനനൻ
പിണങ്ങും പ്രിയയെപ്പോലെ ശ്രീനമ്മദയെ നോക്കിനാൻ.

വെള്ളം പെട്ടെന്നു പൊങ്ങിപ്പൊങ്ങി പൂജമുഴുമിക്കാൻ നിവൃത്തിയില്ലാതായപ്പോൾ രാവണൻ കരയ്ക്കുകയറി, യാദൃച്ഛികമായ വെള്ളപ്പൊക്കത്തിനുള്ള കാരണം കണ്ടുപിടിക്കുന്നതിനായി ശുകസാരണന്മാരോടാജ്ഞാപിച്ചു. മൗനിയായ രാവണൻ വലംകൈവിരൽകൊണ്ടാണത്രെ ആജ്ഞ നല്കിയതു്. ആകാശത്തിൽക്കൂടി അരയോജനവഴി പാഞ്ഞോട്ട പോയപ്പോൾ, അവർ കാരണം കണ്ടുപിടിച്ചു.

കണ്ടു സ്ത്രീകളുമായ് നീരിൽ കളിയാടുമൊരുത്തനെ
കേശം നീരിൽ ചിതറിയോൻ പെരും പയനിനൊത്തവൻ
മദാൽ വാല്ക്കൺചുവപ്പാൎന്നോൻ മദവിഹ്വലമാനസൻ
പുഴയോരായിരം കയ്യാൽത്തടുത്തോനരിമൎദ്ദനൻ
ഊഴി പാദസഹസ്രത്താൽ തടുക്കും മലപോലവേ;
മികച്ച ബാലപ്പെണ്ണുങ്ങളായിരം പേർ ചൂഴ്ന്നവൻ
മദിച്ച പെണ്ണാനകളായിരമൊത്താന പോലവേ.

അവർ മടങ്ങിച്ചെന്നു വിവരം രാവണനെ അറിയിച്ചു. ശുകസാരണന്മാരുടെ വിവരണം കേട്ടപ്പോൾ "അതു് കാൎത്തവീൎയ്യാൎജ്ജുനനല്ലാതെ മററാരുമല്ല" എന്നു തീരുമാനിച്ചു് രാവണൻ പരിവാരത്തോടുകൂടി അങ്ങോട്ടേക്കു പുറപ്പെട്ടു. അവിടെ എത്തിയ ഉടനേ, താൻ യുദ്ധത്തിനായി വന്നെത്തിട്ടു

ണ്ടെന്നുള്ള വിവരം രാജാവിനെ അറിയിക്കാൻ ആ സാഹസപ്രിയൻ കാർത്തവീര്യാർജ്ജുനന്റെ ആൾക്കാരോടാജ്ഞാപിച്ചു.

അറിയാം യുദ്ധകാലം തേ, എന്നോടോ നന്ന രാവണ!
സ്ത്രീവൃന്ദോന്മത്തനൃപനോടല്ലോ പോർ തേടിടുന്നു നീ,
പെൺമുന്നിൽത്തമ്പുരാനോടെവ്വണ്ണം പോർ തേടിടുന്നു നീ?
കരേണുനാഥവേ മത്തേഭത്തോടു നരിപോലവേ.
ക്ഷമിക്കുകിന്നു നീ, രാത്രി താമസിക്ക ദശാനന!
വേണമെങ്കിൽ താത, നാളെയാവാമർജ്ജുനനോടു പോർ.
ഇപ്പോഴേ പൊരുതാനുള്ളിലുണ്ടു വൻകൊതിയെങ്കിലോ
ഞങ്ങളെക്കൊന്നതിൻശേഷം ചെയ്യാമർജ്ജുനനോടു പോർ.

ഇതായിരുന്നു അർജ്ജുനാമാത്യന്മാരുടെ മറുപടി. ഇതു കേട്ട ഉടനേ, വിശന്നു വലഞ്ഞിരുന്ന രാവണാമാത്യന്മാർ അവരെ കണക്കിനു മട്ടിച്ചു് കൊന്നു തിന്നുകളഞ്ഞുവത്രെ. തുടന്നു കാർത്തവീര്യാർജ്ജുനന്റെ ആൾക്കാരും രാവണന്റെ ആൾക്കാരും തമ്മിൽ ഭയങ്കരമായ ഒരു യുദ്ധം നടന്നു; ആദ്യത്തെ കൂട്ടർ നിശ്ശേഷം നശിച്ചു. ഗോപുരപാലകന്മാർ ഈ വിവരമെല്ലാം രാജാവിന്റെ അടുക്കൽ ചെന്നുണർത്തിച്ചു. അദ്ദേഹത്തിനു് ഒരു കുലുക്കവും ഉണ്ടായില്ല. അടുത്തുണ്ടായിരുന്ന പെൺപടയെ നോക്കി, "നിങ്ങൾ ഒട്ടും പേടിക്കണ്ട" എന്നു പറഞ്ഞു് ആററിൽനിന്നു കരയ്ക്കുകയറി ആ പരാക്രമശാലി പോരിനു പുറപ്പെട്ടു. ഒന്നാമതായി എതിരിട്ടുവന്നതു് പ്രഹസ്തൻ മുതലായ നേതാക്കന്മാരാണു്. അർജ്ജുനൻ അവരെയൊക്കെ നിഷ്പ്രയാസം അടിച്ചുവീഴ്ത്തി. പിന്നീടു് രാവണന്റെ പുറപ്പാടായി. സമരം അതിഭയങ്കരമായിരുന്നു. ഒടുവിൽ,

അമർഷമോടർജ്ജുനനഗ്ഗദ കെല്ലൊക്കെയിട്ടുടൻ
രാവണന്റെ പെരുംനെഞ്ഞത്താഞ്ഞുവീഴ്ത്തി സ്തനാന്തരേ

വരരക്ഷിതമാം രാവണോരസ്സിൽ തട്ടിയഗ്ഗദ
കെല്പററപോലുക്കിനൊത്തു രണ്ടായൂഴിയിൽ വീണുപോയ്
എന്നാലങ്ങർജ്ജുനനുടെ ഗദയേററാലെ രാവണൻ
ഒരു വില്ലാട്ട പിന്മാറി; ഞെരങ്ങിക്കൊണ്ടിരിപ്പുമായ്.
തളർന്നതായ്ക്കണ്ടു തദാ ദശകണ്ഠനെയർജ്ജുനൻ
ചാടിപ്പിടിച്ചാൻ, സർപ്പത്തെഗ്ഗരുഡൻപോലെയഞ്ജസാ
ബലമാലൊരായിരം കയ്യാൽ പിടികൂടി ദശാസ്യനെ
ബന്ധിച്ചാൻ ബലിയാം ഭൂപൻ ബലിയെശ്ശൗരിപോലവേ.

രാവണന്റെ ഈ ബന്ധനവാർത്ത തൽപിതാമഹനായ പുലസ്ത്യൻ ദേവന്മാരുടെ വാക്കിൽനിന്നു മനസ്സിലാക്കി. പുത്രവാത്സല്യത്താൽ അധീരഹൃദയനായിരുന്ന ആ മഹർഷിവര്യൻ വായുവേഗത്തിൽ മാഹിഷ്മതിയിലെത്തി. മഹാരാജാവു് "തലയിൽ തൊഴുകയ്യുംവെച്ചു്" ആ തപസ്വിയെ എതിരേററു് യഥാവിധി സൽക്കരിച്ചു.

ആരെപ്പേടിച്ചനങ്ങാതെ നിന്നുപോം കാററുമൂഴിയും
ആ മൽപൗത്രനിവൻ നിന്നാൽ ബദ്ധനായ് രണദുർജ്ജയൻ;
ഗ്രസിച്ചുപൈതലിൻകീർത്തി; പേരുംകേൾപ്പിച്ചുവെച്ചു നീ;
ഇന്നെന്നപേക്ഷകൈക്കൊണ്ടു വിടുകിന്നി ദശാസ്യനെ

എന്ന പൗലസ്ത്യന്റെ പ്രാർത്ഥനകേട്ടു് കാർത്തവീര്യാർജ്ജുനൻ രാവണനെ വിട്ടയച്ചു. ദിവ്യങ്ങളായ വസ്ത്രഭൂഷണാദികൾ നല്കി ബഹുമാനിച്ചതിനുശേഷമാണു് രാവണനെ മാഹിഷ്മതിയിൽനിന്നു യാത്രയാക്കിയതു്. അന്നുമുതൽ അവർ തമ്മിൽ വളരെ വേഴ്ചയിലാണത്രെ കഴിഞ്ഞുകൂടിയതു്.

ഏവമുണ്ടാം പ്രബലനിൽ പ്രബലൻ രഘുനന്ദന!
അവജ്ഞകൊള്ളൊല്ലന്യങ്കൽ തനിക്കു ഹിതമോർപ്പവൻ

എന്നുള്ള ഒരു സാരോപദേശത്തോടുകൂടിയാണു് അഗസ്ത്യമഹർഷി ആ കഥാകഥനം അവസാനിപ്പിക്കുന്നതു്.

## തുള്ളലിലായപ്പോൾ

കുഞ്ചൻനമ്പ്യാരുടെ കൈയിൽ കിട്ടിയപ്പോൾ കഥയുടെ കെട്ടുപാടുതന്നെ ഒന്നു മാറിപ്പോയിട്ടുണ്ടു്. മൂലകഥയിൽ നിന്നുള്ള വ്യതിയാനമല്ല, കവിയുടെ വ്യക്തിത്വത്തിനുള്ള പ്രത്യേകതയാണു് ഈ മാററത്തിനുള്ള പ്രധാനകാരണം. നിസ്സാരങ്ങളായ ചില വ്യതിയാനങ്ങൾ കഥാഗതിയിൽ കാണുന്നില്ലെന്നുമില്ല. നമ്പ്യാരുടെ കഥയുടെ പോക്കു് താഴെ കാണുംവിധത്തിലാണു്.

നക്തഞ്ചരപതിയായ രാവണൻ "അതിഭുജവിക്രമധിക്കൃതശക്രപരാക്രമ"നായി ലങ്കാനഗരം വാണരുളുന്ന കാലത്തു് ഒരു ദിവസം നാരദൻ അവിടെ വന്നുചേരുന്നു. കുശലപ്രശ്നാദികൾക്കു ശേഷം രാവണൻ നാട്ടുവർത്തമാനങ്ങളിലേക്കു കടക്കുന്നു.

‘നമ്മെക്കൊണ്ടു ജഗത്ത്രയവാസികൾ
ചെമ്മേ കിമപി പറഞ്ഞീടുന്നു?
ധാർമ്മികരാകിയ നിങ്ങൾക്കെന്തിഹ
ധാരണ?—എല്ലാം കല്പിച്ചാലും."

ഇതാണു് രാവണനു പ്രധാനമായി അറിയേണ്ടതു്. ഈ ചോദ്യത്തിനു നാരദനു പറയാനുള്ള മറുപടി എന്താണെന്നറിയുന്നതുവരെ കാത്തുകൊണ്ടിരിക്കാനുള്ള ക്ഷമ രാവണനില്ല. തുടരെത്തുടരെ അനവധി ചോദ്യങ്ങൾ ആ വങ്കനിൽ നിന്നു പുറപ്പെടുന്നു.

"ത്രിഭുവനവാസികളെല്ലാം നമ്മുടെ
വിഭവം കണ്ടു പുകഴ്ത്തുന്നില്ലേ?
‘സുഭഗൻ ദശമുഖ’നെന്നൊരു നാണയ—
മഹഹോ ദിശി ദിശി കേൾക്കുന്നില്ലേ?
മന്നിലിരിക്കും മാനിനിമാർ പുന—
രെന്നെക്കൊണ്ടു പുകഴ്ത്തുന്നില്ലേ?

എന്നെക്കാണാഞ്ഞംഗനമാരഥ
ഖിന്നതപൂണ്ടു വസിക്കുന്നില്ലേ?"

എന്നിങ്ങിനെ എത്ര ചോദിച്ചാലും ആ വങ്കശിരോമണിക്കു മതിയാകുന്നില്ല. ചോദ്യങ്ങൾ അവസാനിച്ചപ്പോൾ ആത്മപ്രശംസയ്ക്കുള്ള ആരംഭമായി. താൻ ദേവലോകം മുഴുവൻ ജയിച്ചതും ദേവന്മാരെല്ലാം നാടുവിട്ടുപോയതും ഇന്ദ്രജിത്തു് ദേവേന്ദ്രനെ കെട്ടിക്കൊണ്ടു വന്നതും മററും മററും വർണ്ണിച്ചതുകൊണ്ടു തൃപ്തിപ്പെടാതെ, താൻ ദേവലോകത്തുചെന്നു് കുംഭമുലച്ചികളായ സുരകലശംഭളിമാരെ വിളിച്ചുവരുത്തി സംഭോഗാദി സുഖത്തെ ലഭിച്ചതും" കൂടി വർണ്ണിച്ചിട്ടേ ആ ത്രൈലോക്യകണ്ടകൻ അടങ്ങുന്നുള്ളു. പിന്നീടു ഭൂമിയിലെ ദിഗ്വിജയകഥ വിവരിക്കയായി.

ഭുവനതലങ്ങൾ ജയിച്ച വിശേഷം
മാമുനിപുംഗവനറിയുന്നില്ലേ?

എന്നാണു് അതിന്റെ മുഖവുര. നാടും നഗരവുമൊക്കെ ചുട്ടു പൊടിക്കയും കൈയിൽ കിട്ടുന്നവരെയെല്ലാം അടിച്ചു മുടിക്കയും ചെയ്യുന്ന കൃപയില്ലാത്ത ചില നിശാചരദുഷ്ടന്മാരുടെ കരുമനനിമിത്തം മഹീതലം നഷ്ടപ്രായമായിരിക്കയാണെന്നും അത്തരത്തിലുള്ള പ്രവൃത്തി ന്യായമാണെന്നു തനിക്കു വിചാരമില്ലെന്നും, എന്നാൽ പ്രജകളെ പട്ടിണിയിട്ടു കഷ്ടപ്പെടുത്തിയുള്ള പൊന്നും പണവുമെല്ലാം കെട്ടി സ്വരൂപിക്കുന്ന ദുഷ്ടന്മാരായ രാജാക്കന്മാരുടെ സ്വത്തെല്ലാം പിടിച്ചുപറിക്കുന്നതിൽ താൻ ഒരു ദോഷവും കാണുന്നില്ലെന്നും ഈ ഘട്ടത്തിൽ കവി രാവണനെക്കൊണ്ടു പറയിക്കുന്നുണ്ടു്. അതിനെത്തുടർന്നു് താൻ തോല്പിച്ച രാജാക്കന്മാരുടെ ഒരു നീണ്ട പട്ടിക രാവണൻ നാരദനെ പറഞ്ഞു കേൾപ്പിക്കുന്നു. അവരിൽ മിക്കവരും ഇപ്പോൾ നാട്ടിലെ പട്ടന്മാരോടു കടംവാങ്ങി പട്ടിണികൂടാതെ കഴിക്കയാണെന്നു പറയാൻ രാവണൻ മറക്കുന്നില്ല.

ഭൂതലവും സ്വർഗ്ഗം പാതാളം
ഭുവനം മൂന്നിലുമിന്നിഹ പാർത്താൽ
രാവണനോടു സമാനപരാക്രമ-
നേവനൊരധിപതിയുള്ളു മുനീന്ദ്ര!

എന്ന ചോദ്യത്തോടു കൂടിയാണ് രാക്ഷസരാജാവിന്റെ ഈ ആത്മപ്രശംസ അവസാനിക്കുന്നത്.

ഇതിനു മറുപടി പറയുന്ന കൂട്ടത്തിലാണ് നാരദൻ കാർത്തവീര്യാർജ്ജുനന്റെ കഥ സൂചിപ്പിക്കുന്നത്. രാവണനേയും കാർത്തവീര്യാർജ്ജുനനേയും താരതമ്യപ്പെടുത്തി ദുരഭിമാനനിധിയായ രാക്ഷസരാജാവിനെ വീറുപിടിപ്പിക്കുന്ന പലതും ആ കലഹപ്രിയൻ ഇക്കൂട്ടത്തിൽ പറയുന്നുണ്ട്.

കശ്മലനാകിയ കൃതവീര്യസുതൻ
വിശ്വപ്രഭുവാകുന്ന ഭവാനെ
പുല്ക്കൊടിപോലെ നിന്ദിക്കുന്നതെ-
നിക്കു സഹിക്കുന്നില്ല ദശാസ്യ!

എന്നുപോലും നാരദൻ തട്ടിവിടുന്നു. ഇതു കേൾക്കേണ്ട താമസം, രാവണൻ എടുത്തൊരു ചാട്ടം! 'രണ്ടു നാലു ദിവസത്തിനകത്ത് ആ തണ്ടുതപ്പിയുടെ ഡംഭു ശമിപ്പിച്ചേക്കാം' എന്നു പറഞ്ഞ് ഉടനേതന്നെ മന്ത്രിവരിഷ്ഠനായ ചിത്രയോധിയെ വിളിച്ച് സൈന്യത്തെ ഒരുക്കി, നാരദനോടുകൂടി പുഷ്പകവിമാനത്തിൽ കയറി മാഹിഷ്മതിയിലേക്കു യാത്ര പുറപ്പെടുന്നു. ആ രാജധാനിയോടടുക്കാറായപ്പോൾ,

അർജ്ജുനനൃപനെക്കൊടിമരമൂലേ
രജ്ജുവെടുത്തു വരിഞ്ഞു മുറുക്കി-
ക്കൊണ്ടുവരുന്ന മഹോത്സവഘോഷം
കണ്ടു രസിപ്പാനഹമിഹ മാർഗ്ഗേ
ശ്രദ്ധമതായി വസിച്ചീടുന്നേൻ

എന്നു പറഞ്ഞു് നാരദൻ സൂത്രത്തിൽ കൂട്ടത്തിൽനിന്നു് ഒഴിഞ്ഞുമാറുന്നു. രാവണൻ പുഷ്പകവിമാനത്തിൽക്കൂടി നേരേ ചെന്നു് മാഹിഷ്മതീനഗരിയുടെ അടുത്തുള്ള നൎമ്മദയുടെ പുളിനത്തിൽ ഇറങ്ങി, വസ്ത്രം കൊണ്ടു് ഒരു പാളയമടിച്ചു്, നിൎമ്മലമായ നൎമ്മദാജലത്തിൽ കുളിച്ചു്, ദേവാരാധനയ്ക്കുള്ള കോപ്പുകൾ കൂട്ടിത്തുടങ്ങി. അക്കൂട്ടത്തിൽ ചിത്രയോധിയെ വിളിച്ചു്, രാജധാനിയിൽച്ചെന്നു് താൻ വന്നിട്ടുള്ള വിവരം കാൎത്തവീൎയ്യാൎജ്ജുനനെ അറിയിച്ചുവരാൻ ആജ്ഞാപിച്ചു. 'ഒന്നുകിൽ കീഴടങ്ങി കപ്പം തരിക; അല്ലെങ്കിൽ യുദ്ധത്തിനു പുറപ്പെടുക.' ഇതായിരുന്നു രാവണന്റെ സന്ദേശം. "കൊല്ലുന്നരാജാവിന്റെ തിന്നുന്ന മന്ത്രി"യായിരുന്നു ചിത്രയോധി. അയാൾ അന്വേഷിച്ചന്വേഷിച്ചു ചെന്നു് കാൎത്തവീൎയ്യാൎജ്ജുനൻ ജലക്രീഡചെയ്യുന്ന ദിക്കിലെത്തി, രാവണന്റെ സന്ദേശം ഒന്നിനു പത്താക്കി ആ ഹൈഹയനരാധിപനെ പറഞ്ഞുകേൾപ്പിച്ചു. പറഞ്ഞതു് അനുസരിച്ചില്ലെങ്കിൽ,

അമ്പലമൊക്കെത്തീണ്ടിത്തൊട്ടും
നമ്പൂരാരുടെ ഭവനം ചുട്ടും
എമ്പ്രാന്തിരിയെത്താഡിച്ചും പുനഃ
രമ്പലവാസികളെക്കൊലചെയ്തും

രാവണഭടന്മാർ മാഹിഷ്മതിയിൽ പല അനൎത്ഥങ്ങളും വരുത്തിവെക്കുമെന്നുകൂടി ചിത്രയോധി അറിയിച്ചു. ഇതു കേട്ടപ്പോൾ കാൎത്തവീൎയ്യാൎജ്ജുനൻ കൈകൊട്ടിച്ചിരിച്ചു് "മട്ടോലും മൊഴിമാരെ കെട്ടിത്തഴുകുക"യാണത്രെ ചെയ്തതു്. ചിത്രയോധി വിവരം രാവണനെ അറിയിച്ചു. "തുടങ്ങിപ്പോയ പൂജ അവസാനിച്ചാൽ ഉടനേ ഞാൻ അവന്റെ കഥ കഴിച്ചേക്കാം" എന്നു പറഞ്ഞു രാവണൻ പൂജ തുടൎന്നു. (രാവണൻ സംസ്കൃതഭാഷയിലാണത്രെ സംസാരിച്ചതു്.) പെട്ടെന്നു് അകാരണമായി നദിയിൽ വെള്ളം പൊങ്ങിത്തു

ങ്ങി. രാവണനിരിക്കുന്ന മണൽത്തിട്ട് വെള്ളത്തിനടിയിലായി. പൂജാസാധനങ്ങളെല്ലാം ഒഴുകിത്തുടങ്ങി. രാവണൻ വെള്ളത്തിലായി. "ഇരുപതുതണ്ടുകൾ വെച്ചു മുറുക്കിയ പെരിയൊരു വഞ്ചികണക്കെ" രാവണൻ നീന്തിത്തുടിച്ചും വെള്ളം കുടിച്ചും ഒരു വിധം കരയിലെത്തി. അകലെച്ചെന്നു നോക്കിയപ്പോൾ കാർത്തവീര്യാർജ്ജുനൻ കുളിക്കുന്നതും ആയിരം കൈകൊണ്ടു ജലപ്രവാഹത്തെ തടുത്തുനിർത്തി പ്രണയിനിമാരോടുകൂടി ക്രീഡിക്കുന്നതും ആണ് കണ്ടതു്. പൂർവ്വാധികം ക്രുദ്ധനായിത്തീർന്ന രാക്ഷസരാജാവ് കാർത്തവീര്യാർജ്ജുനനെ അധിക്ഷേപിച്ചു യുദ്ധത്തിനായി ക്ഷണിച്ചു "ചെവിക്കസഹ്യത പെരുകിയ വാക്കുകൾ" കേട്ട് കാർത്തവീര്യാർജ്ജുനൻ ഉടനേ യുദ്ധത്തിനു പുറപ്പെട്ടു. ഭയങ്കരമായ യുദ്ധം നടന്നു. ഒടുവിൽ, "പാകാതെ പത്തു തരംകെട്ടു രാവണൻ." കാർത്തവീര്യാർജ്ജുനൻ രാവണനെ ചങ്ങലകൊണ്ടു ബന്ധിച്ചു കാരാഗൃഹത്തിലാക്കി.

പത്തുമുഖങ്ങളിൽനിന്നു പുറപ്പെട്ട-
മത്യുന്നതതര മുറവിളിഘോഷം
പത്തു ദിഗന്തരമൊക്കെ മുഴക്കി
പാതാളസദ്മങ്ങളിലെത്തി.

ഈ മുറവിളി കേട്ടു നാട്ടുകാർ തമ്മിൽ പലതും പറയുന്നതും രാവണനു ചോറു കൊടുക്കാൻ കാരാഗൃഹത്തിൽ പോകുന്ന ദാസിമാർ രാവണനെ കണക്കിനു കളിയാക്കുന്നതും മററും ഫലിതം നിറഞ്ഞ രീതിയിലാണ് നമ്പ്യാർ വർണ്ണിച്ചിട്ടുള്ളതു്.

ഇങ്ങനെ "കൂറില്ലാത്തവരോടു ചോറുമേടിച്ചു തിന്നു് കീററത്തുണിയുടുത്തു് ചെറുമന്നിങ്ങു്" **ആറുമാസം** രാവണൻ കാരാഗൃഹത്തിൽ കഴിച്ചുകൂട്ടിയത്രെ. ഒടുവിൽ ചിത്രയോധി ഈ വിവരമെല്ലാം പൌലസ്ത്യമഹർഷിയെ അറിയിച്ചു.

മഹർഷി കുടയുമെടുത്തു ചിത്രയോധിയോടുകൂടി പുറപ്പെട്ടു് മാഹിഷ്മതിയിലെത്തി.

"ഉദ്ധതമതിയാം നമ്മുടെ പൗത്രനാ-
ബദ്ധമതല്ലാതില്ലൊരു നാളും;
മൃത്യുഞ്ജയനുടെ വാസഗിരീന്ദ്രം
കുത്തിയെടുത്തവനെന്തരുതാത്തു?
അത്ര പെരുത്ത ദുരാചാരത്തെ നി-
വൃത്തിവരുത്താനിത്തൊഴിൽ കൊള്ളാം;
എന്നാലവനെയഴിച്ചുവിടേണം
നന്നായ്വരുമതുകൊണ്ടു നിനക്കു്"

എന്നുള്ള മഹർഷിയുടെ വാക്കുകേട്ടു കാർത്തവീര്യാർജ്ജുനൻ "ലങ്കാപതിയുടെ കൈകാൽകളിലെ ശൃംഖല വിരവൊടഴിച്ചു പതുക്കെ തൻകരയുഗളം കൊണ്ടു തലോടി" രാവണനെ വിട്ടയക്കുന്നു. "ഇനി മേലിലെങ്കിലും അഹങ്കരിക്കാതെയിരുന്നാൽ നിനക്കു നല്ലതു്" എന്നു പറഞ്ഞാണത്രെ ഹൈഹയേന്ദ്രവരൻ രാവണനെ യാത്രയാക്കിയതു്. നാണിച്ചു മുഖം താഴ്ത്തി ആ ഹതവീര്യൻ ഒരു വിധം അവിടെ നിന്നു യാത്രയായി.

## വ്യതിയാനവും ഔചിത്യവും

1. നാരദന്റെ പ്രവേശമാണു് തുള്ളലിൽ ഒന്നാമതായിക്കാണുന്ന വ്യതിയാനം. മൂലത്തിൽ പല പുരാവൃത്തങ്ങളും വിവരിക്കുന്നകൂട്ടത്തിൽ സന്ദർഭവശാൽ അഗസ്ത്യമഹർഷി കാർത്തവീര്യാർജ്ജുനന്റെ കഥ പറയുകയാണു് ചെയ്യുന്നതു്. തുള്ളൽ ഒരു പ്രത്യേക കഥയായ സ്ഥിതിക്കു് ഈ പുരാവൃത്തകഥനം അനുചിതമാണെന്നു കരുതിയായിരിക്കാം നമ്പ്യാർ നാരദനെ പ്രവേശിപ്പിച്ചതു്. മുന്നിലും പിന്നിലുമായുള്ള കഥകളുമായി ബന്ധമില്ലാത്തവിധം

"കാൎത്തവീൎയ്യാൎജ്ജുനവിജയം" ഒരു പ്രത്യേക കഥയാക്കിത്തീൎക്കുന്നതിന്നു് ഈ വ്യതിയാനം വളരെ സഹായിക്കുന്നുണ്ടു്, കലാപരമായ ഈ വിജയം കൈവരിക്കുന്നതിനുവേണ്ടിത്തന്നെയാണു് സഹൃദയനായ നമ്പ്യാർ തുള്ളലിൽ ആ വ്യതിയാനത്തിനൊരുങ്ങിയതു്.

2. ചിത്രയോധിയുടെ സൃഷ്ടിയാണു് രണ്ടാമത്തെ വ്യതിയാനം. മൂലത്തിൽ സഹോദരന്മാരായ ശുകസാരണന്മാരാണു് രാവണന്റെ ഉററ മന്ത്രിമാരായി പ്രവൎത്തിക്കുന്നതു്. മിക്ക കാൎയ്യങ്ങൾക്കും രാവണൻ നിയോഗിക്കുന്നതു് അവരെയത്രെ ആ സഹോദരന്മാരെക്കൂടാതെ പ്രഹസ്തൻ, മാരീചൻ, ധൂമ്രാക്ഷൻ, മഹോദരൻ എന്നുതുടങ്ങി വേറെ ചില രാവണാമാത്യന്മാരെപ്പററിക്കൂടി വാത്മീകി പറയുന്നുണ്ടെങ്കിലും, അക്കൂട്ടത്തിലെങ്ങും ചിത്രയോധിയുടെ പേർ കാണുന്നില്ല. നമ്പ്യാരുടെ ഈ പുതിയ പാത്രസൃഷ്ടിക്കുള്ള കാരണം വെറും കൌതുകമാകാനേ വഴിയുള്ളു.

3. മൂലത്തിൽ രാവണൻ യുദ്ധാൎത്ഥിയായി നേരെ മാഹിഷ്മതിയിൽ ചെന്ന അവസരത്തിൽ കാൎത്തവീൎയ്യാൎജ്ജുനൻ ജലക്രീഡയ്ക്കായിപ്പോയിരിക്കയാണെന്നുള്ള വിവരം അറിഞ്ഞതുകൊണ്ടാണു് നമ്മദാതീരത്തിലേക്കു പുറപ്പെടുന്നതു്. അവിടെ ചെന്നപ്പോൾ പരിതഃസ്ഥിതികളുടെ പ്രത്യേകതകണ്ടു് ശിവപൂജയ്ക്കു് ഒരുങ്ങുകയും, പൂജാമദ്ധ്യത്തിൽ യാദൃച്ഛികമായി വെള്ളം പെരുകിയതുകണ്ടു ശുകസാരണന്മാർവഴി കാരണം അന്വേഷിക്കയും, അങ്ങനെ കാൎത്തവീൎയ്യാൎജ്ജുനനോടു യുദ്ധത്തിനു പുറപ്പെടുകയുമാണു് ചെയ്യുന്നതു്. തുള്ളലിലെ കഥാഗതി ഇതിൽനിന്നു് അല്പം ഭിന്നമായ രീതിയിലാണു്. രാവണൻ, നേരേ നമ്മദാപുളിനത്തിൽ ചെന്നിറങ്ങി പൂജയ്ക്കാരംഭിക്കയും, അക്കൂട്ടത്തിൽ, തനെത്തിയ വിവരം കാൎത്തവീൎയ്യാൎജ്ജുനനെ അറിയിക്കാൻ

ചിത്രയോധിയെ നിയോഗിക്കയും, തന്റെ ഈ സന്ദേശം ഹൈഹയരാജാവു് നിന്ദാപൂർവ്വം അവഗണിച്ചതായറിഞ്ഞു് അത്യന്തം ക്രുദ്ധനായി യുദ്ധത്തിനൊരുങ്ങുകയും, ചെയ്തതായി തുള്ളലിൽ വിവരിച്ചിരിക്കുന്നു. സ്വതേ മുൻകോപിയും അഹങ്കാരിയുമായ രാവണനെ ഒന്നുകൂടി ക്രുദ്ധനാക്കുന്നതിനു് ഈ മാററം സഹായകമായിട്ടുണ്ടു്. തുള്ളലിലെ കഥാഗതി നോക്കിയാൽ, കാർത്തവീര്യാർജ്ജുനൻ നർമ്മദയിലെ ഒഴുക്കു തടുത്തുനിർത്തിയതു് രാവണനെ വെള്ളത്തിലാക്കാൻ മനഃപൂർവ്വം ചെയ്ത പ്രവൃത്തിയായിട്ടേ തോന്നുകയുള്ളൂ. കുരങ്ങൻ കള്ളുകുടിച്ച അനുഭവമാണു് അതുകൊണ്ടു് രാവണനുണ്ടായതു്. ഈ ഭാഗം—ചിത്രയോധിയുടെ സന്ദേശകഥനം പ്രത്യേകിച്ചും—തുള്ളലിനെസംബന്ധിച്ചിടത്തോളം വളരെ സ്വാഭാവികമായിട്ടുണ്ടെന്നു സമ്മതിച്ചേതീരൂ. തന്റെ കേരളീയത്വം പ്രത്യക്ഷപ്പെടുത്തുന്നതിനു നമ്പ്യാർ അവസരമുണ്ടാക്കുന്നതു് ഈ സന്ദേശകഥനസന്ദർഭത്തിലാണെന്നുള്ളതും വിസ്മരിക്കത്തക്കതല്ല.

4. തുള്ളലിൽ കാണുന്ന രാവണന്റെ സംസ്‌കൃതസംഭാഷണമാണു് മൂലത്തിൽനിന്നുള്ള മറെറാരു വ്യതിയാനം. തന്റെ സന്ദേശം ചെന്നറിയിച്ച അവസരത്തിൽ കാർത്തവീര്യാർജ്ജുനൻ അതിനെ തീരെ അവഗണിക്കയാണുണ്ടായതെന്നു ചിത്രയോധി വന്നു പറഞ്ഞപ്പോഴാണല്ലോ രാവണൻ അതിനു സംസ്‌കൃതത്തിൽ മറുപടി പറയുന്നതു്. മൂലത്തിൽ അങ്ങിനെയൊരു ഘട്ടമേയില്ല. വെള്ളപ്പൊക്കത്തിനുള്ള കാരണമന്വേഷിക്കാൻ ശുകസാരണന്മാരെ നിയോഗിച്ചതായും അവർ തിരികെ വന്നു പറഞ്ഞ മറുപടി കേട്ട ഉടനെ രാവണൻ യുദ്ധത്തിനു പുറപ്പെട്ടതായും മാത്രമേ മൂലത്തിൽ പറയുന്നുള്ളൂ. ഇങ്ങിനെ ശുകസാരണന്മാരോടാജ്ഞാപിച്ച അവസരത്തിൽ രാവണൻ മൗനിയായിരുന്നു എന്നും ആജ്ഞ നല്കിയതു വലംകൈവിരൽകൊണ്ടായിരുന്നു എന്നും വാത്മീ

കി പറയുന്നുണ്ടു്; അത്രമാത്രമെയുള്ളു. അവസരം അല്പമൊന്നു മാററി, രാവണനെക്കൊണ്ടു സംസ്കൃതത്തിൽ സംസാരിപ്പിക്കാമെന്നുവെച്ചതു നമ്പ്യാരാകുന്നു. ആ രാക്ഷസരാജാവിനു ശിവപൂജയിലുള്ള അടിയുറച്ച നിഷ്ഠയെ തെളിയിക്കുന്നതിന്നുവേണ്ടിയായിരിക്കാം നമ്പ്യാർ അങ്ങിനെചെയ്തതു്. ആ സംസ്കൃതസംഭാഷണത്തിൽ അതിരുകവിഞ്ഞ ക്രോധത്തിന്റെ അടയാളങ്ങളൊന്നും കാണുന്നില്ലെന്നുള്ളതും പ്രത്യേകം സ്മരണീയമാണു്.

**5.** കാരാഗൃഹത്തിൽ കിടക്കുന്ന രാവണനെപ്പററി നാട്ടുകാർതമ്മിൽ നടത്തുന്ന സംഭാഷണവും, രാവണനു ചോറു കൊണ്ടുചെല്ലുന്ന സ്ത്രീകൾ ആ രാക്ഷസരാജാവിനെ കണക്കിനു കളിയാക്കുന്നതും മററും നമ്പ്യാരുടെ മനോധർമ്മത്തിൽനിന്നു് ഉടലെടുത്ത ഭാഗങ്ങളാണു്. മൂലത്തിൽ അതിന്റെ സൂചനപോലും കാണാനില്ല. അഹങ്കാരിയായ രാവണനെ ഒരു നല്ല പാഠം പഠിപ്പിക്കയും, അതുവഴി സാന്മാർഗ്ഗികമായ ഒരു പാഠം വായനക്കാരുടെ മുമ്പിൽ സമർപ്പിക്കയും ചെയ്യുന്നതിനു വേണ്ടിയായിരിക്കാം, നമ്പ്യാർ ഇങ്ങിനെ ഒരു മാററം വരുത്തിയതു്. നമ്പ്യാരുടെ ഈവക മനോധർമ്മസൃഷ്ടികൾ തുള്ളലിനെ എത്രമാത്രം ആകർഷകമാക്കിത്തീർത്തിട്ടുണ്ടെന്നു പ്രത്യേകം പറയേണ്ടതായിട്ടില്ലല്ലൊ.

**6.** കാർത്തവീര്യാർജ്ജുനൻ രാവണനെ ബന്ധിച്ചു കാരാഗൃഹത്തിലടച്ചിരിക്കുന്ന വിവരം ദേവന്മാരിൽനിന്നു പുലസ്ത്യൻ മനസ്സിലാക്കുന്നതായിട്ടാണു് മൂലത്തിൽ പറയുന്നതു്. അറിഞ്ഞഉടനേ 'വായുവേഗത്തിൽ' അദ്ദേഹം മാഹിഷ്മതിയിലെത്തുകയും ചെയ്യുന്നു. ഇതുരണ്ടും ഒരുപോലെ വേഗത്തിൽ നടന്നിരിക്കണം. തുള്ളലിലാകട്ടെ, രാവണൻ ആറുമാസം കാരാഗൃഹത്തിൽ കിടന്നു കഷ്ടപ്പെട്ടതായി നമ്പ്യാർ പറയുന്നു. ലോകകണ്ടകനായ രാവണനെ അത്രനീണ്ടകാലം കാരാഗൃഹ

ത്തിലിട്ടു കഷ്ടപ്പെടുത്തിയാലേ നമ്പ്യാർക്കു തൃപ്തിയുള്ളു. അഹങ്കാരികളെ നല്ലപാഠം പഠിപ്പിക്കുക എന്നതു് നമ്പ്യാരുടെ ഒരു പതിവാണല്ലോ. മഹർഷിയുടെ അപേക്ഷയനുസരിച്ചു രാവണനെ വിട്ടയച്ച അവസരത്തിൽ "ഇനി മേലിലെങ്കിലും മര്യാദയ്ക്കു ജീവിച്ചാൽകൊള്ളാം" എന്നു് കാർത്തവീര്യാർജ്ജുനനെക്കൊണ്ടു് നമ്പ്യാർ ഉപദേശിപ്പിക്കുന്നുണ്ടെന്നുള്ളതും പ്രത്യേകം ശ്രദ്ധേയമത്രെ.

അപ്രധാനങ്ങളായ വേറെചില വ്യതിയാനങ്ങളും അങ്ങിങ്ങായി കാണുന്നില്ലെന്നില്ല. എടുത്തുപറയത്തക്ക പ്രാധാന്യമില്ലാത്തതിനാൽ അവയൊന്നും ഇവിടെ വിവരിക്കുന്നില്ല. ചുററുപാടുകളെ ചിത്രീകരിക്കുന്നതിനും ഫലിതവും പരഹാസവും കൂട്ടിച്ചേർക്കുന്നതിനും വേണ്ടി ഉചിതങ്ങളായ സന്ദർഭങ്ങൾ സൃഷ്ടിക്കുന്ന വിഷയത്തിൽ നമ്പ്യാർ പ്രത്യേകം മനസ്സിരുത്തീട്ടുണ്ടെന്നുള്ളതു് എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ.

## വിട്ടുപോയ ഭാഗങ്ങൾ

നമ്പ്യാരുടെ പല തുള്ളലുകളുടേയും ഉപോൽഘാതങ്ങൾ നമുക്കു കിട്ടീട്ടില്ലെന്നും, അരങ്ങുകാർക്കു് അവകൊണ്ടു വലിയ ഉപയോഗമൊന്നുമില്ലാത്തതിനാൽ അവർ ആവശ്യമുള്ള ഭാഗങ്ങൾമാത്രം മുഖസ്ഥമാക്കി രംഗത്തിൽ പ്രയോഗിച്ചു പോന്നതാണെന്നും, അങ്ങിനെ ഗവേഷകന്മാർക്കു് അതിപ്രധാനങ്ങളായ ആ പ്രാർത്ഥനാപംക്തികൾ നശിച്ചുപോകാനിടയായതാണെന്നും, മഹാകവി ഉള്ളൂർ ഒരു ഉപന്യാസത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. * കാർത്തവീര്യാർജ്ജുനവിജയം തുള്ളൽ പകർത്തീട്ടുള്ള ഒരു താളിയോലഗ്രന്ഥത്തിൽ തുള്ള

* സാഹിത്യപരിഷൽത്രൈമാസികം. 1119 കർക്കിടകം. പുസ്തകം. 12. ലക്കം 4.

ഷിന്റെ ആരംഭത്തിലായി താഴെ ഉദ്ധരിക്കുന്ന വരികൾ അദ്ദേഹം കണ്ടിട്ടുണ്ടത്രെ.

വാണീ വിജിതശുകവാണീ! സജലഘന-
വേണീ! കനിവുടയ വാണീഭഗവതി നീ
വാണീടുകെൻമനസി വാണീവിലാസങ്ങൾക്കൊ-
രാണിയാം നിൻകടാക്ഷം കാണിനേരമുണ്ടെങ്കിൽ,
പ്രാണികൾക്കിച്ഛാസിദ്ധ്യ ചേണിക്കടപ്പാനൊരു
തോണിയാകുന്ന കളവാണീ! നിന്നുടെ കൃപ
താണീടരുതതിനു പാണികൾ കൂപ്പിപ്പാടേ
താണിതാ വണങ്ങുന്നേൻ ക്ഷോണിയിൽ വഴിപോലെ.

അമ്പലപ്പുഴതന്നിലിമ്പമായ്‌വാണരുളും
ചെമ്പകനാട്ടിൻപ്രഭു വൻപൻ, നൃവരന്മാരിൽ
മുൻപൻ വളരെധനസമ്പത്തു വർദ്ധിപ്പിച്ച
തമ്പുരാനിന്ദ്രതുല്യൻതൻപാദാംബുജങ്ങളെ
കുമ്പിട്ടു വണങ്ങുന്നേനമ്പിലനുദിനവും.

കുടമാളൂർമഠമിതിൽ തിങ്ങീടിന
കുലദൈവതകുലമായിരമെട്ടും
ഉടമയിലടിയനു വരമരുളേണം
കടുതരദുരിതമൊഴിച്ചീടേണം.

ഇവിടെ സൂചിപ്പിച്ചിട്ടുള്ള ആയിരത്തെട്ടു കുലദേവതകളെ ചെമ്പകശ്ശേരി രാജാക്കന്മാരുടെ കുലഗൃഹമായ കുടമാളൂർ വലിയമഠത്തിൽ ഇപ്പോഴും പൂജിച്ചുവരുന്നുണ്ടെന്നുകൂടി ഉള്ളൂർ പറയുന്നുണ്ടു്. "കീർത്തിയേറുമായിരത്തെട്ടു മൂർത്തികളും തുണയ്ക്കേണം" എന്നു കുഞ്ചൻനമ്പ്യാർ കിരാതം വഞ്ചിപ്പാട്ടിൽ പ്രാർത്ഥിക്കുന്നുണ്ടെന്നുള്ളതും ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ടു്.

വെറും കൗതുകംകൊണ്ടു മാത്രമല്ല, വിദ്യാർത്ഥികളിൽ ജിജ്ഞാസുക്കളായ ചിലർക്കെങ്കിലും ഭാവിയിൽ മാർഗ്ഗദർശകമാ

യിത്തീൎന്നാലല്ലോ എന്നുള്ള വിചാരംകൊണ്ടുകൂടിയാണു് ഈ കാൎയ്യം ഇവിടെ പ്രസ്താവിക്കാമെന്നുവെച്ചതു്.

## തുള്ളൽവൃത്തങ്ങൾ

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങിനെ തുള്ളൽ മൂന്നുതരമുണ്ടു്. ശീതങ്കൻ, പറയൻ എന്നീ പേരുകൾ അമ്പലപ്പുഴയിലെ വേലകളിയിൽനിന്നു പകൎന്നതായിരിക്കാമെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. വളരെ പതിഞ്ഞമട്ടിൽ പാടേണ്ടതു പറയൻതുള്ളലാണു്. ശീതങ്കനു് അതിനേക്കാൾ അല്പം വേഗം കൂടും. കൂട്ടത്തിൽ വേഗം പാടാവുന്നതു് ഓട്ടൻതുള്ളലാകുന്നു. അതുകൊണ്ടുതന്നെയായിരിക്കാം അതിനു് ആ പേരു കിട്ടിയതു്. 'കാൎത്തവീൎയ്യാൎജ്ജുനവിജയം ഓട്ടൻതുള്ളൽ എന്ന ഇനത്തിൽ പെട്ടതാകുന്നു. പ്രസ്തുതകൃതിയിൽ തരംഗിണി, അൎദ്ധകേക, സ്വാഗത, സുമംഗല, ദോധകം, മൌക്തികപംക്തി, മിശ്രകാകളി, കളകാഞ്ചി എന്നീ വൃത്തങ്ങളാണു്, പ്രാധാന്യേന പ്രയോഗിക്കപ്പെട്ടിരിക്കുന്നതു്. ഇവയിൽ തരംഗിണിമാത്രമേ തനി തുള്ളൽവൃത്തമായിട്ടുള്ളു. അൎദ്ധകേകയും മിശ്രകാകളിയും കളകാഞ്ചിയും കിളിപ്പാട്ടുവൃത്തങ്ങളുടെ രൂപാന്തരമാകുന്നു; സ്വാഗത, സുമംഗല, ദോധകം, മൌക്തികപംക്തി എന്നിവ സംസ്കൃതവൃത്തങ്ങളും. എല്ലാ വൃത്തങ്ങളുടേയും ലക്ഷണവും ഉദാഹരണവും യഥാക്രമം താഴെ ചേൎക്കുന്നു.

ദ്വിമാത്രം ഗണമെട്ടെണ്ണം
യതി മദ്ധ്യം **തരംഗിണി.**

ഉദാ:— i അമലസലിലനവകമലവിമലതര
ശമലഹരണജനപടുതമമതിരുചി

ഉദാ— ii അക്കാലങ്ങളിലതിഭുജവിക്രമ
ധിക്കൃതശക്രപരാക്രമനാകിയ

* കേകാപാദമത്തയച്ഛിച്ചാ–
**ലർദ്ധകേക**യതായിടും

ഉദാ:— പിണ്ഡമുരുട്ടിയോരോരോ കിണ്ണത്തിൽ വെച്ചുകൊണ്ടു
പെണ്ണുങ്ങൾ വന്നുനിന്നീവണ്ണം പറഞ്ഞീടുന്നു

**സ്വാഗതയ്ക്കു** രനഭം ഗുരു രണ്ടും

ഉദാ:— ചിത്രയോധി പുനരിത്തൊഴിലെല്ലാം
തത്ര നിന്നു ബത കണ്ടു കയർത്തു

ഈ സംസ്കൃതവൃത്തത്തെ നമ്പ്യാർ മാത്രാപ്രധാനമായും പ്രയോഗിച്ചു കാണുന്നുണ്ടു്.

ഉദാ:— കുംഭകർണ്ണഗുരു രാവണനെന്നൊരു
വമ്പനിങ്ങു നിവസിക്കുമങ്ങൊരു

ജഭം ജരത്തോടു **സുമംഗലാഖ്യം**

ഈ വൃത്തം മാത്രാപ്രധാനമായിട്ടാണു് പ്രസ്തുതകൃതിയിൽ കാണുന്നതു്.

ഉദാ:— ചെവിക്കസഹ്യത പെരുകിന വാക്കുകൾ
ശ്രവിച്ചു ഭൂപതി വിരവോടു കൈകളിൽ

മൂന്നു ഭ രണ്ടു ഗ **ദോധകവൃ**ത്തം

ഉദാ:— സത്വരമമ്പൊടു പുഷ്പകമപ്പോ–
ളുത്തരദിക്കിനു ധാവതിചെയ്തു

നയഭ ഗഗം കേൾ **മൗക്തികപംക്തി**

---

* മൂന്നും രണ്ടും രണ്ടു, മൂന്നും രണ്ടും രണ്ടെന്നെഴുത്തുകൾ
പതിന്നാലിന്നാറുഗണം പാദം രണ്ടിലുമൊന്നുപോൽ
ഗുരുവൊന്നെങ്കിലും വേണം മാറാതോരോ ഗണത്തിലും
നടുക്കു യതി പാദാദിപ്പൊരുത്തമിതു കേകയാം.

ഉദാ:—സുകൃതിവിശേഷം സുത്രുവിശേഷം
സുമതിവിശേഷം സൂക്തിവിശേഷം

ഇച്ഛപോലെ ചിലേടത്തു
ലഘുപ്രായഗണങ്ങളെ
ചേർത്തും കാകളി ചെയ്തീടാ-
മതിൻപേർ **മിശ്രകാകളി**

ഉദാ:—

i കണ്ണന്റെ വീര്യമുള്ള കണ്ണതാപമാർന്നു യുധി
കണ്ടിച്ച വില്ലുമത്തുമിണ്ടല്ലൂ മൂലമായ്

ii നൃപതികുലനാഥനും നിരൃതികുലനാഥനും
സപദി ബത തങ്ങളിൽ സമരമിടകൂടിനാർ

iii പലപൊഴുതുമവർ കരുതി കറവതു വരരുതിവിടെ
നിരവധികനിശിതശരമരിവരനിലരിശമൊടു

കാകളിക്കാദ്യപാദത്തെ രണ്ടാം മൂന്നാം ഗണങ്ങളെ
അയ്യഞ്ചു ലഘുവാക്കീടിലുളവാം **കളകാഞ്ചി** കേൾ

ഉദാ:—ഝടിതി ദശമുഖനുടയ മുടികൾ പിടിപെട്ടട-
നങ്ങോട്ടുമിങ്ങോട്ടുമുന്തിയും തള്ളിയും

വൃത്തമഞ്ജരിയിലെ ലക്ഷണപരിധിയിൽ പെടാത്ത ചില വൃത്തങ്ങൾ മററു തുള്ളലുകളിലെന്നപോലെ 'കാർത്തവീര്യാർജ്ജുനവിജയ'ത്തിലും കാണുന്നുണ്ടു്. മററു വൃത്തങ്ങളുടെ അനുഭവം വെച്ചുനോക്കിയാൽ, അന്നു നാടോടികളായിരുന്ന വല്ല ഗാനരീതികളേയും പകർത്തുകയോ, അഥവാ, വല്ല സംസ്കൃതവൃത്തങ്ങളേയും പരിഷ്കരിക്കുകയോ ചെയ്തതിന്റെ ഫലമായി രൂപമെടുത്തവയായിരിക്കാം ഈവക വൃത്തങ്ങളും, എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മററു ചില ഭാഷാവൃത്തങ്ങളെപ്പോലെതന്നെ ഇവയും ഇനി ലക്ഷണനിർണ്ണയം സാധിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

# കാർത്തവീര്യാർജ്ജുനവിജയം

## (ഓട്ടൻ തുള്ളൽ)

അക്കാലങ്ങളിലതിഭുജവിക്രമ
ധിക്കൃതശക്രപരാക്രമനാകിയ
നക്തഞ്ചരപതി രാവണനെന്നൊരു
ശക്തൻ വന്നു പിറന്നു ധരായാം.
പത്തുമുഖങ്ങളുമിരുപതു കൈകളു-
മത്യുന്നതഗിരി സന്നിഭമാകിയ
ഗാത്രവുമുരുതര ഭീഷണമിരുപതു
നേത്രവുമുൽകടദംഷ്ട്രാനികരം
എത്ര ഭയങ്കരമാകൃതി കണ്ടാൽ
മിത്രതനൂജനുമാശു ഭയപ്പെടു-
മത്ര മഹാബലനാകിയ ദശമുഖ-
നത്തൽ വെടിഞ്ഞു തപം ചെയ്തുടനേ
പങ്കജഭവനൊടു വരവും വാങ്ങി-
ക്കിങ്കരസംഘസമേതം വിരവൊടു
ലങ്കാനഗരമടക്കി വസിച്ചഥ
ശങ്കാരഹിതം ധനപതി തന്നുടെ
ഹുങ്കാരത്തെയടക്കി ജയിച്ചൊര-
ഹങ്കാരങ്ങൾ നിലയ്ക്കാഞ്ഞതൻപൊടു
ശങ്കരഭഗവാൻ വാണരുളുന്ന ഭ-
യങ്കരമാകിയ കൈലാസത്തെ

കത്തിയെടുത്തു കരങ്ങളിലാക്കി-
സ്സുതരാമമ്മാനക്കളിയാടി,
പത്തിരുപതുകുറി പൊക്കിയെറിഞ്ഞും
ശക്തി പെരുത്ത കരങ്ങളിലേററും.
മുപ്പുരവൈരിക്കതുകൊണ്ടവനൊടൊ-
രപ്രിയമുണ്ടായില്ല വിശേഷി-
ച്ചത്ഭുതമായൊരു വാളും നല്കി
ക്ഷിപ്രമനുഗ്രഹമേകിയയച്ചു.
പുഷ്പകമായ വിമാനവുമേറി-
പ്പുഷ്പശരാരിയെ വന്ദിച്ചുടനേ
ഭൂതലവും പാതാളം സ്വർഗ്ഗം
വീതഭയേന ജയിച്ചു ദശാസ്യൻ
സമരാങ്കണമതിലമരാധിപനുടെ
സമരാടോപവുമാശു ശമിപ്പി-
ച്ചമരാംഗനമാരെക്കൊണ്ടഥ വെൺ-
ചാമരവ്യജനം വീശിപ്പിച്ചു;
നന്ദനവിപിനേ കല്പദ്രുമഹരി-
ചന്ദനമന്ദാരാദിമരങ്ങടെ
വൃന്ദമശേഷം പിഴുതു പതുക്കെ
സ്യന്ദനമേററിക്കൊണ്ടു തിരിച്ചഥ
കണ്ഠേതരഭുജവിക്രമനാം ദശ-
കണ്ഠൻ തന്നുടെ ലങ്കാനഗരേ
കൊണ്ടിഹ വന്നുടനുദ്യാനങ്ങളു-
മുണ്ടാക്കിപ്പുനരത്ര വസിച്ചു.
ശാരദനീരദസന്നിഭനാകിയ
നാരദമാമുനി വീണയുമായി

ചാരുദയാനിധി കലഹപ്രീതിവി-
ശാരദനാകിയ ഭഗവാനൊരു നാൾ
ധീരനതാകിയ നക്തഞ്ചരപതി
വീരനിരിക്കും മണിമാളികമേൽ
ചാരുദയാഘന മോദമൊടങ്ങിനെ
പാരാതങ്ങെഴുനള്ളി തദാനീം.
ഉന്നതനാകിയ രാവണനപ്പോ-
ളുത്ഥാനം ചെയ്താശു വണങ്ങി
ഭക്തിപുരസ്സരമർഘ്യാദികൾകൊ-
ണ്ടത്യാദരമാരാധനചെയ്തു
ഭദ്രാസനവും നല്കിയിരുത്തി
ഭദ്രതരം കുശലപ്രശ്നാദികൾ
സമുദാചാരം ചെയ്തു പതുക്കെ-
സ്സംസൽക്കരണവുമാശു കഴിച്ചു.
"കമലാസനസുതനാകിയ മുനിവര!
വിമലഗുണാലയ! നാരദഭഗവൻ!
ഭവദാഗമനംകൊണ്ടു മദീയം
ഭവനം പാവനമാക്കി, വിശേഷാൽ
ഭുവനം മൂന്നിലുമുള്ള ജനാനാ-
മവനം ചെയ്യും നിന്തിരുവടിയെ-
ക്കണ്ടതുകൊണ്ടിഹ കളിയല്ലേ ദശ-
കണ്ഠനു മനസി മഹാ സന്തോഷം.
കുണ്ഠിതസുകൃതന്മാൎക്കു ഭവാനെ-
ക്കണ്ടു രസിപ്പാനെളുതല്ലേതും.
നമ്മുടെ വിക്രമമല്പമിതല്ലൊര-
ഹമ്മതി ഞാൻ പറകല്ല മുനീന്ദ്ര!

നമ്മെക്കൊണ്ടു ജഗത്ത്രയവാസികൾ
ചെമ്മേ കിമപി പറഞ്ഞീടുന്നു?
ധാൎമ്മികരാകിയ നിങ്ങൾക്കെന്തിഹ
ധാരണ? എല്ലാം കല്പിച്ചാലും.
ത്രിഭുവനവാസികളെല്ലാം നമ്മുടെ
വിഭവംകണ്ടു പുകഴ്ത്തുന്നില്ലേ?
'സുഭഗൻ ദശമുഖ'നൊന്നൊരു നാണിയ-
മഹഹോ! ദിശിദിശി കേൾക്കുന്നില്ലേ?
മന്നിലിരിക്കും മാനിനിമാർ പുന-
രെന്നെക്കൊണ്ടു പുകഴ്ത്തുന്നില്ലേ?
എന്നെക്കാണാഞ്ഞംഗനമാരഥ
ഖിന്നതപൂണ്ടു വസിക്കുന്നില്ലേ?
നമ്മുടെ ഗുണമിതു മറെറാരു കൂട്ട-
ക്കാൎക്കു ലഭിപ്പാനതി വൈഷമ്യം.
ഉള്ളിലസൂയ നിറഞ്ഞു കവിഞ്ഞഥ
തുള്ളി നടക്കും കസൃതിക്കാരതു
കൊള്ളരുതെന്നു ദുഷിക്കുന്നതുകൊ-
ണ്ടെള്ളോളം ഭയമില്ല നമുക്കു്".
ഭള്ളു പറഞ്ഞു ഫലിപ്പിക്കയുമ-
ല്ലുള്ളതുതന്നെ കഥിച്ചീടുന്നേൻ.
തീൎത്തുരചെയ്യാമിന്നിഹ നമ്മോടു
നേൎത്തു വരുന്നവരൊക്കെ മടങ്ങും.
ധൂൎത്തുകൾ നമ്മോടു കൂടുകയില്ലെ-
ന്നോൎത്തു മഹേന്ദ്രനടങ്ങിപ്പാൎത്തു.
ജംഭാന്തകനുടെ കുംഭിപ്രവരൻ
കൊമ്പുകൾ നാലുമുയൎത്തിക്കൊണ്ടഥ

തുമ്പിക്കരമതിൽ മുസലവുമേന്തി-
ജ്ജൃംഭിച്ചാശു വരുന്നേരം ഞാൻ
മുമ്പിൽ ചെന്നഥ കൊമ്പുപിടിച്ചു ത-
രിമ്പു വിടാതെ കരിമ്പു കണക്കേ
കൊമ്പുകൾ നാലുമൊരൻപതു ഖണ്ഡി-
ച്ചൻപൊട്ടു കുംഭമടിച്ചു പിളന്നു;
ഇമ്പമകന്നതി കമ്പമിയന്നുട-
നമ്പർകുലങ്ങളിൽ മുമ്പനതാകിന
വൻപൻ മണ്ടി നിലിമ്പപുരത്തിന-
കം പുക്കാനതിസംഭ്രമസഹിതം.
കുംഭമുലച്ചികളാകിയ സുരകുല-
ശംഭളിമാരെ വിളിച്ചുവരുത്തി
സംഭോഗാദി സുഖത്തെ ലഭിച്ചിതു
സരസം ഞാനതു ബോധിച്ചാലും.
വെള്ളിക്കുന്നു പറിച്ചു കരത്തിൽ
തുള്ളിയ്ക്കുന്നൊരു നേരമതിന്മേൽ
പള്ളിയുറങ്ങും പരമേശ്വരനുടെ
പുള്ളിമൃഗാക്ഷി മൃഡാനീദേവി-
യ്ക്കുള്ളിലിരിക്കും കലഹം തീർപ്പാ-
നുള്ളൊരു സംഗതി വന്നതുമൂലം
കൊള്ളാമിവനുടെ തൊഴിലെന്നൊരു തിരു-
വുള്ളം ഭഗവാനെങ്കലുദിച്ചു.
ശക്രനുമഗ്നിയുമന്തകവീരനു-
രക്കൻ വരുണൻ വായു ധനേശൻ
മുക്കണ്ണനുമിവരെട്ടു വസുക്കളു-
മൊക്കെക്കപ്പമെനിക്കു തരുന്നു.

സൎവ്വസുരാംഗനമാരിൽ മികച്ചൊരു
ഉൎവ്വശി മേനക രംഭ തിലോത്തമ
നിത്യവുമിവർ വന്നെന്നുടെ ലങ്കയി-
ലച്ചികളായവർവേലയെടുപ്പാൻ
നമ്മുടെ ഭവനം തൂക്ക തളിക്ക പ-
ടിക്കമെട്ടുക്ക പടിപ്പുര മെഴുകുക
മണ്ഡോദരിയുടെ തലമുടിയിൽ പുന-
രെണ്ണ കുളുൎക്കെത്തേപ്പിപ്പാനും
താളിയുമിഞ്ചയുമുണ്ടാക്കാനും
ആളികളെപ്പരിപാലിപ്പാനും
മാളികമേൽ മണിമെത്ത വിരിപ്പാൻ
കേളിഗൃഹങ്ങളടിച്ചു തളിപ്പാൻ
ഇങ്ങിനെ വിടുപണിയൊക്കെയെടുപ്പാ-
നിന്ദ്രസുരാംഗനമാരാകുന്നു.
അങ്ങിനെ നമ്മുടെ കല്പനയായതി-
നെന്നുമൊരല്പം കുറവുമതില്ല.
ഇന്ദ്രജിദാഖ്യൻ നമ്മുടെ നന്ദന-
നിന്ദ്രനെ യുദ്ധം ചെയ്തു ജയിച്ചു;
എന്നല്ലവനെബ്ബന്ധിച്ചുംകൊ-
ണ്ടെന്നുടെ മുമ്പിൽ കൊണ്ടിഹ വന്നു.
‘ലങ്കാപുരിയുടെ തോരണമൂലേ
ശൃംഖലകൊണ്ടു തളച്ചേച്ചാലും’
ഇങ്ങിനെ നമ്മുടെ കല്പന കേട്ടവ-
നങ്ങിനെ ചെയ്താനുണ്ണി സമൎത്ഥൻ.
കണ്ണുകളായിരമുള്ളവനവിടെ-
ക്കണ്ണീർ കൊണ്ടൊരു നദിയുണ്ടാക്കി

വിണ്ണവർനാട്ടു വെടിഞ്ഞു വരുന്നൊരു
പെണ്ണുങ്ങൾക്കു കളിപ്പാൻ കൊള്ളാം.
ഇക്കഥയും ഭുവനത്രയവാസിക-
ളൊക്കെപ്പരിചൊടു ബോധിക്കുന്നു.
ഭുവനതലങ്ങൾ ജയിച്ച വിശേഷം
മാമുനിപുംഗവനറിയുന്നില്ലേ?
പുഷ്ടി പെരുത്തൊരു നരവരവീര-
ശ്രേഷ്ഠന്മാരുടെ നാടും നഗരവു-
മൊക്കെച്ചുട്ടു പൊടിച്ചും പിന്നെ-
ക്കിട്ടുന്നവരെയടിച്ചു മുടിച്ചും
ഒട്ടും കൃപയില്ലാത്ത നിരാചര-
ദുഷ്ടന്മാരുടെ കരുമനമൂലം
നഷ്ടമതായി മഹീതല, മത്തൊഴിൽ
ചട്ടമിതെന്നു നമുക്കില്ലേതും.
ദുഷ്ടന്മാരാമവരു ദിനംപ്രതി
കഷ്ടമിതോർത്താലത്ഭുതമല്ലോ.
പട്ടിണിയിട്ടുവരുന്ന ജനത്തി-
ന്നഷ്ടി കൊടുക്കാത്തവനീശന്മാർ
കെട്ടിസ്വരൂപിക്കുന്നു സുവർണ്ണം
പട്ടും പൊന്നും പണവുമിതെല്ലാം.
പെട്ടെന്നാശു പിടിച്ചു പറിപ്പാ-
നൊട്ടും ദൂഷണമില്ല നമുക്കു്.
പട്ടന്മാരൊടു കടവും കൊണ്ടവ-
രഷ്ടി കഴിച്ചു കിടന്നീടുന്നു.
ഗാന്ധാരീപതിതന്നുടെ രാജ്യം
കാന്താരത്തിനു സദൃശമതായി;

സിംഹളഭൂപതിതന്നുടെ നാട്ടിൽ
സിംഹം പുലിയും ചെന്നു നിറഞ്ഞു;
ചേരനരാധിപനങ്ങു വനത്തിൽ
താളം തകരയുമശനമതായി;
ചോളമഹീശനു കൊററിനു കമ്പ-
ച്ചോളമതല്ലാതില്ലൊരു വസ്തു;
കുരുരാജാക്കന്മാൎക്കിഹ ചക്ക-
ക്കുരുവല്ലാതില്ലൊന്നു ഭുജിപ്പാൻ;
കാശ്മീരാവനിവല്ലഭനിപ്പോൾ
കൂശ്മം തിന്നു കിടന്നീടുന്നു;
ചാമ്പേയാവനിവല്ലഭനിപ്പോൾ
ചേമ്പു കിഴങ്ങും പഴയരിയായി;
കൊങ്കണരാജൻ തൻപ്രിയമാരുടെ
കൊങ്കകളോൎത്തു രമിപ്പാററായി;
കൊങ്കണഭൂപതി പണമുള്ളവരുടെ-
യങ്കണദേശേ ശയനം പോടീ;
ഭോജനരാധിപതിക്കുമിദാനീം
ഭോജനമെങ്ങും കിടയാതായീ;
അംഗമഹീശനുമഷ്ടി ലഭിക്കാ-
ഞ്ഞംഗമശേഷം കൃശതമമായീ;
കാലിംഗേശനുമേററു നടപ്പാൻ
കാലിനു ശക്തി കുറഞ്ഞു തുടങ്ങി;
കാശിനരേന്ദ്രനുമിക്കാലത്തൊരു
കാശിനു മുതലില്ലാതെ ചമഞ്ഞു;
കുന്തളനരപതി കുത്തിക്കവരാൻ
കുന്തവുമേന്തി നടന്നുതുടങ്ങി;

എന്തിനു പലവിധമുരചെയ്യുന്നു?
പംക്തിവരൻെറ പരാക്രമപുഷ്ടികൾ
ചിന്തിച്ചാലവസാനവുമില്ല,
നിന്തിരുവടിയറിയാത്തതുമല്ല;
ഭൂതലവും സ്വർഗ്ഗം പാതാളം
ഭുവനം മൂന്നിലുമിന്നിഹ പാർത്താൽ
രാവണനോടു സമാനപരാക്രമ
നേവനൊരധിപതിയുള്ളൂ മുനീന്ദ്ര!
എങ്ങാനൊരു ദിശി മൽസമനൊരുവൻ
തുംഗാഹംകൃതിഭാവത്തോടേ
സംഗരശൂരനതുണ്ടെന്നാല-
ച്ചെങ്ങാതിയ്ക്കുമനർത്ഥമടുത്തു;
ഉണ്ടെന്നാലതുമരുൾചെയ്യേണം
ചെണ്ടക്കാരനു മരണത്തിന്നൊരു
രണ്ടോ നാലോ ദിവസം താമസ-
മുണ്ടാമായതിലേററം വേണ്ട.
കുണ്ഠതരപ്രാണന്മാരൊടു ദശ-
കണ്ഠനു പൊരുവാനാഗ്രഹമില്ല;
കുണ്ഠന്മാരിവരയ്യോ! നമ്മുടെ
രണ്ടടികൊൾവാനാരും പോരാ."
ഉരത്താനന്നേരം നാരദൻ:—
"ഒരുത്തൻ നിന്നോടു പോരിനു
സമർത്ഥനില്ലെന്നോ? രാവണ!
മരുത്തൻ മന്നവൻ നിന്നുടെ
മദത്തെശ്ശമിപ്പിച്ചില്ലേ?
തരത്തിൽ ജയിച്ചുവെന്നതു

വരുത്തിപ്പോന്നില്ലേ നീ? അതി–
സമൎത്ഥൻ പൌരുഷമിങ്ങിനെ
കിമൎത്ഥം ഘോഷിക്കുന്നു ബത!
അനൎത്ഥം നിന്നുടെ വാക്കുകൾ
സമസ്തം നിന്ദിച്ചു ചൊന്നാൽ.

എങ്കിൽ പറയാം, നിന്നുടെ ഹുംകൃതി
ലംഘിപ്പതിനിഹ മതിയായുള്ള ഭ–
യങ്കരഭുജബലമുള്ളൊരു പുരുഷൻ
ലങ്കാധിപതേ! കേട്ടാലും നീ.
ഹേഹയനൃവരന്മാൎക്കു വസിപ്പാൻ
മാഹിഷ്മതിയെന്നുണ്ടൊരു നഗരി.
കൃതവീൎയ്യാത്മജനൎജ്ജുനനെന്നൊരു
മതിമാൻ ഭൂപതി തത്ര ജനിച്ചു.
നീണ്ടു തടിച്ച ഭുജങ്ങളൊരായിര–
മുണ്ടൎജ്ജുനനതു ബോധിച്ചാലും!
വമ്പനതാകിയ നിൻെറ ഭുജങ്ങളി–
ലൊമ്പതു ശതവുമൊരെൺപതുമേറും;
നിന്നേക്കാൾ ഭുജവിക്രമമേറും;
നിന്നേക്കാൾ ഭുജശക്തിയുമേറും.
പിന്നെയുമുണ്ടു വിശേഷമിതോൎത്താൽ
സജ്ജനദൂഷണമൎജ്ജുനനില്ല;
അവനുടെ ജനവും നിന്നുടെ ജനവും
ശിവശിവ! വളരെ വിശേഷമതോൎത്താൽ.
അവനിയിലുള്ള മനുഷ്യരെയെല്ലാം
അവികലമവനിഹ രക്ഷിയ്ക്കുന്നു!

തവ ഭൃത്യന്മാരവനിയിലുള്ള മ-
നുഷ്യരെയെല്ലാം ഭക്ഷിക്കുന്നു.
അക്കൂട്ടം പുനരവനിസുരന്മാ-
ൎക്കില്ലം വളരെപ്പണിയിക്കുന്നു;
ഇക്കൂട്ടം പുനരന്തണവരരുടെ
ഇല്ലം ചുട്ടു മുടിച്ചീടുന്നു.
അജ്ജനമിഷ്ടി തുടങ്ങിക്കുന്നു
ഇജ്ജനമിഷ്ടി മുടക്കിക്കുന്നു.
അവർ ബഹുധൎമ്മം സാധിക്കുന്നു
ഇവർ ബഹുധൎമ്മം ബാധിക്കുന്നു.
അൎജ്ജുനനും രാവണനും തമ്മിൽ
ആനയുമാടുംപോലെ വിശേഷം.
അജ്ജനമിങ്ങിനെ പറയിക്കുന്നു
ലജ്ജ നിനക്കു തരിമ്പുണ്ടെങ്കിൽ
അൎജ്ജുനനൃപനെ വധിക്കണമെന്നേ
ദുൎജ്ജനദൂഷണവാക്കു ശമിപ്പൂ.
നിന്നെ സ്നേഹമെനിക്കുണ്ടതുകൊ-
ണ്ടെന്നോടു വൈരമവൎക്കെല്ലാൎക്കും;
കേവലമിങ്ങിനെ ലങ്കാപതിയുടെ
സേവകനായതു നാരദനെന്നു
ദേവകൾ ഋഷികൾ മനുഷ്യജനങ്ങളു-
മെന്നെക്കൊണ്ടു ദുഷിച്ചീടുന്നു;
ഏഷണികൂട്ടം നാരദനെന്നൊരു
ദൂഷണമുണ്ടു നമുക്കിഹ പണ്ടേ.
ഭോഷന്മാരതു പറയും, ചെറുതു വി-
ശേഷജ്ഞന്മാർ പറകയുമില്ല!

അതുകൊണ്ടേതും ഖേദമെനിക്കി-
ല്ലിതുകൊണ്ടധികവിഷാദവുമുണ്ടു്;
കശ്മലനാകിയ കൃതവീൎയ്യസുതൻ
വിശ്വപ്രഭുവാകുന്ന ഭവാനെ
പുല്ക്കൊടിപോലെ നിന്ദിക്കുന്നതെ-
നിക്കു സഹിക്കുന്നില്ല ദശാസ്യ!
'ബാഹുജവംശംതന്നിലധീശൻ
ബാഹുസഹസ്രംകൊണ്ടു പ്രസിദ്ധൻ
ഹേഹയമന്നവനുന്നതവീരൻ
ആഹവശൂരൻ അതിഗംഭീരൻ'
ഇങ്ങിനെ സൎവ്വജനങ്ങൾ പുകഴ്ത്തി-
ത്തിങ്ങിന ഗൎവ്വമുഴുത്തുചമഞ്ഞു;
അങ്ങിനെയുള്ള മഹാമന്നവനെ-
സ്സംഗരസീമനി സപദി ജയിച്ചാൽ
തുംഗമതാകിന കീൎത്തിവിജൃംഭണ-
മങ്ങു ഭവാനു ലഭിക്കും നിയതം.
ഭംഗം വരികയുമില്ല ഭവാനിഹ
സംഗതിയുണ്ടാം ബോധിപ്പാനും".

നാരദനെൻറ ഗിരമമ്പൊടു കേട്ടഥ
ഘോരഘോരതരഭാവമിയന്നു
ആരവേണ ഭുവനങ്ങൾ മുഴക്കി
ക്രൂരദൃഷ്ടികൾ തുറിച്ചു മിഴിച്ചഥ
ചന്ദ്രഹാസവുമെടുത്തു കരത്തിൽ
മന്ദവേഗമെഴുന്നേററു ദശാസ്യൻ
ഇന്ദ്രവൈരി ദശകണ്ഠനമങ്ങര-
വിന്ദവാസ സുതനോടരുൾചെയ്തു:

"ജംഭവൈരിയുടെ വാഹനമാകിയ
കുംഭിരാജനുടെ കുംഭതടം ദൃഢ-
മിമ്പമോടുടനടിച്ചു പൊടിച്ചൊരു
കുംഭകർണ്ണഗുരു രാവണനെന്നൊരു
വമ്പനിങ്ങു നിവസിക്കയുമങ്ങൊരു
ഡംഭി മാനുഷകുലാധമനിങ്ങിനെ
ഡംഭു കാട്ടി വിളയാടുകയും ഭുവി
സംഭവിച്ചതിഹ കഷ്ടമഹോ ബത!
കുന്നിൻമകളുടെ നാഥനിരിക്കും
കുന്നെടുത്തുടനെറിഞ്ഞു പിടിക്കാം;
ഇന്ദ്രനാദി സുരവൃന്ദമശേഷം
മന്ദിരേ മമ പിടിച്ചു തടുക്കാം;
ചണ്ഡചണ്ഡമുടനന്തകദണ്ഡം
ദണ്ഡമെന്നിയെ വലിച്ചു മുറിക്കാം;
വമ്പനാമമരകുംഭിവരന്റെ
കൊമ്പു നാലുമഥ തല്ലിയൊടിക്കാം;
ഇത്ഥമത്ഭുതമനേകമെടുപ്പാൻ
ശക്തനായൊരു ദശാനനനിപ്പോൾ
മർത്ത്യമൂഢനിധനത്തിനു മാത്രം
പാത്രമല്ല കൃശനെന്നു വരാമോ?
കണ്ടുകൊൾക! മമ വിക്രമമിപ്പോൾ
രണ്ടു പക്ഷമതിനില്ല മുനീന്ദ്ര!
രണ്ടു നാലു ദിവസത്തിനകത്താ-
ത്തണ്ടുതപ്പിയുടെ ഡംഭു ശമിക്കും;
അർജ്ജുനന്റെ ഭുജദണ്ഡസഹസ്രം
രജ്ജുകൊണ്ടഥ വരിഞ്ഞു മുറുക്കി

പുഷ്പകക്കൊടിമരത്തൊടു കെട്ടി-
ട്ടുഷ്ണഭൂതാപമുടയോരവനെ ദ്രുത–
മത്ര കൊണ്ടുവരവേണമതിന്നിഹ
ചിത്രയോധി മമ മന്ത്രിവരിഷ്ഠന–
മത്രമാത്രമമരാരിസമം ഒരു
മാത്രകൊണ്ടുടനൊരുങ്ങി വരേണം:”

ഇത്തരം മൊഴി പറഞ്ഞു ദശാസ്യൻ
തത്രനിന്നു നിജപുഷ്പകമേറി
ചിത്രയോധിയെ വിളിച്ചു വരുത്തി
ച്ചിത്രമോടുടനെ യാത്ര തുടങ്ങി;
ചന്ദ്രഹാസവുമെടുത്തു പിടിച്ചു–
ങ്ങിന്ദ്രവൈരി സഹ നാരദനോടും
ചന്തമോടുടനുയന്നു തിരിച്ചാ–
നന്ധനായ ദശകന്ധരവീരൻ.

സത്വരമൻപൊടു പുഷ്പകമപ്പോ–
ളുത്തരദിക്കിനു ധാവതിചെയ്തു;
ചിത്തംകൊണ്ടു ചിരിച്ചഥ നാരദ–
നിത്ഥം നിന്നു പറഞ്ഞു തുടങ്ങി.
“അൎജ്ജുനനൃപനെക്കൊടിമരമൂലേ
രജ്ജുവെടുത്തു വരിഞ്ഞു മുറുക്കി–
ക്കൊണ്ടുവരുന്ന മഹോത്സവഘോഷം
കണ്ടു രസിപ്പാനഹമിഹ മാൎഗ്ഗേ
ഗൃദ്ധ്രമതായി വസിച്ചീടുന്നേൻ!;
കൂടെപ്പോന്നിട്ടെന്തൊരു കാൎയ്യം?
മൂഢന്മാരിവനേഷണി കൂട്ടാൻ
കൂടെ നടക്കുന്നെന്നു കഥിക്കും;

ഹേഹയനരവരപുരമതു സുരവര-
ഗേഹസമാനം ഭുവി വിലസിതമാം.
മാഹിഷ്മതിയെന്നതിനുടെ പേർ ബഹു-
മാഹാത്മ്യം ബഹു മഹനീയം ബഹു
രമണീയം ബഹു കമനീയം ബഹു
കമനീകുലമണിമണിമാടങ്ങളു-
മമലസലിലനവകമലവിമലതര-
ശമലഹരണജനപടുതമമതിരുചി
നർമ്മദയാകിന തീർത്ഥവിശേഷം
ശർമ്മദമാകിന പുളിനവിശേഷം
ധർമ്മദയാനിധി നൃപതിവിശേഷം
ധർമ്മപരായണപുരുഷവിശേഷം
രജതവിശേഷം രത്നവിശേഷം
കമനിവിശേഷം കാന്തിവിശേഷം
സുകൃതിവിശേഷം സൂത്രവിശേഷം
സുമതിവിശേഷം സൂക്തിവിശേഷം
ഇങ്ങിനെയുള്ള പുരത്തിലിറങ്ങി-
സ്സംഗതിപോലെ സമീഹിതകാര്യം
സാധിച്ചീടുക സാഹസമരുതതു
ബോധിച്ചീടുക ലങ്കാധിപതേ!”
ഇത്തരമരുൾചെയ്തീടിന നാരദ-
നത്ര മറഞ്ഞൊരു ശേഷം ദശമുഖ-
നത്തരനരവരപത്തനദേശേ
സത്വരമവിടെയിറങ്ങി വിമൂഢൻ.
നർമ്മദതന്നുടെ പുളിനംതന്നിൽ
ദുർമ്മദശാലി ദശാനനവീരൻ

ചിത്രയോധിയൊട്ട കൂടിപ്പുരിചൊട്ട
തത്ര നല്ല മണലുള്ള പ്രദേശേ
വസ്ത്രംകൊണ്ടൊരു പാളയമവിടെ-
ച്ചിത്രമതാക്കിത്തീൎത്തു ദശാസ്യൻ
രേവാസലിലേ ചെന്നു കളിച്ചു
ദേവാരാധനകോപ്പുകൾകൂട്ടി-
ശ്ശിവലിംഗത്തെയെടുത്തു നിരത്തി
ശ്ശിവപൂജയ്ക്കു തുടങ്ങി പതുക്കെ;
ജലഗന്ധാക്ഷതപുഷ്പാദികളും
ഫലമൂലം പുനരവിലും മലരും
ഗ്ഗുളവും കദളിപ്പഴവും പങ്കജ-
ദളവും ഗുൽഗുലുധൂപം ദീപം
വെള്ളിവിളക്കുകൾ പൊന്നിൻതളികകൾ
വെള്ളിക്കുടവും മണിതാലങ്ങിൽ
വെള്ളരി വെററില പാക്കും വെളുവെളെ-
യുള്ള പളുങ്കിന്മാലകളനവധി
മുല്ലപ്പൂമലർ ചെത്തിപ്പൂവും
വില്വദളങ്ങളെരിക്കിൻപൂവും
ചെമ്പകമലർ ചേമന്തിപ്പൂവും
തുമ്പപ്പൂ വെൺതുളസിപ്പൂവും
മണമിയലും കളഭം കൎപ്പൂരം
തണുതണ മലയജ കുങ്കുമഗന്ധം
ഘണഘണഘോഷം മണിയുടെ ഘോഷം
ഗണപതിബിംബം ഫണിപതിബിംബം
ഗ്ഗുണമിയലുന്ന ഷഡാനനബിംബം
ശങ്കരശങ്കരിമാരുടെ വിഗ്രഹ-

സംഘവുമവിടെ നിരത്തിപ്പരിചൊടു
പുഷ്പാഞ്ജലിയും മന്ത്രജപങ്ങളു-
മീവക പൂജകൾചെയ്തു വസിച്ചാ-
നവികലഭക്തൻ നക്തഞ്ചരപതി.
ചിത്രയോധിയെ വിളിച്ചുരചെയ്തു:—
"തത്ര ചെന്നു കൃതവീര്യജനാകും
ക്ഷത്രിയാധമനെ വേറെ വിളിച്ചഥ
വൎത്തമാനമറിയിച്ചു വരേണം;
'ഇപ്പടി നിന്നുടെ താന്തോന്നിത്തമ-
തിപ്പൊഴുതിവിടെ നടക്കയുമില്ല.
ചൊല്ലൊങ്ങും ദശകണ്ഠമഹേന്ദ്രൻ
കല്പിക്കുന്നതു കേട്ടേ പോവൂ.
കപ്പം തരണം നമ്മുടെ നാട്ടിലി-
രിപ്പാനാഗ്രഹമുണ്ടെന്നാകിൽ
മുപ്പറയും പുനരെട്ടൊന്നും ചില
വെപ്പുകളുണ്ടതു തന്നില്ലെങ്കിൽ
വെക്കം നിന്നുടെ നാടും നഗരവു-
മൊക്കെപ്പാടെയടക്കും നിന്നുടെ
ധിക്കാരങ്ങളഹങ്കാരങ്ങളു-
മിക്കാലങ്ങളിൽ നമ്മൊടു കൂടാ.
യുദ്ധം ചെയ്തു ജയിക്കാമെന്നൊരു
ബുദ്ധി നിനക്കു തരിമ്പുണ്ടെങ്കിൽ
പത്തുശതം കരമുള്ളതിൽ വില്ലുമെ-
ടുത്തു പടയ്ക്കു പുറപ്പെട്ടാലും.'
ഇപ്രകാരമവനോടുരചെയ്തുട-
നല്പബുദ്ധിയുടെ ഭാവമറിഞ്ഞിഹ

സത്വരം വരിക സാധുമതേ! നീ."
ചിത്രയോധി സചിവൻ സഹസാ ദശ–
വക്ത്രനെത്തൊഴുതുകൊണ്ടു നടന്നു;
തത്ര ഹേഹയനരേന്ദ്രനിരിക്കും
ചിത്രകാഞ്ചനമഹാപുരി പുക്കാൻ.

ധാൎമ്മികനാകിയ നരവരനപ്പോൾ
നൎമ്മദനദിയുടെ സലിലം തന്നിൽ
പെൺമണിമാരോടൊരുമിച്ചൻപൊടു
വെണ്മ കലൎന്നു കളിച്ചീടുന്നു.
നാരിമാരുമവരൎജ്ജുനനൃപതി–
ക്കായിരമുണ്ടു മഹാസുന്ദരിമാർ
ആയിരമുണ്ടു കരങ്ങളുമതിസുഖ–
മായി രമിപ്പാനതുമനുകൂലം.
മുഴുകിപ്പൊങ്ങും കാമിനിമാരെ–
ത്തഴുകിക്കൊണ്ടു രമിക്കും മുലകളിൽ
ഇഴുകും കുങ്കുമകളഭം നാടൻ–
പുഴുകും നൎമ്മദതന്നിൽ ദ്രുതതര–
മിഴുകും തലമുടി വടിവിലഴിഞ്ഞും
മലർനിര പയസിയഴിഞ്ഞു കവിഞ്ഞും
ചലമിഴിമാരുടെ തലയും മുലയും
തടഭുവി വാരിയഴിഞ്ഞു കവിഞ്ഞും
കമനികൾ തമ്മിലിടഞ്ഞു തടഞ്ഞും
മുഴുകിത്തത്തി മറിഞ്ഞു വലഞ്ഞും
നീന്തി വലഞ്ഞും തിരയിലുലഞ്ഞും
താലി കളഞ്ഞും തടനു തിരഞ്ഞും

തങ്ങൾ പിരിഞ്ഞും തോണികളിച്ചും
താണു കുളിച്ചും നാണമിളച്ചും
വേണിയഴിഞ്ഞും പാണി കുഴഞ്ഞും
ക്ഷോണീപതിയുടെ പാണി പിടിച്ചഥ
ചലമിഴിമാരുടെ മാറിലണച്ചും
ജലമൊഴുകീടിന മുലകൾ പുണർന്നും
മുഖചുംബനവും പല പല വിലസിത
കലിതലളിതകളികളുമതിചതുരം.
അമലകമലമുഖിമാരൊടുകൂടി-
ബ്ബഹുവിധമാരമഹോത്സവ രസമൊടു
നരപതിവീരൻ ക്രീഡിച്ചങ്ങിനെ
കനിവൊടു പയസി കളിക്കുന്നേരം
രാത്രിഞ്ചരവരദൂതനതാകിയ
ചിത്രയോധി വിരവോടു തിരഞ്ഞഥ
തത്ര ചെന്നു തടിനീതടഭാഗേ
മുക്തശങ്കമുരചെയ്തു തുടങ്ങി:—
"ഈരേഴുലകിനുമീശനതാകിയ
വീരൻ വാരാന്നിധിയുടെ മദ്ധ്യേ
ലങ്കാനഗരേ സ്വൈരമതായി
വാണരുളും ദശകണ്ഠപ്പെരുമാൾ
ഹേഹയനൃപതേ! നിന്നെക്കാണ്മാൻ
മാഹിഷ്മതിയിലെഴുന്നരുളുന്നു.
സാഹസമെന്തിപ്പെണ്ണുങ്ങളുമായ്
മോഹമിയന്നു കളിക്കുന്നെന്തിഹ?
ഝടിതി ഭവാൻ ചെന്നമ്പൊടു തന്തിരു-
വടിയുടെ ചരണസരോജേ ബദ്ധന-

മടിയററയും വെച്ചാശു വണങ്ങുക–
മുടിയരുതേ തവ നാടും നഗരവു–
മടിയാർ കുടിയാരങ്കം ചുങ്കം
പടയും കൊടയും പ്രജകളുമൊന്നും
മുടിയരുതാകിലശേഷം നിന്നുടെ
മുടിയിൽ തന്തിരുവടിയുടെയടിമലർ–
പൊടിയേററവിടെ വസിച്ചീടുക നീ.
പിടിപാടില്ലാത്തെന്തൊരു കഷ്ടം!
പിടിയാത്തവരൊടു പടവെട്ടിച്ചില
പിടിയാനകളും പിടികുതിരകളും
ഉടനേ കിട്ടിയതോത്തു തിമിത്തിഹ
പടുഭാവത്തെ നടിച്ചീടുന്നൊരു
വിടുഭോഷൻ നീ ദശമുഖചരിതം
വിരവൊടു ബോധിച്ചില്ലേ നിയതം?
ചടുലവിലോചനമാരുടെ തടമുല–
യുടലിലണച്ചു പുണന്നുംകൊണ്ടിഹ
നടനംചെയ്യും കാമിജനം മറു–
നാട്ടിലെ വാത്തകളെന്തറിയുന്നു?
മട്ടമലർശരനെച്ചുട്ടു പൊടിച്ചൊരു
നിടിലതടത്തോൻ വാണരുളുന്നൊരു
കുലഗിരിവരനെക്കുത്തിയെടുത്തു കു–
ലുക്കിയിളക്കിയെറിഞ്ഞു പിടിച്ചൊരു
കരബലജലനിധിയാകും രാവണ–
നലകു ജയിച്ച ജഗത്ത്രയമന്നൻ
ശ്രീമദുദാരശ്രീ ദശകണ്ഠ-
സ്വാമി ഭവാനോടരുൾചെയ്യുന്നു.

കല്പനയെന്തെന്നതുമുരചെയ്യാം
കപ്പം തരണം കാലംതോറും.
വിളവിൽപാതി നമുക്കു തരേണം
മുളകു സമസ്തവുമേല്പിക്കേണം.
തെങ്ങു കവുങ്ങുകൾ മാവും പ്ലാവും
എങ്ങുമെനിക്കിഹ കണ്ടെഴുതേണം;
മാടമ്പികളുടെ പദവികളൊന്നും
കൂട്ടുകയില്ലാ നമ്മുടെ നാട്ടിൽ;
വീടന്മാരും വിളവുകൾ നെല്ലുകൾ
വിത്തിലിരട്ടി നമുക്കു തരേണം;
നാട്ടിലിരിക്കും പട്ടന്മാരും
നാലാലൊന്നു നമുക്കു തരേണം;
വീട്ടിലിരിക്കും നായന്മാർ പട-
വില്ലും കുന്തവുമേന്തിച്ചെല്ലും-
വേലയെടുത്തു പൊറുക്കണമെല്ലാ-
നാളും പാത്താദ്ദശമുഖഭവനേ;
കള്ളു കുടിക്കും നായന്മാക്കടി-
കൊള്ളുംതാനമതോത്തീടേണം;
ഉള്ളിൽ കൂറില്ലാതെ ജനത്തെ-
ക്കൊള്ളിക്കുന്നെജമാനന്മാരൊരു
കൊള്ളിക്കും വിലപിടിയാതവരെ-
ത്തുള്ളിക്കും ദശകണ്ഠപ്പെരുമാൾ.
ഇങ്ങിനെയുള്ള ജളപ്രഭു മന്ത്രിക-
ളെങ്ങും ചേരുകയില്ലതുകൊണ്ടു്,
ഹേഹയനൃപതേ! നിന്നുടെ മന്ത്രിക-
ളാഹവശൂരന്മാരായുള്ളവ-

രെല്ലാമുടനേ ലങ്കാപുരിയിൽ
ചെല്ലാനരുളിച്ചെയ്തു ദശാസ്യൻ.
നെല്ലും പണവും പൊന്നും പാത്രവു-
മുള്ളതശേഷവുമങ്ങു കൊടുത്താൽ
തെല്ലും ദുർഘടമില്ല നിനക്കതു
നല്ല നരന്മാർക്കിക്കാലങ്ങളിൽ
വല്ലാതുള്ളൊരു ശംതതുടർന്നാൽ
വല്ലന്തിയുമിഹ വന്നു ഭവിക്കും.
നല്ലൊരു പെരുവഴി ഞാനിഹ നിന്നോടു
ചൊല്ലുന്നതു നീ മാനിക്കാഞ്ഞാൽ
പെട്ടെന്നിവിടെക്കാണാമനവധി
ദുഷ്ടന്മാർ ദശകണ്ഠഭടന്മാർ.
വട്ടക്കണ്ണും ചെമ്പൻതലയും
വായിൽ നിറഞ്ഞു വളഞ്ഞൊരു പല്ലും
അഞ്ജനശൈലംപോലെ ശരീരവു-
മതിതീവ്രനഖം മുഖവും കണ്ടാൽ
മർത്ത്യന്മാരുമമർത്ത്യന്മാരും
മൃത്യുഭയത്തെ പ്രാപിച്ചീടും.
യൂപാക്ഷൻ മകരാക്ഷൻ പിന്നെ വി-
രൂപാക്ഷൻ ധൂമ്രാക്ഷൻ ദുർമ്മുഖ-
നതികായൻ പ്രതികായൻ പ്രഹരൻ
വരദൻ പിന്നെ നികുംഭൻ നീരദൻ
കുംഭൻ കുംഭോദരനും പുനരഥ
വമ്പു പെരുത്ത മഹാപാർശ്വകനും
കമ്പനമീവക രാക്ഷസവൃന്ദം
വന്നു കരേറി മനുഷ്യരെയെല്ലാം

കൊന്നും തിന്നും ചോര കുടിച്ചും
സുന്ദരിമാരുടെ തലമുടി പിടിപെ-
ട്ടോന്നൊഴിയാതവർ കൊണ്ടുതിരിച്ച്
അമ്പലമൊക്കെത്തീണ്ടിത്തൊട്ടും
നമ്പൂരാരുടെ ഭവനം ചുട്ടും
എമ്പ്രാന്തിരിയെത്താഡിച്ചും പുന-
രമ്പലവാസികളെക്കൊലചെയ്തും
കലശല്യ പലതും കൂട്ടും നിന്നുടെ
കുലനാശത്തെ വരുത്തും നൃപതേ!
ഇങ്ങിനെ വളരെയനത്ഥം വരുമതു
നിങ്ങൾ നിനച്ചാലൊഴികയുമില്ല;
അത്തൊഴിലൊന്നും കൂടാതിവിടെ
സ്വസ്ഥതയോടു വസിക്കണമെങ്കിൽ,
ചൊല്ലോങ്ങും ദശകണ്ഠമഹേന്ദ്രന
കപ്പം തരണം കാലംതോറും
കല്പനകേട്ടു വസിച്ചെന്നാൽ പുന-
രല്പമൊരല്ലൽ ഭവിക്കയുമില്ല."

ഇത്ഥം ഘോഷിച്ചു ചിത്രയോധി പറയുന്നോര-
ബദ്ധവചനമതു കേട്ടു ഹേഹയനൃപൻ
പെട്ടെന്നു കൈകളെല്ലാം കൊട്ടിച്ചിരിച്ചുകൊണ്ടു
മട്ടോലുംമൊഴിമാരെക്കെട്ടിത്തഴുകിക്കൊണ്ടു
ഉത്തരമൊന്നുമുരിയാടാതേ വാരിധിയിൽ
സത്വരമങ്ങിറങ്ങി ക്രീഡതുടങ്ങി മെല്ലേ.
മുങ്ങുമങ്ങൊരുദിക്കിൽ പൊങ്ങുമങ്ങൊരുദിക്കിൽ
മാനിനിയെ വിളിക്കും ആഴത്തിലങ്ങൊളിക്കും

മെല്ലെമെല്ലെ കുളിക്കും ഓളത്തിൽചെന്നു ചാടും
മേളത്തിലാട്ടമാടും സുന്ദരിമാരെത്തേടും.
ക്രീഡകളൊന്നു മൂക്കും വാരിയിലങ്ങു നോക്കും
മുഞ്ഞിയും മഗ്നമാക്കും വെററില നല്ല പാക്കും
നകന്നു കളിവാക്കും പറഞ്ഞു തമ്മിൽ നോക്കും
തിരയിൽ ചാടി നീന്തും നെററിമേൽ കുറിചാന്തും
തഴുകി കാമഭ്രാന്തുപിടിച്ചപോലെ കാന്താ
നാരീജനങ്ങളോടു വാരിയിൽ ക്രീഡകളും
നേരംപോക്കല്ലാതൊരു നേരമിളക്കമില്ല.

ചിത്രയോധി പുനരിത്തൊഴിലെല്ലാം
തത്രനിന്നു ബത കണ്ടു കയത്തും-
കൊണ്ടുപോന്നു ദശകണ്ഠനിരിക്കും
പാളയത്തിലഥ പുക്കു വണങ്ങി.
വത്തമാനമറിയിച്ചൊരുനേരം
ക്രുദ്ധനാകിയ ദശാനനവീരൻ
ഭാഷകൊണ്ടു ശിവപൂജനമദ്ധ്യേ
ഭാഷണം വലിയ ദൂഷണ,മിങ്ങിനെ
ചിത്രയോധിയൊടു സംസ്കൃതമായി-
ട്ടുത്തമാത്രമരുൾചെയ്തു ദശാസ്യൻ:—
"അജ്ജുനസ്യ മയി കിം ബഹുമാനം
നാസ്തി തസ്യ? ബഹുകഷ്ടമിദാനീം;
ദുജ്ജനസ്യ ഗുണദോഷവിചാരോ
ദുല്ലഭോ ജഗതി കിം കഥനീയം?
ശാസനം മമ നിശമ്യ ദുരാത്മാ
ഹാസമേവ കൃതവാനവിവേകീ.

വസ്തു തസ്യ ഭവനാദി സമസ്തം
അസ്തു നാശമുപയാസ്യതി നൂനം.
പാകശാസനമുഖം തദമന്ദം
നാകവാസി നിഖിലം സുരവൃന്ദം
യേന ഹസ്തവിജിതം സ ദശാസ്യോ
മാനുഷാദപി ച കിം ന ബിഭേതി?
താം സമർപ്യ പരമേശ്വരപൂജാം
തത്സമീപമുപഗമ്യ ച ശീഘ്രം
ചന്ദ്രഹാസഭുജഗാമിഷമേനം
കല്പയാമി ന ഹി സംശയമദ്യ."

ഇങ്ങിനെ സംസ്കൃതവാക്കു പറഞ്ഞും
തിങ്ങിന ഭക്ത്യാ പൂജകൾ ചെയ്തും
കണ്ണുമടച്ചു ജപിച്ചു വസിക്കും
പൊണ്ണനിരിക്കും പടുകുഴിതന്നിൽ
വെള്ളം വന്നു കടന്നുതുടങ്ങി
വെള്ളപ്പട്ടു നനഞ്ഞുതുടങ്ങി;
വെള്ളിവിളക്കുകൾ പൊന്നിൻതളികക-
ളുള്ളതശേഷവുമൊഴുകി പതുക്കെ;
മുങ്ങി സമസ്തം ശിവലിംഗാദികൾ
പൊങ്ങിയൊലിച്ചിതു പുഷ്പാദികളും.
കെട്ടുവിളക്കുക,ളവിലും മലരും
കൊട്ടത്തേങ്ങാ കദളിപ്പഴവും
പെട്ടെന്നിട്ടു നിറച്ചൊരു വെള്ളി-
ത്തട്ടുകൾ മുഴുകിപ്പെട്ടികളൊഴുകി.
ആറു നിറഞ്ഞു ജലങ്ങൾ കവിഞ്ഞു
കാറും മഴയും കാണ്മാനില്ലാ;

ആററിലെ വെള്ളം പൊങ്ങി വരുന്നൊരു
കാററുമതില്ലിതിനെന്തൊരു ബന്ധം?
ഏററം വന്നാലിത്രവരാമോ?
ഊററമൊഴുക്കും നിലയില്ലാതായ്;
തള്ളിവരുന്നൊരു വെള്ളത്തിരയിൽ
തുള്ളിയലഞ്ഞു വലഞ്ഞു ദശാസ്യൻ.
വെള്ളവുമൊട്ടു കുടിച്ചു തടിച്ചു
പള്ളയുമൻപൊടു വീൎത്തുതുടങ്ങീ;
ഇരുപതു കൈകൊണ്ടൊത്തു തുഴഞ്ഞു
കര പററാഞ്ഞു കരങ്ങൾ കുഴഞ്ഞു;
ഇരുപതു തണ്ടുകൾ വെച്ചു മുറുക്കിയ
പെരിയൊരു വഞ്ചികണക്കേ രാവണ-
നൊരുവണ്ണം കരപററിക്കയറി-
ത്തെരുതെരെ മണ്ടിട്ടൂരെച്ചെന്നഥ
നോക്കുന്നേരം കാണായ്വന്നു
നരപതി കൃതവീൎയ്യാത്മജവീരൻ
തിറവിയ ബാഹുസഹസ്രംകൊണ്ടൊരു
ചിറയും കെട്ടിയുറപ്പിച്ചങ്ങിനെ
കുത്തിയൊലിച്ചുവരും ജലമങ്ങു ത-
ടുത്തുംകൊണ്ടാ നദിയുടെ മദ്ധ്യേ
മട്ടോലും മൊഴിമാരെത്തന്നുടെ-
യരികിൽ നിറുത്തിക്കൊണ്ടു കുളിച്ചും
സ്വസ്ഥതയിൽ ചില വാക്കു പറഞ്ഞു കൃ-
താൎത്ഥത പൂണ്ടഥ മരുവീടുന്നു;
ഇടവും വലവുമൊരഞ്ഞൂറഞ്ഞൂ-
രിടതിങ്ങീടിന കൈകളശേഷം

തടികൾ കണക്കെ നിരത്തിക്കൊണ്ടഥ
നടുവിൽ താനൊരു കുററികണക്കേ
തടവു വരുത്തിത്തത്ര വസിക്കും
പടുമതിയാകിയ പാർത്ഥിവവരനെ-
ത്തടമുലകൊണ്ടഥ മടവാർമണിമാർ
വടിവൊടവൻമുൻപിട ചേർന്നങ്ങിനെ
ദൃഢതരമാലിംഗനവും ചെയ്തു
ചടുലവിലാസേ മരുവീടുന്നു.
    ഇത്തൊഴിൽ കണ്ടു കയർത്തു ദശാസ്യൻ
ഇത്ഥം നിന്നു പറഞ്ഞു തുടങ്ങീ:—
"നോക്കെടെ മൂഢാ! നിന്നുടെ വികൃതിക-
ളാർക്കു സഹിക്കു,മെനിക്കതു കണ്ടാൽ
ഖഡ്ഗമെടുത്തു കരങ്ങളശേഷം
ഖണ്ഡിക്കാതെയിരിപ്പാൻ മേലാ;
ചിറകെട്ടീടിന പാണികൾ വെട്ടി-
ക്കുറകുറനെന്നു മുറിക്കുന്നേരം
ചിറകററീടിന ശൈലംപോലിഹ
മറിയും നീയെട മാനുഷകീടാ!
പിറകിലിരിക്കും പെൺകുട്ടത്തിനു
വിറകിനു കൊള്ളാം നിന്റെ കരങ്ങൾ.
ഉള്ളംതന്നിൽ കള്ളം ബഹുവിധ-
മുള്ളൊരു നീ ദശകണ്ഠനെയിങ്ങിനെ
വെള്ളം തന്നിൽ ചാടിച്ചതു ഞാ-
നുള്ളം തന്നിൽ മറന്നീടുവനോ?
പോടാ നിന്നുടെ വികൃതികൾ നമ്മൊടു
കൂടാ കേളെട മാനുഷകീടാ!

നിന്നുടെ നാടായുള്ളതശേഷം
വലിയൊരു കാടായ്‌വരുമതി മൂഢാ!
വാട കിടങ്ങുകളങ്ങാടികളും
മേടകൾ നാടകശാലകളെന്നിവ
ദൃഢതരമിടിപൊടിയാക്കി മുടിപ്പാൻ
പടുത നമുക്കുണ്ടജ്ഞന കീടാ!
മത്തഗജങ്ങടെ മദജലമിയലിന
മസ്തകഭാരമടിച്ചു പിളൎന്നതിൽ
മുത്തുകളുള്ളതു കുത്തിയെടുത്തൊരു
മാല ചമച്ചങ്ങതിശയമായ ക-
ളത്രമതാകിയ മണ്ഡോദരിയുടെ
കുത്തുമുലത്തടയിടയിലണച്ചൊരു
നക്തഞ്ചരപതിതിലകൻ ഞാനതി-
ശക്തൻ സാധുവിരക്തൻ ഭുജബല
യുക്തൻ മധുവിലയുക്തൻ സംഗര-
ശക്തൻ നിന്നുടെ പത്തുശതം കര-
മുള്ളതശേഷവുമൊത്തു തകൎത്തലി-
വില്ലാതങ്ങു മുടിച്ചീടുന്നതു
കണ്ടു വിരഞ്ഞു കരഞ്ഞു പിരിഞ്ഞിഹ
മണ്ടും നിൻമഹിഷികളെല്ലാം; ദശ-
കണ്ഠനു ചേതസി കനിവെന്നുള്ളതു
പണ്ടേയില്ലതു ബോധിച്ചാലും.
തന്നെപ്പോലും കനിവില്ലാതൊരു
സന്നദ്ധൻ ഞാൻ വളരെക്കാലം
നിന്നു തപം ചെയ്തിട്ടും നാന്മുഖ-
നെന്നുടെ മുന്നിൽ വരാഞ്ഞതു മൂലം

അമ്പൊടു ഖഡ്ഗമെടുത്തു ശിരസ്സുക–
ളൊമ്പതുമുടനേ ഖണ്ഡിച്ചീടിന
വമ്പൻ ധീരതയുള്ള ജനങ്ങളിൽ
മുമ്പൻ ഞാൻ; അതിധൂൎത്ത! മദാൽ നീ
കിം പുനരെന്നൊടു കാട്ടുമെനിക്കു ത–
രിമ്പു ഭയം നഹിയെന്നതുമറിക.
പല പല മീശക്കൊമ്പന്മാരെ–
ക്കൊന്നൊരു യാതുകുലാധീശൻ ഞാൻ.
ഹേഹയമാനുഷകീടാ നമ്മൊടു
നേരേ നിന്നിഹ പോരാടീടുക.
ദൂരേ മാനിനിമാരുടെ നടുവിൽ
പ്രിയമിയലുന്നതു കണ്ടെന്നാകിൽ
ഭീരുജനങ്ങളിൽ മൂത്തവനെന്നൊരു
പേരു നിനക്കുണ്ടെന്നതു തോന്നും.
ഓരായിരമിക്കൈകൾ നിനക്കോ
ഭാരമതായിത്തീൎന്നു ചമഞ്ഞു.
മാനിനിമാരെപ്പുണരാൻ മാത്രം
മറെറാരു പോരിനു പോരാതാനും.
പേരാൽത്തന്നുടെ വേരുകണക്കേ
പെരുതെങ്കിലുമൊരു ഫലമില്ലേതും."
ചെവിക്കസഹ്യത പെരുകിന വാക്കുകൾ
ശ്രവിച്ചു ഭൂപതി വിരവൊടു കൈകളി–
ലെടുത്തു വില്ലും കണകളുമനവധി
തൊടുത്തു ചെന്നിഹ നിശിചരവരനെ–
ത്തടുത്തുകൊണ്ടൊരു ഗിരമുരചെയ്തു:—
"കടുത്ത വാക്കുകൾ മതി മതി ഭുവനം

കെട്ടത്ത നിന്നുടെ കരതലവിരുത്തുക-
ളടക്കിവെക്കുന്നുണ്ടതിനൊരു ശര-
മുടക്കി വിരവിനൊടയച്ചു നിന്നുടൽ
മുടക്കി മൂഢനെ മുഹുരപി മുഹുരപി
മടക്കി മണ്ടിക്കുന്നതുമുണ്ടിഹ
പടയ്ക്കു വന്നൊരു മിടുക്കു വിരവൊടു
കെട്ടുത്തു മൂഢനെയടുത്തു വടികൊ-
ണ്ടടിച്ചു പല്ലുകൾ പൊഴിച്ചു ഞാനും
പിടിച്ചു കെട്ടിയിരുപതു കൈകളു-
മൊടിച്ചയയ്ക്കണമെന്നൊരു പക്ഷം;
ഒരിക്കൽ നിന്നുടെയിരുപതു മീശകൾ
കരിച്ചയയ്ക്കണമെന്നു വിചാരി-
ച്ചിരിക്കവേ നീ വന്നിഹ ചാടിയ-
തെനിക്കു നല്ലൊരു കൌതുകമധികം.
മദിക്കകൊണ്ടും പലപല ചപലത
കഥിക്കകൊണ്ടും സുരകുലമേറെ-
ച്ചതിക്കകൊണ്ടും കുലതരുണികളെ-
പ്പിടിക്കകൊണ്ടും കള്ളുകൾ വളരെ-
ക്കുടിക്കകൊണ്ടും ഭള്ളുകൾ പലവക
നടിക്കകൊണ്ടും നാട്ടുകളഖിലം
മുടിക്കകൊണ്ടും നതാംഗിമാരെ-
പ്പിടിക്കകൊണ്ടും വന്നൊരു പാതക-
മപവാദത്തിനു മൂലമതിങ്ങിനെ
വിപദേ വന്നു ഭവിച്ചതുമിപ്പോൾ.
ഝടിതി നിന്നുടെ തടിയടിച്ചു
പൊടിപൊടിച്ചു മുടിയിഴച്ചു

പടയിലുടയ പടുത പലതു
ഝടിതി തുടങ്ങുക സപദി മടങ്ങുക.
കരുതിനിന്നു പൊരുതുകൊൾക രാവണ!
പെരുതു നിന്റെ വിരുതു സജ്ജനാനാം
ബലചരിതമൊക്കെ ദുരിതമാക്കിയൊരു ബഹു-
ദുരിതരാശിഭരിതനായ കാരണം
ഇത്ഥമിന്നു വന്നുകൂടി സംഗതി
രൂക്ഷഹൃദയ! രാക്ഷസാധമ! തവ."
തൽക്ഷണത്തിലിത്ഥമോതി രോഷമൊ-
ടർജ്ജുനൻ രണത്തിനായ് തുടർന്നിതു.
നൃപതികുലനാഥനും നിരൃതികുലനാഥനും
സപദി ബത തങ്ങളിൽ സമരമിടകൂടിനാർ.
പഞ്ചശതപാണികളിലഞ്ചിതമതാകുമൊരു
പഞ്ചശതചാപശരസഞ്ചയമെടുത്തൊരുവ-
നഞ്ചുമുടനഞ്ചുമൊരു പാണികളിൽ വില്ലുകള-
മമ്പുകളുമമ്പൊടു ധരിച്ചപരനും മുദാ
സംഗരവിധങ്ങളവർ തങ്ങളിലഭംഗതര-
മങ്ങവർ തുടങ്ങിയിടരോടതിഗഭീരം.
ഘോരശരമാരികളുതിർത്ത തിമിർത്തു ബത
പൊരുതു തുടങ്ങി നിശിചാരിനൃപവീരൻ.
പലപൊഴുതുമവർ കരുതി കുറവതു വരരുതിവിടെ
നിരവധികനിശിതശരമരിവരനിലരിശമൊടു
വിട്ടു പടവെട്ടുവതിനൊട്ടും ഞെട്ടലതിനില്ല
വടിവിനൊടുമവരുടയ ഝടഝടതയിങ്ങിനെ
ഝടിതി ഗുരുവിപ്ലവമതുടനുടനുയർന്നു
തുരുതുരെ വരുന്നു ബഹു ശരനിര കലർന്നു നിശി-

ചരരഥികവരനധികശകലിതനതായീ.
അഗ്ന്യസ്ത്രം വരുണാസ്ത്രം ചക്ര്യസ്ത്രം
ലഘുതരമഥ പ്രത്യസ്ത്രം ത്ര്യക്ഷാസ്ത്രം ഈവിധം
പലവകയിലവരുടയ കലശലതു പറവതിനു
ഫണിപതിയുമതിനു മതിയല്ലെന്നതും ദൃഢം.
ക്ഷിതിപതിയുമഥ രജനിചരപതിയുമിങ്ങിനേ
തങ്ങളിൽ സംഗരം ചെയ്യോരനന്തരം
വീൎയ്യംപെരുത്ത കൃതവീൎയ്യാത്മജന്റെ ബാഹു-
ദണ്ഡപ്രയുക്തശരഷണ്ഡങ്ങൾകൊണ്ടു ദശ-
കണ്ഠന്റെ വീൎയ്യമതു കുണ്ഠതപമാൎന്നു യുധി
കണ്ഡിച്ചു വില്ലുമതുമിണ്ടൽക്കു മൂലമായ്.
മണ്ടിത്തിരിപ്പതിനു മാൎഗ്ഗത്തെ നോക്കിയതു
കണ്ടിട്ടു നില്ക്കുന്ന കാൎത്തവീൎയ്യാൎജ്ജുനൻ
ഝടിതി ദശമുഖനുടയ മുടികൾ പിടിപെട്ടട-
നങ്ങോട്ടുമിങ്ങോട്ടുമുന്തിയും തള്ളിയും
ഝടിതി ഝടിതിയുടനടിയുമിടികളും കൊണ്ടുടൻ
ചാകാതെ ചത്തു തരംകെട്ടു രാവണൻ.
ചപലമതിയവനുടയ പുഷ്പകവിമാനവും
ചന്ദ്രഹാസാദിയും കൈക്കലാക്കീ നൃപൻ.
കരചരണമുപചരണമിരുപതു കരങ്ങളും
ചങ്ങലകൊണ്ടു ബന്ധിച്ചു ലങ്കേന്ദ്രനെ
കരചരണചലചലനരഹിതമിഹ കൊണ്ടുപോ-
യ്കാരാഗൃഹംതന്നിലിട്ടു പൂട്ടീടിനാൻ.

പത്തു മുഖങ്ങളിൽനിന്നു പുറപ്പെട്ടു-
മത്യുന്നതതരമുറവിളിഘോഷം

പത്തുദിഗന്തരമൊക്കെ മുഴങ്ങി-
പ്പാതാളസൌധങ്ങളിലെത്തി.
"എന്തൊരു മുറവിളിയായിതു കൂവേ!"
"പംക്തിഗളൻെറ കരച്ചിലുപോലും!"
"എന്തൊരു സങ്കടമങ്ങവനിപ്പോൾ?"
"ബന്ധനമാശു ലഭിച്ചിതുപോലും."
"മററുള്ളവരെക്കെട്ടിയടിച്ചു പി-
ടിച്ചു പറിച്ചു വലയ്ക്കുന്നവനെ-
ക്കെട്ടിയടിപ്പാനേതൊരു വമ്പൻ
നാട്ടിലിദാനീമുണ്ടായ്വന്നു?"
"കേട്ടില്ലേ താനർജ്ജുനനെന്നൊരു
കേളി പെരുത്ത ധരിത്രീപാലനെ?
അദ്ദേഹംതാനാശരവരനാ-
മിദ്ദേഹത്തെബ്ബന്ധിച്ചതുപോൽ."
"ബന്ധിപ്പാനൊരു ബന്ധം വേണമ-
തെന്തെന്നേതുമറിഞ്ഞോ ഹേ താൻ?"
"എന്തെന്നേതുമറിഞ്ഞീലവനുടെ
താന്തോന്നിത്തമതെന്നേ വേണ്ടു."
"താന്തോന്നിത്തമതർജ്ജുനനോ ദശ-
കന്ധരനോ അതു ബോധിച്ചോ താൻ?"
"ബോധിപ്പാനെന്തൊരു വൈഷമ്യം?
ചോദിച്ചറിയണമെന്നില്ലല്ലോ;
സുരകുലനാരീപീഡകൾ ചെയ്തും
കുലതരുണികളെച്ചെന്നു പിടിച്ചും
പല മുനിമാരെക്കെട്ടിയടിച്ചും
വലരിപുഭവനമിടിച്ചു പൊടിച്ചും

വലനം ചെയ്യും നക്തഞ്ചരവര-
ഖലനിതു വന്നു ഭവിച്ചിതിദാനീം;
ബലവാനാകിയ കൃതവീര്യജനൊടു
കലഹിപ്പാനായ് ചെന്നൊരു ശേഷം
പാരാതവനും ഇവനെക്കെട്ടി-
ക്കാരാഗൃഹമതിലാക്കിയടച്ചാൻ;
അങ്ങിനെയനുഭവമേറെ നടിച്ചാ-
ലിങ്ങിനെയനുഭവമുടനേ കൂടും."
"കൊല ചെയ്യാത്തതുമെന്തേ കൂവേ?"
"കൊല ചെയ്താൽ മതിയാമോ? ഭോഷാ!
പലനാളിങ്ങിനെ പട്ടിണിയിട്ടും
പലരും കണ്ടുടനാനകളിച്ചും
വലയിൽപ്പെട്ട കുരങ്ങു കണക്കേ
വലയണമെന്നേ മതിയാവുള്ളൂ.
കൊലചെയ്താൽ പുനരന്തകനവനെ
വലയ്ക്കുന്നതിഹ നമുക്കറിയാമോ?"
"അതുനേരാണിഹ നമ്മെക്കാളും
അതികാരുണ്യം പെരുത്തു തനിക്കു്."
    രാവണമുറവിളി കേട്ടിട്ടിങ്ങിനെ
രാവും പകലും ഘോഷിക്കുന്നു,
ദേവകളെത്ര പ്രസാദിക്കുന്നു?
ദേവസ്ത്രീകൾക്കതിലും മോദം!
ഓജസ്സും തേജസ്സും പലനാ-
ളായുസ്സും ശ്രേയസ്സും വരുവതി-
നന്തണവരരും മുനിവരരും ദിശി
സന്തതവും ഹേഹയനൃപവരനെ

പാരമനുഗ്രഹമേകി നടന്നു
പാരിലതിശ്രമമേറിയിരുന്നഥ
ഭീതി കലന്ന ജഗത്ത്രയവാസികൾ
ഭീതി വെടിഞ്ഞു വസിച്ചീടുന്നു.
ദേഹം മെലിഞ്ഞു പാരം കാരാഗൃഹംതന്നുള്ളിൽ
ദാഹം വിശപ്പുകൊണ്ടു മോഹം വളൎന്നു തത്ര
സ്നേഹം തരിമ്പുമുള്ള ദേഹങ്ങളാരുമില്ല
ആഹന്ത കഷ്ടം ദശകണ്ഠന്റെ വൎത്തമാനം.
സ്നാനവുമില്ല മദ്യപാനവുമില്ല പാരം
നാണവും പൂണ്ടു ദേഹക്ഷീണവുമകപ്പെട്ടു.
കൂറില്ലാത്തവരൊട്ടു ചോറു മേടിച്ചു തിന്നു
കീറത്തുണിയുടുത്തു ചേറുമണിഞ്ഞങ്ങിനെ
ആറു മാസം കഴിഞ്ഞിട്ടാരുമൊരുത്തൻ കുററം
തീരുവാൻ ശ്രമിക്കുന്നില്ലേറുന്നു സന്താപങ്ങൾ.
പിണ്ഡമുരുട്ടിയോരോ കിണ്ണത്തിൽ വെച്ചുകൊണ്ടു
പെണ്ണുങ്ങൾ വന്നു നിന്നീവണ്ണം പറഞ്ഞീടുന്നു :—
"ലങ്കാധിപതേ! നിന്റെ കാൽമേൽ കിടക്കും നല്ല
ശൃംഖലകിലുങ്ങാത്തതോ? ചിങ്കു കളിച്ചെന്നാകിൽ
പാക്കു വെററില നല്ല തുക്കുപുകയിലയും
പാക്കാതെ തരുന്നുണ്ടു ഭോഷ്കല്ല പംക്തികണ്ഠ!
പത്തു മുഖങ്ങൾകൊണ്ടു പത്തു പദങ്ങൾ പാടി
തിത്തിത്തൈ എന്നു ചാടി നൃത്തം വെക്കു രാവണ!
മത്തഗജങ്ങളുടെ മസ്തകം തകൎക്കുന്ന
ഹസ്തങ്ങളെങ്ങു നിന്റെ? നക്തഞ്ചരാധിനാഥ!
ഏണമിഴിമാരുടെ പാണി പിടിച്ചിഴയ്ക്കും
പാണികൾകൊണ്ടു നമ്മെ താണുതൊഴുതുകൊണ്ടു

കേണു കിടന്നിടാതെ വാണു നീയെങ്കിൽ നല്ല
ചോറും കറിയും പുളിഞ്ചാറും കാച്ചിയ മോരും
ആറുന്നതിനു മുൻപേ കൂറുള്ള ഞാൻ തരുവൻ.
മണ്ഡോദരിയെന്നൊരു പെണ്ണു നിനക്കുണ്ടെന്നു
മന്നിടംതന്നിൽ ബഹുപെണ്ണുങ്ങൾ ചൊല്ലിക്കേട്ടു
സന്ദേഹമൊന്നുണ്ടതു നിന്നോടു ചോദിക്കുന്നു
ഒന്നേ അവൾക്കു മുഖമുള്ളെന്നു കേട്ടു ഞങ്ങൾ.
ഒന്നല്ല മുഖം നിനക്കഞ്ചുമഞ്ചുമുണ്ടല്ലോ.
എന്നാലെങ്ങിനെയവൾ നിന്നോടു രമിക്കുന്നു?
പത്തു പുരുഷന്മാരോടൊത്തു വിനോദിക്കുന്ന
ധൂളിപ്പെണ്ണുങ്ങളുടെ കേൾവിയവൾക്കു വന്നു.”
“പോടീ! മഹാരാജേന്ദ്രനോടീ വിശേഷം ചെന്നു
ചോദിച്ചിട്ടെന്താവശ്യം?” “ചോദിച്ചാലെന്തുചേതം?
ഓരോ ദിവസം മുഖമോരോന്നു ചുംബിച്ചുകൊ-
ണ്ടാരോമൽക്രീഡിക്കുന്നതാരോടു കേൾപ്പിക്കുന്നു.” ()

ഇത്ഥം വന്നൊരു കൂട്ടം സ്ത്രീകളു-
ബദ്ധം പറയുന്നതു കേട്ടപ്പോൾ
നാണം പൂണ്ടു കിടന്നു ദശാസ്യൻ;
പ്രാണൻ പോകാഞ്ഞതു തൽഭാഗ്യം;

എത്രയും മദഭരങ്ങളിലച്ചൂ
തത്ര വാണു ദിവസങ്ങൾ കഴിച്ചു.
ചിത്രയോധി ദശകന്ധരനോടഥ
യാത്ര ചൊല്ലിയവനങ്ങു ഗമിച്ചു;
തത്ര ചെന്നഥ പുലസ്ത്യനിരിക്കുമൊ-
രാശ്രമദേശത്തിങ്കലണഞ്ഞു;

തൃക്കഴൽക്കഥ വണങ്ങിയവൻ പുന-
രിക്കഥ കിമപി പറഞ്ഞറിയിച്ചു:—
"ഏവമെന്തു വരുവാനവകാശം?
രാവണന്റെ ചരിതം ബഹുകഷ്ടം!
ആവതെന്തു ശിവശങ്കര പാർത്താൽ
ദൈവകല്പിതമിതാർക്കറിയാവൂ?
ചീർത്ത വൈരമൊടു ചെന്നു ദശാസ്യൻ
കാർത്തവീര്യനൊടു നേർത്തു പിണങ്ങി
ആർത്തി പൂണ്ടു സമരാർത്തി ലഭിച്ചു
പാർത്തിടാതെയിഹ ബന്ധിതനായി;
ബന്ധുവാരുമില്ലാഞ്ഞതുകൊണ്ടവൻ
ഹന്ത! കേണു മരുവുന്നിതു താപാൽ.
അന്തരംഗമതിലാധി മുഴുത്തു
സന്തതം ബത വിശന്നു വലഞ്ഞു
പാണികാലുകളുമൻപൊടു കെട്ടി
ക്ഷോണിതന്നിലിളകാതെ കിടന്നു
പ്രാണനാശമവനാശു കൊതിച്ചു
വാണിടുന്നു ബലമോടുമിദാനീം;
അഞ്ചുമാസമിതുപോലെ കഴിഞ്ഞിതു
വഞ്ചനാവചനമല്ല മുനീന്ദ്ര!
നെഞ്ചകത്തിലടിയന്നൊരുപായം
കിഞ്ചനാസ്തിയിഹ നിൻ കൃപയെന്യേ.
മാമുനീശ്വര! ഭവാൻ വിരവൊടും
മാനവേന്ദ്രനൊടു ചെന്നറിയിച്ചാൽ
സ്വാമിതന്നെ വിടുവാൻ കല്പിക്കും
താമസിക്കരുതെഴുന്നരുളേണം."

ഇത്തരമുള്ളൊരു വചനം കേട്ടു പു-
ലസ്ത്യമുനീന്ദ്രനുമപ്പോളധികം
പൗത്രസ്നേഹവശാൽ വിവശനതായ്
ചിത്തംതന്നിൽ വിഷാദം പൂണ്ടു.
"എത്രയുമാപത്തല്ലോ നമ്മുടെ
പൗത്രനു സംഗതി വന്നിതു ശിവശിവ!
ഹേഹയനരപതി വാസം ചെയ്യും
ഗേഹേ വിരവൊടു ഞാനും പോരാം;
ധീരതയേറും മന്നവനെന്നെ-
ള്ളംത പറഞ്ഞു മടക്കിയയയ്ക്കും.
വാള്ളുതുമവനൊടു ക്ലേശിയ്ക്കാം പുന-
രീശ്വരകല്പിതമാർക്കറിയാവൂ?"
എന്നരുൾചെയ്തു കടയുമെടുത്തു ന-
ടന്നു തുടങ്ങി പുലസ്ത്യമുനീന്ദ്രൻ.
മന്ത്രീശ്വരനൊടുകൂടി നടന്നു
മാഹിഷ്മതിപുരിതന്നിൽ ചെന്നു.
കൃതവീര്യജനെക്കണ്ടാനപ്പോൾ
കൃതവീര്യാത്മജനാശു വണങ്ങി
അർഘ്യാദികളും ചെയ്തു മഹീപതി
സരസമുവാച:— "മുനീന്ദ്ര! നമസ്തേ.
എന്തൊരു സംഗതിയാഗമനത്തിനു
ഹന്ത ഭവാനരുൾ ചെയ്തീടേണം.
നിന്തിരുവടി മമ കുലബലധനസുഖ
സന്തതിപുഷ്ടി വരുത്തീടേണം,
നിന്തിരുവടിയൊന്നരുളിച്ചെയ്താ-
ലെന്തെങ്കിലുമതു സാധിക്കുന്നേൻ."

ഇത്ഥം നരവരഗീരുകൾ കേട്ടതി-
നുത്തരമരുളിച്ചെയ്തു മുനീന്ദ്രൻ:—
"സാധുമതേ! തവ ഭൃതികൾ കാണ്മാൻ
സിദ്ധാന്തിച്ചിഹ വന്നതു ഞാനും;
സിദ്ധന്മാരൊടുകൂടി വസിപ്പാ-
നെത്രയുമാഗ്രഹമുണ്ടു നമുക്കു്;
ഉദ്ധതഗതിയാം നമ്മുടെ പൗത്രന-
ബദ്ധമതല്ലാതില്ലൊരുനാളും;
മൃത്യുഞ്ജയനുടെ വാസഗിരീന്ദ്രം
കുത്തിയെടുത്തവനെന്തരുതാത്തു?
അത്ര പെരുത്ത ദുരാചാരത്തെ നി-
വൃത്തിവരുത്താനിത്തൊഴിൽ കൊള്ളാം;
എന്നാലവനെയഴിച്ചു വിടേണം
നന്നായ്വരുമിതുകൊണ്ടു നിനക്കു്;
ചെമ്മേ നിൻകൃപകൊണ്ടിതു ചെയ്താൽ
നന്മ നിനക്കിനി മേന്മേലുണ്ടാം."

മാമുനിവചനം കേട്ടു നരേന്ദ്രൻ
മനസി ഹിതം പൂണ്ടിദമരുൾചെയ്തു.
"ഇപ്പോൾത്തന്നെയഴിച്ചു വിടുന്നേ-
നപ്രിയമതുകൊണ്ടുണ്ടാകേണ്ട;"
അപ്പോൾ വന്നൊരു കിങ്കരഭടനെ-
ക്കല്പിച്ചൻപൊടയച്ചു നരേന്ദ്രൻ.
കിങ്കരനുടനേ ചെന്നതു നേരം
ലങ്കാപതിയുടെ കൈകാൽകളിലെ
ശൃംഖല വിരവൊടഴിച്ചു പതുക്കെ
തൻകരയുഗളംകൊണ്ടു തലോടി;

വെളിയിൽ കൊണ്ടന്നൎജ്ജുനനികടേ
തെളിവിൽ നിറുത്തി വണങ്ങിയിരുന്നു.
നാണം പൂണ്ടു മുഖാവലി താഴ്ത്തി
ക്ഷീണം പൂണ്ടു വസിക്കുന്നവനോടു
നരപതിയരുളിച്ചെയ്തിതു: "നിന്നോടു
പരിഭവമൊക്കെത്തീൎന്നു നമുക്കു്;
ലങ്കാധിപതേ പോയാലും നീ;
ശങ്കരസേവ വെടിഞ്ഞിനി മേലില-
ഹങ്കരിയാതെയിരുന്നാൽ കൊള്ളാം."
എന്നു പറഞ്ഞു കൊടുത്തിതു പുഷ്പക-
മെന്നുള്ളൊരു രമണീയവിമാനം;
ഉന്നതഗുണഗണമിയലിന വാളും
സന്നതനാം ദശകണ്ഠനു നല്കി
കുണ്ഠിതമൊക്കെത്തീൎന്നു നൃപൻ ദശ-
കണ്ഠനെ വിരവിലയച്ചു വസിച്ചു;
കിങ്കരസംഘവുമവനോടു സഹിതം
ലങ്കാനഗരേ ചെന്നു വസിച്ചു;
തുംഗസുഖേന പുലസ്ത്യമുനീന്ദ്രനു-
മങ്ങു ഗമിച്ചു, സുഖിച്ചു വസിച്ചു
കൃതവീൎയ്യാത്മജനാകിയ നരപതി-
പുംഗവനും, ബഹുമംഗലമതുലം.

**കാൎത്തവീൎയ്യാൎജ്ജുനവിജയം ഓട്ടൻതുള്ളൽ**

**അവസാനിച്ചു.**

# വ്യാഖ്യാനം

1_20. അതിഭുജ...........ക്രമൻ = അതിയായ (വർദ്ധിച്ച) ഭുജവിക്രമം (കൈയൂക്ക്) കൊണ്ട് ധിക്കൃതമായ (നിസ്സാരമാക്കപ്പെട്ട) ശക്രന്റെ (ഇന്ദ്രന്റെ) പരാക്രമത്തോടു കൂടിയവൻ; വർദ്ധിച്ച കൈയൂക്കുകൊണ്ട് ഇന്ദ്രന്റെ പരാക്രമത്തെ നിസ്സാരമാക്കിത്തീർത്തവൻ. നക്തഞ്ചരപതി = രാക്ഷസരാജാവ്. ധരായാം = ഭൂമിയിൽ. അത്യുന്നതഗിരിസന്നിഭം = വളരെ ഉയർന്ന പർവ്വതംപോലുള്ള. ഗാത്രം = ദേഹം. ഉരുതരഭീഷണം = അതിമഹത്തും ഭയങ്കരവുമായ; അഥവാ വളരെ ഭയങ്കരമായ. ഉൽകടദംഷ്ട്രാനികരം = ഒപ്പനിരപ്പില്ലാത്ത വളഞ്ഞ ദംഷ്ട്രപ്പല്ലുകളുടെ നികരം (കൂട്ടം). മിത്രതനൂജൻ = സൂര്യപുത്രൻ; യമൻ. ആശു = വേഗത്തിൽ; പെട്ടെന്ന്. ആർത്തി = ദുഃഖം. തപം = തപസ്സ്. പങ്കജഭവൻ = ബ്രഹ്മാവ്. കിങ്കരസംഘസമേതം = ഭൃത്യവർഗ്ഗത്തോടു കൂടി. ശങ്കാരഹിതം = സംശയംകൂടാതെ. ധനപതി = വൈശ്രവണൻ. ഹുങ്കാരം = അലർച്ച; ഗർവ്വ്. (പുലസ്ത്യപുത്രനായ വിശ്രവസ്സിന്ന്, ഭരദ്വാജപുത്രിയായ ദേവവർണ്ണിനിയിൽ ജനിച്ച മകനാണ് വൈശ്രവണൻ; സുമാലിപുത്രിയായ കൈകസിയിൽ ജനിച്ച മകൻ രാവണനും. വരലാഭംനിമിത്തം ദർപ്പാന്ധനായിത്തീർന്ന രാവണൻ ദേവലോകരെ ദ്രോഹിക്കാൻ ഒരുങ്ങിപ്പുറപ്പെട്ട വർത്തമാനം കേട്ട്, വൈശ്രവണൻ അനുജനെ ആ ദുഷ്പ്രവൃത്തിയിൽനിന്നു വിരമിപ്പിക്കുന്നതിന്നായി ഒരു ദൂതനെ നിയോഗിച്ചു. ജ്യേഷ്ഠന്റെ ഉപദേശം കേട്ടപ്പോൾ രാവണന്നു കോപമാണുണ്ടായത്. ഉടനെതന്നെ ദൂതനെ വെട്ടിക്കൊന്നു. പിന്നീടുണ്ടായ യുദ്ധത്തിൽ അനവധി യക്ഷന്മാരെ നിഗ്രഹിച്ചു. ഒടുവിൽ വൈ

ശ്രവണനെ തോല്പിച്ചു പുഷ്പകവിമാനം അപഹരിച്ചു. ഈ പുരാണകഥയാണ് 16-ം 17-ം വരികളിൽ സൂചിപ്പിച്ചിട്ടുള്ളതു്.) ശങ്കരഭഗവാൻ = ശിവൻ.

20—60 സത്വരം = വേഗത്തിൽ, മുപ്പുരവൈരി = ശിവൻ. ക്ഷിപ്രം = വേഗം. പുഷ്പശരാരി = പുഷ്പശര (കാമദേവ)ന്റെ അരി (ശത്രു); ശിവൻ. വീതഭയേന = പേടികൂടാതെ. ദശാസ്യൻ = രാവണൻ. സമരാങ്കണം = പോർക്കളം. അമരാധിപൻ = ഇന്ദ്രൻ. സമരാടോപം = യുദ്ധാഡംബരം; യുദ്ധത്തിലുള്ള മിടുക്ക് എന്നർത്ഥം. അമരാംഗനമാർ = ദേവസ്ത്രീകൾ. വെൺചാമരവ്യജനം = വെൺചാമരമാകുന്ന വിശറി. നന്ദനവിപിനെ = നന്ദനോദ്യാനത്തിൽ. കല്പദ്രു..........മരങ്ങൾ = കല്പവൃക്ഷം, ഹരിചന്ദനം, മന്ദാരം മുതലായ ദിവ്യവൃക്ഷങ്ങൾ. വൃന്ദം = സമൂഹം. സ്യന്ദനം = തേര്. കുണ്ഠ....ക്രമൻ = പ്രവൃത്തിക്ഷമമായ ബാഹുപരാക്രമമുള്ളവൻ. കുണ്ഠേതരം = കുണ്ഠ (മന്ദ) മല്ലാത്തതു്; പ്രവൃത്തിക്ഷമം. ദശകണ്ഠൻ = രാവണൻ. ശാരദനീരദസന്നിഭൻ = ശരൽക്കാലത്തെ മേഘത്തോടു സാദൃശ്യമുള്ളവൻ. ചാരുദയാനിധി = നല്ല ദയയുടെ ഇരിപ്പടം. കലഹ.......ദൻ = വലിയ കലഹപ്രിയൻ. ചാരു..........ദം = നല്ല ദയയും കനത്ത സന്തോഷവും. തദാനീം = അപ്പോൾ. ഉത്ഥാനം ചെയ്ക = എഴുന്നേല്ക്കുക. ഭക്തിപുരസ്സരം = ഭക്തിയോടുകൂടി. അർഘ്യാദികൾ = അർഘ്യം മുതലായവ. ആരാധനചെയ്ക = പൂജിക്ക. ഭദ്രാസനം = നല്ലപീഠം. സമുദാചാരം = ശരിയായ ഉപചാരം. (കുശലപ്രശ്നം മുതലായ വേണ്ട ആചാരോപചാരങ്ങളെന്നർത്ഥം). സംസല്ക്കരണം = വേണ്ടവിധത്തിലുള്ള സല്ക്കാരം.

60—100. കമലാസനസുതൻ = ബ്രഹ്മപുത്രൻ. വിമലഗുണാലയം = സൽഗുണങ്ങളുടെ ഇരിപ്പടം. ഭവദാഗമനം=

അങ്ങയുടെ വരവു്. മദീയം = എന്നെ സംബന്ധിച്ച. ഭവനം = വീടു്. പാവനം = പരിശുദ്ധം. ഭുവനം = ലോകം. ജനാനാം = ജനങ്ങളുടെ. അവനംചെയ്ക = രക്ഷിക്ക. കുണ്ഠിതസുകൃതന്മാർ = പുണ്യം കുറഞ്ഞവർ. വിക്രമം = പരാക്രമം. ജഗത്ത്രയവാസികൾ = ഭൂമി, സ്വർഗ്ഗം, പാതാളം എന്നീ മൂന്നുലോകങ്ങളിൽ വസിക്കുന്നവർ. കിമപി = എന്തെങ്കിലും. ധാർമ്മികർ = ധർമ്മിഷ്ഠന്മാർ. ധാരണ = തോന്നൽ. ത്രിഭുവനവാസികൾ = മൂന്നുലോകത്തിലും വസിക്കുന്നവർ. വിഭവം = സമ്പത്തു്, ശക്തി. നാണയം = നാണ്യം, പേരു്, പരമാർത്ഥം. ദിശിദിശി = ദിക്കുകളിലെല്ലാം. അംഗനമാർ = സ്ത്രീകൾ. ഖിന്നതപൂണ്ടു് = സങ്കടപ്പെട്ടു്. നേർത്തുവരിക = നേരിട്ടുവരിക, എതിരിട്ടുവരിക. മടങ്ങും = തോററുപോരും. ജംഭാന്തകൻ = ദേവേന്ദ്രൻ. കുംഭിവരൻ = ആനത്തലവൻ. (ഐരാവതമെന്നർത്ഥം.) മുസലം = ഇരിമ്പുലക്ക. ജൃംഭിക്ക = മൂരിനിവരുക.

**100—120.** തരിമ്പു് = ഒട്ടും. ഖണ്ഡിക്ക = കഷണമാക്കുക. കുംഭം = ആനയുടെ മസ്തകത്തിലുള്ള മുഴ. ഉമ്പം = സന്തോഷം, സുഖം. കമ്പമിയന്നു് = വിറച്ചു്. ഉമ്പർ = ദേവന്മാർ. നിലിമ്പപുരം = ദേവലോകം. സുരകുലശംഭളിമാർ = സ്വർവ്വേശ്യമാർ. മൃഡാനീദേവി = പാർവ്വതി. കലഹം = സൌന്ദര്യപ്പിണക്കം. **(പുരാണകഥ.** വൈശ്രവണനെ ജയിച്ചശേഷം രാവണൻ പുഷ്പകവിമാനത്തിൽ കയറി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ കൈലാസത്തിനു മുകളിൽകൂടി കടന്നുപോകാനിടയായി. പെട്ടെന്നു വിമാനം സ്തംഭിച്ചുനിന്നുപോയതു കണ്ടു രാവണൻ കാരണമന്വേഷിച്ചു. അതു ശിവൻ താമസിക്കുന്ന കൈലാസമായതുകൊണ്ടാണു് പുഷ്പകത്തിൻെറ ഗതി നിലച്ചുപോയതെന്നു മനസ്സിലാക്കിയ രാക്ഷസരാജാവു് കൈലാസം കടയോടെ പൊക്കിയെടുത്തു് വലിച്ചെറിയാൻ ഒരുമ്പെട്ടു. "കുലുക്കിനാനതു ജവാലടിയിൽ

കൈകളിട്ടവൻ." ഭൂതങ്ങൾ പേടിച്ചു വിറച്ചു. "വിറച്ചു കുന്നിൽമകളും കെട്ടിപ്പുല്കി മഹേശനെ." ശിവൻ കാലിന്റെ പെരുവിരൽകൊണ്ടു പർവ്വതം ഒന്നമർത്തി. രാവണന്റെ ഇരുപത്തു കൈകളും കൈലാസത്തിന്നടിയിൽപെട്ടു ഞെരിഞ്ഞു. വേദനകൊണ്ടു് ദശമുഖൻ ഉറക്കെ മുറവിളികൂട്ടി. ഒടുവിൽ മന്ത്രിമാരുടെ ഉപദേശമനുസരിച്ചു രാവണൻ ശിവനെ സ്തുതിച്ചു. ശിവൻ പ്രസാദിച്ചു രാവണന്റെ കൈകൾ വിട്ടുത്തുകയും ആ ഭക്തനു ചന്ദ്രഹാസം എന്ന വാൾ സമ്മാനിക്കയും ചെയ്തു. ഈ കഥയാണു് 113 മുതൽ 120 വരെയുള്ള വരികളിൽ സൂചിപ്പിച്ചിട്ടുള്ളതു്.)

120—150. ശക്രൻ = ഇന്ദ്രൻ. അന്തകവീരൻ = യമൻ. അരക്കൻ = നിരൃതി. ധനേശൻ = വൈശ്രവണൻ. (എട്ടു ദിക്പാലന്മാരെയാണു് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതു്.) എട്ടു വസുക്കൾ = ധരൻ, ധ്രുവൻ, സോമൻ, ആപൻ, അനലൻ, അനിലൻ, പ്രത്യൂഷൻ, പ്രഭാസൻ എന്നിവരാണു് അഷ്ടവസുക്കൾ. അച്ചികളായവർ വേലയെടുക്ക = അച്ചികളുടെ വീട്ടുവേലചെയ്തു. പടിക്കം = കോളാമ്പി. ആളികൾ = സഖിമാർ. പരിപാലിക്ക = കാക്കുക. ഇന്ദ്രജിദാഖ്യൻ = ഇന്ദ്രജിത്തു് എന്ന പേരുള്ളവൻ. തോരണമൂലേ = വളച്ചുവാതിലിന്റെ അടിയിൽ. ശൃംഖല = ചങ്ങല. 150—200. വിണ്ണവർനാടു് = ദേവലോകം. കരുമന = ഉപദ്രവം. നഷ്ടം = നശിച്ചതു്. മഹീതലം = ഭൂമി. ചട്ടം = ന്യായം. അഷ്ടി = ആഹാരം. അവനീശന്മാർ = രാജാക്കന്മാർ. സ്വരൂപിക്കുക = ശേഖരിക്കുക. ദൂഷണം = ദോഷം. (രാക്ഷസന്മാർ അന്യായമായി ജനങ്ങളെ ഉപദ്രവിക്കുന്നതു രാവണനു സമ്മതമായിരുന്നില്ലത്രെ. പ്രജകളെ പട്ടിണിയിട്ടു കഷ്ടപ്പെടുത്തുകയും രാജ്യത്തിലെ വരവുമുഴുവൻ കെട്ടി സൂക്ഷിക്കയും ചെയ്യുന്ന ദുഷ്ടന്മാരായ രാജാക്കന്മാരുടെ അടുക്കൽനിന്നു പൊന്നും പണവും പിടിച്ചുപറിക്കുന്നതിനു താൻ മടിക്കാറില്ലെന്നും

രാവണൻ പറയുന്നുണ്ടു്. അങ്ങനെ നഷ്ടധനന്മാരായ രാജാക്കന്മാർ പട്ടന്മാരോടു കടം വാങ്ങീട്ടാണത്രെ ദിവസം കഴിച്ചുകൂട്ടുന്നതു്.) കാന്താരം = കാടു്. കേരനരാധിപൻ = കേരരാജ്യത്തിലെ രാജാവു്. കുഡ്മം = കമ്പളങ്ങൾ. അംഗണദേശം = മിററത്തു്. ശയനംപോടുക = കിടക്കുക.

200_250. മത്സരൻ = എന്നോടുതുല്യൻ. തുംഗാഹംകൃതിഭാവം = വൎദ്ധിച്ച അഹങ്കാരം. സംഗരശൂരൻ = യുദ്ധവീരൻ. ചെണ്ടക്കാരൻ = ചതിയൻ, വിഡ്ഢി. ക്ഷുദ്രപ്രാണന്മാർ = ജീവനു ശക്തിയില്ലാത്തവർ. ക്ഷുദ്രന്മാർ = ബുദ്ധിഹീനന്മാർ; അശക്തന്മാർ. മരുത്തൻ = സൂൎയ്യവംശത്തിലെ ഒരു രാജാവു്. (പുരാണകഥ. മരുത്തൻ, സംവൎത്തൻ എന്ന ബ്രഹ്മൎഷിയുടെ പൌരോഹിത്യത്തിൽ ഒരു യാഗം ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിലാണു് രാവണൻ യുദ്ധാൎത്ഥിയായി അവിടെ എത്തിയതു്. ആ സൂൎയ്യവംശരാജാവു് കോപിച്ചു് വില്ലും അമ്പുമെടുത്തു രാവണനെ കൊല്ലുവാൻ പുറപ്പെട്ടു. "ഇശ്ശൈവയജ്ഞം മുഴമിക്കാഞ്ഞാൽ കുലമെരിഞ്ഞുപോം; ദീക്ഷിതനെന്തുവാൻ യുദ്ധം? ദീക്ഷിതനെന്തു കോപവും?" എന്ന സംവൎത്തന്റെ വാക്കുകേട്ടു മരുത്തൻ അടങ്ങി. മരുത്തൻ കീഴടങ്ങിയതാണെന്നു വിചാരിച്ചു് കുറെ മഹൎഷിമാരെ കൊന്നതിന്നു് രാവണൻ അവിടെ നിന്നു പോകയുംചെയ്തു. ഈ കഥയാണു് നാരദൻ സൂചിപ്പിക്കുന്നതു്) കൃതവീൎയ്യാത്മജൻ = കൃതവീൎയ്യന്റെ പുത്രൻ. മതിമാൻ = ബുദ്ധിമാൻ. തത്ര = അവിടെ. ഭുജങ്ങൾ = കൈകൾ. വിശേഷം = ഭേദം

250_300 അവികലം=കുറവു കൂടാതെ. അവനീസുരന്മാർ=ബ്രാഹ്മണർ. വധിക്കണമെന്നേ=വധിച്ചാൽ മാത്രമേ. എന്നെക്കൊണ്ടു്=എന്നെപ്പററി. വിശേഷജ്ഞന്മാർ=നല്ല അറിവുള്ളവർ. കശ്മലൻ=മൂഢൻ. വിശാലപ്പള = ലോ

കനാഥൻ ദശാസ്യൻ=രാവണൻ. ബാഹുജവംശം=ക്ഷത്രിയവംശം. ബാഹുസഹസ്രം=ആയിരം കൈകൾ. ഉന്നതവീരൻ=ഉന്നതനും വീരനുമായവൻ. ആഹവം=യുദ്ധം. സംഗരസീമനി=യുദ്ധത്തിൽ. സപദി=പെട്ടെന്നു്. തുംഗം=ഉയൎന്ന വിജൃംഭണം=വല്ഗനം. നിയതം=നിശ്ചയമായും. ഭംഗം=നാശം, കുറവു്. ഗിരം=വാക്കിനെ. ഘോരഘോരതരരാവം=അത്യന്തം ഭയങ്കരമായ രാവം. ആരവേണ=ആരവം (ഒച്ച, അലൎച്ച) കൊണ്ടു്.

300—350 അരവിന്ദവാസസുതൻ = ബ്രഹ്മപുത്രൻ, നാരദൻ. കുംഭിരാജൻ=ഗജശ്രേഷ്ഠൻ. ഡംഭി=ഗൎവ്വിഷ്ഠൻ. കുന്നിൻമകൾ=പാൎവ്വതി. ചണ്ഡചണ്ഡം=വളരെ ഭയങ്കരം. അന്തകദണ്ഡം=യമദണ്ഡം. ദണ്ഡമെന്നിയേ=ബുദ്ധിമുട്ടുകൂടാതെ. അമരകുംഭിവരൻ=ഐരാവതം. ഇത്ഥം=ഇങ്ങനെ. നിധനം=വധം. തണ്ടുതപ്പി=അഹങ്കാരി. ഡംഭു=ഗൎവ്വ്. രജ്ജു=കയറു്. അത്രമാത്രം അമരാരിസമം=അതിനു വേണ്ടിടത്തോളം രാക്ഷസന്മാരോടുകൂടി. അന്ധൻ=കാഴ്ചകൾ ശരിക്കു കാണാൻ കഴിവില്ലാത്തവൻ. ദശകന്ധരൻ=രാവണൻ. ധാവതിചെയ്ക=ഓടുക. (നമ്പ്യാരുടെ ഒരു വിചിത്രപ്രയോഗമാണിതു്.) 350—400 മാൎഗ്ഗേ=വഴിയിൽ. സുരവരഗേഹസമാനം=അമരാവതിയോടു കിടപിടിക്കുന്നതു്. വിലസിതം=ശോഭിക്കുന്നതു്. കമനീകുലമണിമണിമാടങ്ങൾ=സ്ത്രീരത്നങ്ങളുടെ മണിമാളികകൾ. അമല.... നൎമ്മദ=അമലമായ (തെളിഞ്ഞ) സലിലം (വെള്ളം) കൊണ്ടും നവങ്ങളായ (പുതുതായി വിടൎന്നു നില്ക്കുന്ന) കമലങ്ങൾ (താമരപ്പൂക്കൾ) കൊണ്ടും വിമലതരവും (പരിശുദ്ധവും), ശമലഹരണന്മാരായ (പാപത്തെ നശിപ്പിക്കുന്ന) ജനങ്ങളിൽ വെച്ചു് പടുതമന്മാരുടെ (അതിസമൎത്ഥന്മാരായവരുടെ; വലിയ സജ്ജനങ്ങളുടെ എന്നൎത്ഥം) മതി (ബുദ്ധി) യുടെ രുചി (ശോഭ) പോലുള്ള രുചിയോടുകൂടിയതുമായ നൎമ്മദ (സജ്ജ

നങ്ങളുടെ ബുദ്ധി നിൎമ്മലമായിരിക്കുമെല്ലാം. അതു ലോകാനുഗ്രഹതല്പരവുമായിരിക്കും. അതുപോലെതന്നെ, നൎമ്മദയും അത്യന്തം പരിശുദ്ധയും ലോകാനുഗ്രഹജാഗരൂകയുമായിരുന്നു എന്നു സാരം.) പുളിനം=മണൽത്തിട്ടു്. രജതം=വെള്ളി. സമീഹിതം=ആഗ്രഹിച്ച കാൎയ്യം. ഉത്തരനരവരപത്തനം=ഉത്തരദിക്കിലുള്ള ശ്രേഷ്ഠമായ രാജധാനി. രേവാസലിലേ=നൎമ്മദയുടെ ജലത്തിൽ. ഗുളം=ശക്കര. ദളം=ഇതൾ. വില്വദളം=കൂവളത്തിന്റെ ഇല.

400—450 മലയജം=ചന്ദനം. ഷഡാനനൻ=സുബ്രഹ്മണ്യൻ. ശങ്കരൻ=ശിവൻ. ശങ്കരി=പാൎവ്വതി. വിഗ്രഹസംഘം=ബിംബങ്ങളുടെ കൂട്ടം. അവികലഭക്തൻ=ഭക്തിക്കു യാതൊരു വൈകല്യവുമില്ലാത്തവൻ. കേട്ടേപോവൂ=കേട്ടേ മതിയാവൂ. വെപ്പു്=നടപ്പു്. (മുപ്പറ, എട്ടൊന്നു്, എന്നൊക്കെ പറയുന്നതു് അന്നത്തെ മിച്ചവാരത്തെ സംബന്ധിച്ച ഓരോ പതിവായിരിക്കാം.) പത്തുശതം=ആയിരം. സഹസാ=പെട്ടെന്നു്. ചിത്രകാഞ്ചനമഹാപുരി=വിചിത്രമായ മാഹിഷ്മതീപുരി. വെണ്മകലൎന്നു്=ഭംഗിയായി. 450—500. ദ്രുതതരം=വളരെ വേഗം. പയസി=വെള്ളത്തിൽ. ചലമിഴിമാർ=സുന്ദരിമാർ. വേണി=തലമുടി. പാണി=കൈ. ക്ഷോണീപതി=രാജാവു്. പല.......കളികൾ=പലതരത്തിലുള്ള വിലാസങ്ങളോടുകൂടി ചെയ്യപ്പെട്ട ലളിതങ്ങളായ ക്രീഡകൾ. അതിചതുരം=വളരെ വിചിത്രം. അമല.......മുഖിമാർ=നിൎമ്മലമായ താമരപ്പൂപോലുള്ള മുഖമുള്ളവർ. മാരമഹോത്സവം=മദനക്രീഡ. തടിനീതടഭാഗേ=നദിയുടെ കരയിൽ. മുക്തശങ്കം=സംശയംകൂടാതെ. വാരാന്നിധി=സമുദ്രം. ഝടിതി=വേഗത്തിൽ. ചരണസരോജേ=അടിമലരിൽ. അടിയറവെക്ക=കാഴ്ചവെക്ക. അടിയാർ=അടിമകൾ. കുടിയാർ=കുടികിടപ്പുകാർ; പാട്ടക്കാർ. അങ്കം=പഴയകാലത്തു് പോലീ

സ്സകാര്യ്യങ്ങളിലെ സംബന്ധിച്ച നടപ്പിലിരുന്ന ഒരു വാക്ക്. പട = സേന. കൊട = ദാനം. (ഒരുപക്ഷേ, രാജചിഹ്നമായ വെൺകൊററക്കുടയാകാനും മതി. അങ്ങനെയാണെങ്കിൽ കുട എന്നാണ് പ്രയോഗിക്കേണ്ടിയിരുന്നതു്.) മുടിയരുതാകിൽ = നശിച്ചുപോകരുതെന്നുണ്ടെങ്കിൽ. പിടിയരുതവർ = കാശിനു കൊള്ളാത്തവർ. പടുഭാവം = സമർത്ഥനെന്ന ഭാവം. ചടുലവിലോചനമാർ = സുന്ദരിമാർ.

500—550. മടുമലർശരൻ = കാമദേവൻ. നിടിലതടത്തോൻ = നെററിത്തടമുള്ളവൻ. കുലഗിരിവരൻ = വലിയ കുലപർവ്വതം. കരബലജലനിധി = കൈയൂക്കിൻെറ ഇരിപ്പിടം. ജലനിധി = സമുദ്രം. ശ്രീമദുദാരശ്രീ = വലിയ ഐശ്വര്യശാലി. മുളക് = കുരുമുളക്. (വിദേശികൾക്കു കൊടുക്കാൻവേണ്ടി നാട്ടിലെ കുരുമുളകു മുഴുവൻ കൃഷിക്കാർ ഗവർമ്മെണ്ടിൽ ഏല്പിച്ചുകൊടുക്കുക എന്നതായിരുന്നു അന്നത്തെ തിരുവിതാംകൂറിലെ പതിവ്.) വീടന്മാർ = വീടുള്ളവർ; ഗൃഹനായകന്മാർ. ജളപ്രഭുമന്ത്രികൾ = അത്യന്തം ജളന്മാരായ മന്ത്രിമാർ. ആഹവശൂരന്മാർ = രണശൂരന്മാർ. ദുർഘടം = ആപത്ത്. ശഠത = ശാഠ്യം. വിപത്തി = ആപത്ത്. 550—600. അഞ്ജനശൈലം = അഞ്ജനപർവ്വതം. അതിതീവ്രനഖം = നല്ലപോലെ കൂർത്ത നഖം. മർത്ത്യന്മാർ = മനുഷ്യർ. അമർത്ത്യന്മാർ = ദേവകൾ. മൃത്യുഭയം = മരണഭീതി. കുലനാശം = വംശനാശം. നിനച്ചാൽ = വിചാരിച്ചാൽ. സ്വാസ്ഥതയോട് = സുഖമായി. ചൊല്ലൊണ്ടും = പേരുകേട്ട; പ്രസിദ്ധിപെററ. അല്ലൽ = ദുഃഖം. വാരിധി = സമുദ്രം. മഗ്നം = മുഴുകിയതു്. വാരി = വെള്ളം.

600—650. ക്രുദ്ധൻ കോപിഷ്ഠൻ. ഭാഷണം = സംഭാഷണം. തസ്യ അർജ്ജുനസ്യ മയി ബഹുമാനം നാസ്തി കിം? = ആ അർജ്ജുനന് എൻെറ നേരെ ബഹുമാനമില്ലെന്നോ?

ജഗതി ദുർജ്ജനസ്യ ഗുണദോഷവിചാരഃ ദുർല്ലഭഃ = ലോകത്തിൽ ദുർജ്ജനങ്ങൾക്കു് ഗുണദോഷവിചാരം വളരെ ചുരുക്കമാണല്ലോ. കിം കഥനീയം = എന്താണു് പറയേണ്ടതു്? മമ ശാസനം നിശമ്യ അവിവേകീ ദുരാത്മാ ഹാസം ഏവ കൃതവാൻ? = എന്റെ കല്പന കേട്ടിട്ടു് അവിവേകിയായ (ആ) ദുഷ്ടൻ ചിരിക്കമാത്രമേ ചെയ്തുള്ളു എന്നോ? അസ്തു = ഇരിക്കട്ടെ. തസ്യ ഭവനാദി സമസ്തം വസ്തു നാശം ഉപയാസ്യതി നൂനം = അവന്റെ ഭവനം മുതലായ സകല വസ്തുക്കളും തീർച്ചയായും നശിച്ചുപോകും. പാകശാസനമുഖം നാകവാസി നിഖിലം തൽ സുരവൃന്ദം = ദേവേന്ദ്രൻ തുടങ്ങി സ്വർഗ്ഗത്തിൽ വസിക്കുന്ന ആ എല്ലാ ദേവസമൂഹവും. യേന അമന്ദം ഹസ്തവിജിതം = ഏതൊരുത്തനാൽ എളുപ്പത്തിൽ കൈയ്യുകൊണ്ടു കീഴടക്കപ്പെട്ടുവോ. സഃ ദശാസ്യഃ = ആ രാവണൻ. മാനുഷാൽ അപി ച ബിഭേതി കിം നു? = വെറും മനുഷ്യനെ പേടിക്കുമെന്നോ? താം പരമേശ്വരപൂജാം സമർപ്പ്യ = തുടങ്ങിയ ശിവപൂജ അവസാനിപ്പിച്ചു്. ശീഘ്രം തൽസമീപം ഉപഗമ്യ = വേഗം അവന്റെ അടുത്തു ചെന്നു്. ഏനം ചന്ദ്രഹാസഭുജഗാമിഷം കല്പയാമി = ഇവനെ ചന്ദ്രഹാസമാകുന്ന സർപ്പത്തിനു് ആഹാരമാക്കിത്തീർക്കാം. സംശയം നഹി = യാതൊരു സംശയവുമില്ല. (രാവണൻ പൂജയ്ക്കിരിക്കുന്ന സമയമായതുകൊണ്ടു് ഇതൊക്കെ സംസ്കൃതത്തിലാണത്രെ പറഞ്ഞതു്. വേദാധ്യയനകാലത്തു് ബ്രാഹ്മണർ കുളികഴിഞ്ഞാൽ തേവാരം അവസാനിക്കുന്നതുവരെ മലയാളഭാഷയിൽ സംസാരിച്ചുകൂടെന്നും വല്ലതും പറയേണ്ടിവന്നാൽ സംസ്കൃതത്തിൽ പറയണമെന്നുമാണു് നിയമം.) 650—700. തിറവിയ = വലിയ; ശക്തിയുള്ള. ബാഹുസഹസ്രം = ആയിരം കൈകൾ. മട്ടോലും മൊഴിമാർ = തേൻവാണികൾ; മധുരമായി സംസാരിക്കുന്നവർ; പ്രണയിനികൾ. ചടുലവിലാസേ = മന

സ്സിന്നിണങ്ങിയ ക്രീഡയിൽ ഏൎപ്പെട്ടു്. ഖഡ്ഗം=വാൾ. വാട=മൺകോട്ട. പടുത=സാമൎത്ഥ്യം. അതിശയമായ=ആൎക്കും അത്ഭുതം തോന്നിക്കത്തക്ക. കളത്രം=ഭാൎയ്യ.

700—750 മധുവിൽ അസക്തൻ=മദ്യത്തിൽ താല്പൎയ്യമില്ലാത്തവൻ. സംഗരം=യുദ്ധം. മഹിഷികൾ=രാജ്ഞിമാർ. തന്നെപ്പോലെ=അവനവനെപ്പററിപ്പോലും. യാതുകുലാധീശൻ=രാക്ഷസരാജാവു്. പ്രിയം ഇയലുന്നതു്=രസിച്ചു വസിക്കുന്നതു്. ശ്രവിക്ക=കേൾക്കുക. കണ=അമ്പു് നിശിചരവരൻ=രാക്ഷസശ്രേഷ്ഠൻ ശരം ഉടക്കി=അമ്പു് തൊടുത്തു്. 750—800 ചപലത=ചാപല്യം കഥിക്ക=പറയുക. സുരകുലം=ദേവസമൂഹത്തെ. കുലതരുണികൾ=കുലസ്ത്രീകൾ. നതാംഗിമാർ=സുന്ദരിമാർ വിപദേ=ആപത്തിനായി. പടുത=മിടുക്കു്. സജ്ജനാനാം=സജ്ജനങ്ങളുടെ. ദുരിതരാശി=പാപത്തിന്റെ കുന്നു്; പാപസമൂഹം. ദുരിതരാശിഭരിതൻ=വലിയ പാപി. രണം=യുദ്ധം. നൃപതികുലനാഥൻ=രാജശ്രേഷ്ഠൻ; കാൎത്തവീൎയ്യാൎജ്ജുനൻ. നിരൃതികുലനാഥൻ=രാക്ഷസശ്രേഷ്ഠൻ; രാവണൻ. പഞ്ചശതപാണികൾ=അഞ്ഞൂറു കൈകൾ. പഞ്ചശതചാപശരനിചയം=അഞ്ഞൂറു വില്ലും അമ്പിൻകൂട്ടവും. അപരൻ=അന്യൻ. അഭംഗതരം=ഒട്ടും കുറവുകൂടാതെ. നിരവധികനിശിതശരം=അററമില്ലാത്ത കൂൎത്തുമൂൎത്ത അമ്പു്. അരിശം=കോപം. വിപ്ലവം=കലഹം. നിശിചരരഥികവരൻ=രഥത്തിൽ കയറി യുദ്ധം ചെയ്യുന്ന രാക്ഷസവീരൻ. അധികശകലിതശരീരൻ=തീരെ നുറുങ്ങിയ അവയവങ്ങളോടുകൂടിയവൻ. ഫണിപതി=അനന്തൻ.

800—850. ശരഷണ്ഡം=അമ്പിൻകൂട്ടം. കുണ്ഠതാമാപ=മന്ദമായിത്തീൎന്നു; കുറഞ്ഞു. യുധി=യുദ്ധത്തിൽ. ('കരചരണമുപചരണമിരുപതുകരങ്ങളും' എന്ന പ്രയോഗ

ത്തിന്റെ അർത്ഥം വ്യക്തമാകുന്നില്ല. കൈയും കാലുംകൂട്ടി ചങ്ങലകൊണ്ടു് കെട്ടി എന്നായിരിക്കുമോ നമ്പ്യാരുദ്ദേശിച്ചിട്ടുള്ളതു് എന്നു സംശയിക്കുന്നു.) കരചരണചലചലനരഹിതം = കയ്യും കാലും ഇളക്കാൻ പാടില്ലാത്തവിധം. (ഒരു ചലശബ്ദം അധികമല്ലേ?) പംക്തിഗളൻ = രാവണൻ. വലരിപു = ഇന്ദ്രൻ. വലനംചെയ്ക = ചുററിസ്സഞ്ചരിക്ക. ഖലൻ = ദുഷ്ടൻ. 850—൯00. ആനകളിക്ക = കളിയാടുക. അന്തകൻ = യമൻ. അന്തണൻ = ബ്രാഹ്മണൻ. കാറംതീരാൻ = അപരാധത്തിൽനിന്നു മോചിപ്പിക്കാൻ. ചിങ്കുകളി = കാക്കാലന്മാരുടെ ഒരുതരം കളി. തൂക്കുപുകയില = തൂക്കിവില്ക്കുന്ന പുകയില. ഏണമിഴിമാർ = മാൻകണ്ണിമാർ; സുന്ദരിമാർ. സന്ദേഹം = സംശയം.

900—950. ധൂളിപ്പെണ്ണു് = വേശ്യ. ആർത്തി = കെംതി. സമരാർത്തി = യുദ്ധം മൂലമുണ്ടായ ദുഃഖം. ബന്ധിതൻ = കെട്ടപ്പെട്ടവൻ. അന്തരംഗം = മനസ്സു്. ആധി = സങ്കടം. വഞ്ചനാവചനം = ചതിവാക്കു്. കിംച = ഒന്നുംതന്നെ. നാസ്തി = ഇല്ല. കൃപയെന്യേ = കൃപയല്ലാതെ. പൌത്രസ്നേഹവശാൽ = പൌത്രനെപ്പററിയുള്ള സ്നേഹംകൊണ്ടു്. വിവശൻ = പരവശൻ. വിഷാദം = സങ്കടം.

950—1020. ഗേഹേ = വീട്ടിൽ; രാജധാനിയിൽ. ശഠത = ശാഠ്യം; നിർബ്ബന്ധം. വാശ്ലൂളും = എങ്ങിനെയായാലും; വല്ലതും. ക്ലേശിക്ക = ചോദിക്ക. ഉവാച = പറഞ്ഞു. ആഗമനം = വരവു്. കുലബലധനസുഖസന്തതി പുഷ്ടിവരുത്തുക = വംശം, സൈന്യം, സമ്പത്തു്, സുഖം, സന്തതി, എന്നിവയ്ക്കു് അഭിവൃദ്ധി വരുത്തുക. ഗീരുകൾ = വാക്കുകൾ. ഭൂതി = ഐശ്വര്യം. സിദ്ധന്മാർ = സൽപ്രവൃത്തികൊണ്ടു് പല സിദ്ധികളും സമ്പാദിച്ചവർ. ഉദ്ധതഗതി = അഹങ്കരിച്ചു നടക്കുന്നവൻ. മൃത്യുഞ്ജയൻ = ശിവൻ. ദുരാചാരത്തെ

നിവൃത്തിവരുത്തുക = ദുഷ്പ്രവൃത്തിയെ തടുക്കുക. ഇത്തൊഴിൽ = നിന്റെ ഈ പ്രവൃത്തി; രാവണനെ കെട്ടിയിട്ടതു് എന്നർത്ഥം. നികടേ = അടുക്കൽ. മുഖാവലി = മുഖങ്ങളുടെ കൂട്ടം. രമണീയം = മനോഹരം. സന്നതൻ = കുമ്പിട്ടവൻ; വണങ്ങിയവൻ; വിനീതൻ. തുംഗസുഖേന = വർദ്ധിച്ച സുഖത്തോടുകൂടി. അതുലം = എതിരില്ലാത്ത. മംഗളം = നന്മ.

## ചില ചോദ്യങ്ങൾ

I "ചററപാട്ടുകളെ വിസ്മരിച്ച കവിതയെഴുതാൻ കുഞ്ചൻനമ്പ്യാക്കു് ഒരിക്കലും സാധിച്ചിരുന്നില്ല." ഈ അഭിപ്രായത്തിന്റെ സാധുതചത്തെ പരിശോധിക്കുക.

II "ശൈലികളെക്കൊണ്ടു് അർത്ഥപുഷ്ടിയും പഴഞ്ചൊല്ലുകളെക്കൊണ്ടു ചമൽകാരഭംഗിയും വരുത്തുവാൻ കുഞ്ചൻനമ്പ്യാക്കുള്ള സാമർത്ഥ്യം അന്യാദൃശമാണു്." കാർത്തവീര്യാർജ്ജുനവിജയത്തിൽനിന്നു് ഈ കാര്യം വിശദമാക്കുക.

III "സമുദായശരീരത്തിൽ പിടിപെട്ടിരുന്ന പലതരം ദുരാചാരരോഗങ്ങളെ ചികിത്സിച്ചുമാററുന്നതിനായിട്ടാണു് നമ്പ്യാർ പരിഹാസശസ്ത്രം കയ്യിലെടുത്തതു്." ഈ അഭിപ്രായത്തെ സമർത്ഥിക്കുക.

IV "നമ്പ്യാരുടെ കേരളീയത്വം അദ്ദേഹത്തിന്റെ എല്ലാ കൃതികളിലും തെളിഞ്ഞുകാണാം." കാർത്തവീര്യാർജ്ജുനവിജയത്തെ സംബന്ധിച്ചിടത്തോളം ഈ അഭിപ്രായത്തിന്റെ സാധുതചത്തെ പരിശോധിക്കുക.

V 'കുഞ്ചൻനമ്പ്യാരുടെ കവിതയ്ക്കു ജീവൻ നല്കുന്നതു് ഫലിതമാണു്.' ഈ അഭിപ്രായത്തിൻെറ സാധുത്വം, കാർത്തവീര്യാർജ്ജുനവിജയത്തെ അടിസ്ഥാനപ്പെടുത്തി പരിശോധിക്ക.

VI കുഞ്ചൻനമ്പ്യാരുടെ തുള്ളലുകൾക്കുള്ള പ്രത്യേകതകൾ വിവരിച്ചു് കാർത്തവീര്യാർജ്ജുനവിജയത്തിൽനിന്നു് ഓരോന്നിനും ഉദാഹരണം പറയുക.

VII കാർത്തവീര്യാർജ്ജുനവിജയത്തിൽ മൂലകഥയിൽനിന്നു വരുത്തീട്ടുള്ള വ്യതിയാനങ്ങൾ ഏതെല്ലാം?

VIII കാർത്തവീര്യാർജ്ജുനവിജയത്തിൽ ചുററുപാടുകളെ ചിത്രീകരിക്കുന്നതിനുവേണ്ടി നമ്പ്യാർ ചെയ്തിട്ടുള്ള ഉപായങ്ങളെന്തെല്ലാം?

IX കുഞ്ചൻനമ്പ്യാർ സാമാന്യജനങ്ങളുടെ കവിയായിത്തീൎന്നതെങ്ങിനേ?

X കുഞ്ചൻനമ്പ്യാരുടെ കാലത്തെ കേരളത്തിലെ സമുദായസ്ഥിതി കാർത്തവീര്യാർജ്ജുനവിജയത്തിൽ എങ്ങനെ നിഴലിക്കുന്നു എന്നു പരിശോധിക്കുക.

XI കാർത്തവീര്യാർജ്ജുനവിജയത്തിലെ രാവണൻെറ സ്വഭാവത്തെ നിരൂപണം ചെയ്യുക.

## I-ാം ചോദ്യത്തിനുത്തരം

നമ്മുടെ കവികളിൽ അധികംപേരും ഭാവനാലോകത്തിൽ സഞ്ചരിക്കുന്നവരത്രെ. ലോകത്തിൽ സാധാരണമായി കാണാത്തവരും ഓരോ വിഷയത്തിലും മാതൃകാഭൂതന്മാരുമായ ഒരുതരം കഥാപാത്രങ്ങളെ സൃഷ്ടിച്ചു് അവരെക്കൊണ്ടു്

പ്രവർത്തിപ്പിക്കുന്നതാണ് കവികൾക്ക് കൂടുതൽ ഇഷ്ടം. അടുത്തകാലംവരെ കേരളത്തിലെ കവിതാരീതിയും ഇത്തരത്തിലുള്ള ഒന്നായിരുന്നു. പുരാണകഥകളെ തിരിച്ചും മറിച്ചും പ്രതിപാദിച്ച കവിതയെഴുതി പരിചയിച്ച പാരമ്പര്യത്തിൽനിന്നു സിദ്ധിച്ചതായിരിക്കാം ഈ സ്വഭാവം. അതെങ്ങിനെയായാലും, തങ്ങളുടെ ചുററുപാടുകളെ തീരെ വിസ്മരിച്ചോ അവഗണിച്ചോ സങ്കല്പലോകത്തിൽ യഥേഷ്ടം വിഹരിക്കുന്നതിനു് അവർ കാണിച്ച പാടവം അസാധാരണമായിരുന്നു എന്നു് സമ്മതിച്ചേ തീരൂ.

ഈ അടുത്തകാലത്തുമാത്രമാണ് ആ രീതിക്ക് ഒരു മാററം വന്നതു്. തങ്ങൾ ജീവിക്കുന്ന യഥാർത്ഥലോകത്തെ വിസ്മരിച്ചു് സങ്കല്പസൃഷ്ടമായ ഭാവനാലോകത്തിൽമാത്രം വിഹരിക്കുന്നതു്—ദരിദ്രരും ദുഃഖിതരും പീഡിതരുമായ അനവധി ആളുകൾ തങ്ങളുടെ ചുററും സജീവരായി വർത്തിക്കുമ്പോൾ അവരെ തീരെ വിസ്മരിച്ചു് ആരും എങ്ങും കാണാത്ത ഒരുതരം സുഖലോലുപന്മാരെ കഥാപാത്രങ്ങളായി സ്വീകരിക്കുന്നതു്—ഒരുതരം അസ്വാഭാവികമായ പ്രവൃത്തിയാണെന്നുള്ള ബോധം ചില കവികൾക്കുണ്ടായതിൻെറ ഫലമായിട്ടാണ് ഈ മാററം സംഭവിച്ചതു്. ധീരോദാത്തന്മാരായ രാജാക്കന്മാരെ മാത്രമേ നായകന്മാരായി സ്വീകരിച്ചുകൂടൂ എന്നുള്ള ആലങ്കാരികനിയമം മുറുകെ പിടിച്ചുകൊണ്ടിരിക്കുന്ന ചില പഴമക്കാർ, ദരിദ്രരേയും ദുഃഖിതരേയും നായകസ്ഥാനത്തു് അവരോധിച്ചുകൊണ്ടുള്ള ഈ പുതിയ സാഹിത്യസൃഷ്ടിയെ ഇന്നും കഠിനമായി എതിർത്തുകൊണ്ടിരിക്കുന്നുണ്ടു്. ചുററുപാടുകൾക്കു കവിതയിൽ യാതൊരു സ്ഥാനവും കല്പിക്കേണ്ട ആവശ്യമില്ലെന്നാണ് അവരുടെ വാദം: വിദേശീയ സാഹിത്യത്തിൻെറ കോളിളക്കം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഈ ഇരുപതാം നൂററാണ്ടിൽപോലും നമ്മുടെ സാഹിത്യകാരന്മാർ ഇത്ര യാഥാസ്ഥിതികന്മാരായി കാണപ്പെടുന്ന

ണ്ടെങ്കിൽ, ഒന്നുരണ്ടു നൂററാണ്ടുകൾക്കു മുൻപിലുണ്ടായിരുന്ന സ്ഥിതി എന്തായിരിക്കുന്നമെന്നു നമുക്കു് എളുപ്പത്തിൽ ഊഹിക്കാം. അങ്ങനെയുള്ള ഒരു കാലത്തു്—സാഹിത്യലോകത്തിൽ യാഥാസ്ഥിതികന്മാരുടെ പ്രാബല്യവും പ്രാമാണ്യവും നിർബാധം വിഹരിച്ചിരുന്ന ഒരു കാലത്തു്—ആവക പഴയ സാഹിത്യനിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ടു് തന്റെ ചുററുപാടുകളെ കവിതയിൽ പ്രതിഫലിപ്പിക്കുവാൻ ധൈൎയ്യപ്പെട്ട കുഞ്ചൻനമ്പ്യാർ സാഹിത്യത്തിൽ ഒരു വലിയ പരിവൎത്തനംതന്നെയാണുണ്ടാക്കിയതു് എന്നുള്ളതിനു് സംശയമില്ല. പക്ഷെ, പുരാണകഥകളെ ഉപേക്ഷിക്കാൻ അദ്ദേഹവും ധൈൎയ്യപ്പെട്ടില്ല. ജനസാമാന്യം പുരാണങ്ങളുമായി താദാത്മ്യം പ്രാപിച്ചിരുന്ന സ്ഥിതിക്കു് അക്കാൎയ്യത്തിൽ പെട്ടെന്നു് ഒരു സമൂലപരിവൎത്തനത്തിനു പുറപ്പെടുന്നതു് പരാജയത്തിനു കാരണമായിത്തീരുമെന്നു് ഭയപ്പെട്ടിരുന്നതുകൊണ്ടായിരിക്കാം അദ്ദേഹം അതിനു പുറപ്പെടാതിരുന്നതു്. പുരാണകഥകളുടെ പശ്ചാത്തലത്തിൽ കേരളീയ ജനസമുദായത്തിന്റെ ചിത്രം വരയ്ക്കുകയാണു് നമ്പ്യാർ വാസ്തവത്തിൽ ചെയ്തിട്ടുള്ളതെന്നു് തുള്ളലുകളുമായി അല്പമെങ്കിലും പരിചയപ്പെട്ടിട്ടുള്ളവരോടു പ്രത്യേകം പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. നവീന സാഹിത്യകാരന്മാർ ഏതുദ്ദേശത്തോടുകൂടിയാണോ ചുററുപാടുകളെ സാഹിത്യത്തിൽ ചിത്രീകരിക്കുന്നതു്, അതേ ഉദ്ദേശം തന്നെയാണു്—സമുദായ പരിഷ്കരണമെന്ന അതേ ഉദ്ദേശം തന്നെയാണു്—നമ്പ്യാൎക്കും ഉണ്ടായിരുന്നതെന്നുള്ളതും ഈ അവസരത്തിൽ സ്മരിക്കേണ്ടതായിട്ടുണ്ടു്".

ചുററുപാടുകളെ കവിതയിൽ ചിത്രീകരിക്കുന്നതിൽ കുഞ്ചൻനമ്പ്യാർ പ്രയോഗിച്ച സ്വാതന്ത്ര്യം അത്ര നിസ്സാരമാണെന്നു പറയാനും നിവൃത്തിയില്ല. ദേശലംഘനം, കാലലംഘനം, സമുദായാചാരലംഘനം എന്നുതുടങ്ങിയ പേരുക

ളിൽ ഓരോ കവിതാദോഷങ്ങളായി സാഹിത്യാചാര്യന്മാർ കണക്കാക്കിയിട്ടുള്ള പല വർണ്ണനകളും നമ്പ്യാരുടെ തുള്ളലുകളിൽ സുലഭങ്ങളത്രെ. ദ്വാരകയോ, കുണ്ഡിനമോ, സ്വർഗ്ഗമോ, നരകമോ, എന്തുതന്നെയായാലും കൊള്ളാം, നമ്പ്യാർ വർണ്ണിച്ചാൽ അതിനു കേരളത്തിന്റെ ഒരു ഛായ വന്നുചേരാതിരിക്കയില്ല. കഞ്ചാവും പുകയിലയും വാങ്ങാൻ തോക്കും തുമ്പയും പണയം വെയ്ക്കുന്ന നായന്മാരാണ് കൗരവസൈന്യത്തിലും യാദവസൈന്യത്തിലും ഉള്ളതു്. ദ്വാരകയിൽ ശ്രീകൃഷ്ണന്റെ അംഗരക്ഷകന്മാരും, കാലപുരിയിൽ യമന്റെ അനുചരന്മാരും, നായന്മാർതന്നെ. നളന്റെ അടുക്കൽനിന്നു വിദർഭത്തിലേക്കു പറന്നുപോകുന്ന ഹംസം, അച്ചികളോടു കലമ്പി കലമുടച്ചുകളയുന്ന നായന്മാരെയാണ് വഴിയിൽ മുഴുവൻ കാണുന്നതു്. ഘോഷയാത്രയിൽ ദുര്യോധനാദികളൊന്നിച്ചു കാട്ടിലേക്കു പുറപ്പെട്ട കൗരവസൈന്യത്തിലും നായന്മാർ ധാരാളമുണ്ടായിരുന്നു. അന്ന് കാട്ടിൽ വലകെട്ടിയിരുന്ന വേടന്മാർ പിറേറദിവസം രാവിലെ ചെന്നുനോക്കിയപ്പോൾ വലയിലകപ്പെട്ടു കിടക്കുന്നതായി കണ്ടതു് 'മലയാളത്തിലെ ഒരു മാനുഷ'നേയാണത്രെ!

നമ്പ്യാർ വർണ്ണിക്കുന്ന ഓരോ രാജധാനിയിലും കുട്ടിപ്പട്ടന്മാരുണ്ടായിരിക്കും. കുട്ടിപ്പട്ടന്മാരെയെത്തമിടീക്കുന്ന സാപ്പാട്ടുരാമന്മാരെപ്പററി ധ്രുവചരിതത്തിൽ സുരുചി ആവലാതിപ്പെടുന്നുണ്ടു്. ഘോഷയാത്രയിലെ ദുര്യോധനനും കുട്ടിപ്പട്ടരെപ്പററി ചിലതൊക്കെ പറയാനുണ്ടു്. കോട്ടാറൻകവണിയും പട്ടും തുപ്പട്ടാവും വിററുനടക്കുന്ന പട്ടന്മാർ ഹസ്തിനനഗരിയിൽ ധാരാളം ഉണ്ടായിരുന്നുവെന്നാണ് നമ്പ്യാർ പറയുന്നതു്. കൂടുതൽ പലിശയ്ക്കു പണം കടംകൊടുക്കുന്ന പട്ടന്മാരുമായി ധ്രുവചരിതത്തിലെ നാരദനു നല്ല പരിചയമാണത്രെ. തന്നാൽ തോല്പിക്കപ്പെട്ട രാജാക്കന്മാർ ദിവസവൃത്തിക്കു യാതൊരുവഴിയും കാണാതെ പട്ടന്മാരോടു

പണം പലിശയ്ക്കുവാങ്ങി അഷ്ടികഴിച്ചതായി കാർത്തവീര്യാ ർജ്ജുനവിജയത്തിലെ രാവണൻ പറയുന്നു. നായന്മാർക്ക് പുറമേ "പട്ടാണികളും ചെട്ടികളും കോമട്ടികളും പല പട്ടന്മാരും വട്ടംകൂട്ടി വനത്തിനുപോവാൻ" വരണമെന്നാണ് ഘോഷയാത്രയ്ക്കു പുറപ്പെട്ട ദുര്യോധനൻെറ കല്പന. ചിത്രയോധി രാവണൻെറ സന്ദേശം ചെന്നറിയിക്കുന്ന കൂട്ടത്തിൽ, "നാട്ടിലിരിക്കും പട്ടന്മാരും നാലാലൊന്നു നമുക്കു തരേണം" എന്നുകൂടി കാർത്തവീര്യാർജ്ജുനനോടു പറയുന്നുണ്ട്. "വീട്ടിലിരിക്കുന്ന നായന്മാർ പടവില്ലും കുന്തവുമേന്തി പറയുന്ന ജോലിചെയ്തു" രാവണൻെറ രാജധാനിയിൽ കഴിച്ചുകൂട്ടണമത്രെ. അങ്ങനെ ചെയ്യില്ലെങ്കിൽ, രാവണഭടന്മാർ,

"അമ്പലമൊക്കെത്തീണ്ടിത്തൊട്ടും
നമ്പൂരാരുടെ ഭവനം ചുട്ടും
എമ്പ്രാന്തിരിയെത്താഡിച്ചും പുന-
രമ്പലവാസികളെക്കൊലചെയ്തും"

മാഹിഷ്മതിയെ ആക്രമിക്കുമെന്നാണ് ചിത്രയോധി പറയുന്നതു്. നായന്മാരും നമ്പൂരിമാരും എമ്പ്രാന്തിരിമാരും അമ്പലവാസികളും പട്ടന്മാരും മാഹിഷ്മതിയിൽ ധാരാളമുണ്ടായിരുന്നു എന്നല്ലേ ഇതു വായിച്ചാൽ തോന്നുക? കവിയുടെ കേരളീയത്വം അദ്ദേഹത്തിൻെറ അനുമതി കൂടാതെതന്നെ തൂലികത്തുമ്പിൽക്കൂടി ബലാല്ക്കാരേണ പ്രത്യക്ഷപ്പെടുകയല്ലേ വാസ്തവത്തിൽ ഇവിടെ ചെയ്തിട്ടുള്ളതു്!

കാമിനിമാരെ പ്രീണിപ്പിക്കാൻ വേണ്ടി കാമുകന്മാർ ഓണപ്പുടക്കൊടുക്കുന്നതും ഗൃഹനായകന്മാർ വിഷുക്കൈനേട്ടം കൊടുക്കുന്നതും മററും ദ്വാരകയിലെ നാരദനു നല്ലപോലെ അറിയാം. ഉത്താനപാദൻെറ രാജധാനിയിൽ ചെണ്ടമേളവും പാഠകവും ചാക്യാർക്കൂത്തും നടന്നിരുന്നു. എരിശ്ശേരിയും പുളിശ്ശേരിയും ഓലനും കാളനുമാണ് ഹസ്തിനപുരി

യിലെ സദ്യക്കുള്ള വട്ടങ്ങളിൽ പ്രധാനം. നാരങ്ങാക്കറിയും ഉണ്ടായിരുന്നുവത്രെ. 'കടൽവാഴയ്ക്കാക്കറിയില്ലാത്ത ഭോജനം' വളരെ കുറവായിരുന്നുവെന്നും, ദുര്യോധനൻെറ സൈന്യങ്ങൾക്ക പ്രത്യേകിച്ചും അതു വളരെ പത്ഥ്യമായിരുന്നു എന്നും നമ്പ്യാർക്കറിയാം. തുള്ളലുകളിലെ വിവാഹച്ചടങ്ങുകളും മററും തനി കേരളീയം തന്നെയായിരിക്കും. നമ്പ്യാരുടെ ചില സ്വയംവരവൎണ്ണനകൾ വായിച്ചാൽ അമ്പലപ്പുഴയോ തിരുവനന്തപുരത്തോ നടക്കുന്ന 'തൃത്താലി ചാർത്തു' വൎണ്ണനയാണെന്നേ വായനക്കാൎക്കു തോന്നുകയുള്ളു.

ഏതു കഥയിലും, ദേശകാലഭേദമെന്യേ, കേരളത്തെ ചിത്രീകരിക്കയാണു് നമ്പ്യാർ ചെയ്തിട്ടുള്ളതെന്നുള്ളതിനു് ഇനിയും ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ആചാരം, വിചാരം, വേഷം, ഭാഷ മുതലായ ഓരോ ഇനത്തിലും നമ്പ്യാരുടെ കഥാപാത്രങ്ങളിൽ കേരളീയത്വം പ്രത്യക്ഷപ്പെടാത്ത സന്ദൎഭങ്ങൾ വളരെ ചുരുക്കമാണു്. നമ്പ്യാൎക്കു് പരിചയപ്പെട്ട സമുദായങ്ങളിലും വൎഗ്ഗങ്ങളിലുംപെട്ട വ്യക്തികളുടെ ഛായ, അറിഞ്ഞോ അറിയാതെയോ, അദ്ദേഹത്തിൻെറ കഥാപാത്രങ്ങളിലും പകൎന്നിട്ടുണ്ടു്. വൎണ്ണനയ്ക്കു വിഷയമായ ദേശകാലാദികൾ ഏതൊക്കെയായാലും, നമ്പ്യാൎക്കു പരിചയപ്പെട്ട ദേശവും കാലവുമായിട്ടാണു് അതു തുള്ളലുകളിൽ രൂപമെടുത്തിട്ടുള്ളതു്. 'ചുററുപാടുകളെ വിസ്മരിച്ചു് കവിതയെഴുതാൻ നമ്പ്യാൎക്കു് ഒരിക്കലും സാധിച്ചിരുന്നില്ലെ'ന്നാണല്ലോ ഇതിൽനിന്നൊക്കെ തെളിയുന്നതു്.

## V-ാം ചോദ്യത്തിനുത്തരം

ഹാസ്യരസത്തോടു് മനുഷ്യൎക്കുള്ള പ്രതിപത്തി സുപ്രസിദ്ധമാണു്. ശൃംഗാരത്തിലോ വീരത്തിലോ രസിക്കാൻ സാധിക്കാത്ത ഗൌരവസ്വഭാവക്കാർപോലും ഹാസ്യത്തിൽ മയങ്ങിപ്പോകുന്നു. ഒന്നിലും കുലുങ്ങാത്ത ചില കനത്ത സ്വഭാവക്കാർ നമ്മുടെ ഇടയിലുണ്ടല്ലൊ. അത്തരക്കാർപോലും നല്ല ഫലിതം കേട്ടാൽ ഒന്നു പുഞ്ചിരിതൂകുകയെങ്കിലും ചെയ്യാതിരിക്കയില്ല. കാളിദാസാദി മഹാകവികൾപോലും ഈ തത്വം മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണു് അവരുടെ നാടകങ്ങളിൽ, രാജാക്കന്മാരുടെ നൎമ്മസചിവന്മാർ എന്ന പേരിൽ, ചില വിദൂഷകന്മാർ കടന്നുകൂടിയതു്. ഇങ്ങനെ, ഫലിതത്തിനു പണ്ഡിതന്മാരെപ്പോലും ആകൎഷിക്കാൻ ശക്തിയുണ്ടെങ്കിൽ, പാമരന്മാരുടെ ഇടയിൽ അതിനുള്ള സ്വാധീനശക്തി എത്രമാത്രമായിരിക്കുമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. ഈ രഹസ്യം മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് ചാക്യാർ കൂത്തു പറയുമ്പോൾ സന്ദൎഭോചിതമായി ഫലിതം പ്രയോഗിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കാറുള്ളതു്. ഫലിതം പറയാൻ സമൎത്ഥനായ ചാക്യാർ കൂത്തു പറയുന്നു എന്നുകേട്ടാൽ, ഈ ഇരുപതാം നൂററാണ്ടിൽപോലും ആളുകൾ കൂത്തുകേൾക്കാൻ തടിച്ചുകൂടുക പതിവാണു്.

ചാക്യാർകൂത്തുമായി ധാരാളം അടുത്തു പരിചയിക്കാൻ അവസരം കിട്ടിയ കുഞ്ചൻനമ്പ്യാർ ഫലിതത്തിനുള്ള ഈ വശ്യശക്തി നല്ലപോലെ മനസ്സിലാക്കിയിരുന്നു. പാമരന്മാരെക്കൂടി വശീകരിക്കുന്നതിനായി സംസ്കൃതപദങ്ങളെ അകററിനിൎത്തി ലളിതമായ മലയാളംകൊണ്ടുമാത്രം പെരുമാറുന്നതിൽ നമ്പ്യാർ കാണിച്ച മനശ്ശാസ്ത്രപരിജ്ഞാനം, കുറെക്കൂടി ഔചിത്യത്തോടുകൂടി ഫലിതപ്രയോഗവിഷയത്തിലും അദ്ദേഹം പ്രദൎശിപ്പിച്ചിട്ടുണ്ടു്.

"ചിരിക്കുന്ന കഥ കേട്ടാലിരിക്കുമായതല്ലെങ്കിൽ
തിരിക്കുമങ്ങിനെ ഭാവിച്ചിരിക്കുന്ന ഭടന്മാരെ
ചിരിക്കാതെ രസിപ്പിക്കാനൊരിക്കലുമെളുതല്ല്"

എന്നിങ്ങിനെ ഫലിതപ്രയോഗത്തിൻെറ വശീകരണശക്തിയെ നമ്പ്യാർ തുറന്നു സമ്മതിച്ചിട്ടുണ്ടു്. സന്ദർശകന്മാരെ ധാരാളമായി ആകർഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നമ്പ്യാർ തുള്ളലിൽ മനഃപൂർവ്വമായി ഫലിതം പ്രയോഗിക്കയാണു് ചെയ്യുന്നതെന്നു് ഇതിൽനിന്നു മനസ്സിലാക്കാം. തുള്ളൽ ഇക്കാലത്തും ജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നതു ഫലിതത്തിൻെറ ശക്തികൊണ്ടുതന്നെയാണു്.

ഫലിതം കേട്ടു രസിക്കുക എളുപ്പമാണെങ്കിലും, പറഞ്ഞു ഫലിപ്പിക്കുക അത്ര എളുപ്പമല്ല. അതിനു ജന്മസിദ്ധമായ ഒരു വാസനതന്നെവേണം. നമ്പ്യാർക്കു് ഈ വാസന വേണ്ടുവോളമുണ്ടായിരുന്നു; ചാക്യാരുമായുള്ള സഹവാസം നിമിത്തം അതു് നല്ലപോലെ വികസിക്കുകയും ചെയ്തിരുന്നു. സമുദായപരിഷ്കരണത്തേയും സദാചാരപ്രചരണത്തേയുമാണു്, ചാക്യാരെപ്പോലെതന്നെ, നമ്പ്യാരും പ്രധാനമായ കാവ്യപ്രയോജനമായി ഉദ്ദേശിച്ചിരുന്നതു്. ഈ ഉദ്ദേശസാദ്ധ്യത്തിനു് അവർ സ്വീകരിച്ച ആയുധം പരിഹാസമാണു്. പരിഹാസംകൊണ്ടുമാത്രം പെരുമാറാൻ തുടങ്ങിയാൽ ഈ ഉദ്ദേശം സാധിക്കയില്ലെന്നുമാത്രമല്ല, വിപരീതഫലം ഉണ്ടാവാനിടയുണ്ടുതാനും. അതു കൂടാതെ കഴിക്കണമെങ്കിൽ പരിഹാസം ഫലിതത്തിൽ പൊതിയേണ്ടതു് അത്യാവശ്യമാണു്. അങ്ങനെയായാൽ, പരിഹാസത്തിൻെറ കയ്പു് ഫലിതത്തിൻെറ മാധുര്യത്തിൽ മറഞ്ഞുപോകുമല്ലോ. നമ്പ്യാർ തുള്ളലുകളിൽ പലരേയും കഠിനമായി ആക്ഷേപിക്കുന്നുണ്ടെങ്കിലും, ഫലിതപ്രയോഗത്തിൻെറ ശക്തിനിമിത്തമാണു് അതു മുഴച്ചുകാണാത്തതു്. വലിയ ശസ്ത്രക്രിയകൾക്കു മുൻപു് ഡാക്ടർമാർ മയക്കുമരുന്നു കൊടുത്തു

രോഗികളെ മോഹാലസ്യപ്പെടുത്താറുണ്ടല്ലൊ. അതുപോലെതന്നെ മർമ്മഭേദിയായ പരിഹാസസംമിശ്രിതം ആളുകൾക്കു തന്റെ നേരെ വെറുപ്പുതോന്നാതിരിക്കുന്നതിനുവേണ്ടി നമ്പ്യാർ പ്രയോഗിച്ച ഒരുതരം മയക്കമരുന്നാണു് ഫലിതമെന്നു പറയാം.

വീരരസപ്രധാനമായ കാർത്തവീര്യാർജ്ജുനവിജയത്തിലും ഫലിതത്തിനുള്ള അവസരമുണ്ടാക്കുവാൻ നമ്പ്യാർക്കു കഴിഞ്ഞിട്ടുണ്ടു്. താൻ ജയിച്ചു കീഴടക്കിയ രാജാക്കന്മാരെപ്പററി വിവരിക്കുന്ന അവസരത്തിൽ,

ചോളമഹീശനു കൊററിനു കമ്പ-
ച്ചോളമതല്ലാതില്ലൊരു വസ്തു;
കുരുരാജാക്കന്മാർക്കിഹ ചക്ക-
ക്കുരുവല്ലാതില്ലൊന്നു ഭുജിപ്പാൻ

എന്നും മററും രാവണൻ പറയുന്ന ഘട്ടം വായനക്കാരെ സ്മേരമുഖന്മാരാക്കാൻ ശക്തിയുള്ളതാണെന്നുള്ളതിനു സംശയമില്ല. ഇങ്ങനെ അപഹൃതരാജ്യന്മാരും നഷ്ടധനന്മാരുമായ രാജാക്കന്മാരെല്ലാം പട്ടന്മാരോടു കടംകൊണ്ടിട്ടാണത്രെ അഷ്ടികഴിച്ചുകൂട്ടിയതു്.

കാർത്തവീര്യാർജ്ജുനൻ രാവണനെ ബന്ധിച്ചു കാരാഗൃഹത്തിലാക്കിയതിനുശേഷമുള്ള സംഭവങ്ങളെ വർണ്ണിക്കുന്നഘട്ടത്തിൽ ഫലിതം അതിന്റെ മൂർദ്ധന്യത്തിലെത്തുന്നു. രാവണന്റെ പത്തു മുഖങ്ങളിൽനിന്നു പുറപ്പെട്ട മുറവിളി പാതാളസ്വർഗ്ഗങ്ങളിൽപോലും എത്തി എന്നുള്ള മുഖവുരയോടുകൂടിയാണു് നമ്പ്യാർ ആ ഭാഗം ആരംഭിക്കുന്നതു്. "എന്തൊരു മുറവിളിയായിതു കൂവേ?" എന്നുതുടങ്ങിയ നാട്ടുകാരുടെ സംഭാഷണം, ഫലിതം നിറഞ്ഞതും ആ രാക്ഷസപ്പെരുമാളെ മനഃപൂർവ്വം പരിഹസിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമത്രെ. ദുഷ്കർമ്മം ചെയ്യുന്നവർ, ഇന്നല്ലെങ്കിൽ നാളെ, തീർച്ചയായും അതിന്റെ ഫലം അനുഭവിക്കാതിരിക്കയില്ലെ-

ന്നുള്ള ഒരു ഉപദേശംകൂടി നമ്പ്യാർ ഇവിടെ വ്യംഗ്യമായി സൂചിപ്പിക്കുന്നുണ്ടു്.

കാരാഗൃഹത്തിൽ ആഹാരം കൊണ്ടുചെല്ലുന്ന പെണ്ണുങ്ങൾ രാവണന്റെ മുമ്പിൽ കിണ്ണത്തിൽ പിണ്ഡമുരുട്ടിവെച്ചു പറയുന്ന കുളിവാക്കുകൾ രാവണനെയൊഴിച്ചു മററെല്ലാവരെയും പൊട്ടിച്ചിരിപ്പിക്കുന്നവയത്രെ. കൈയും കാലും കൂട്ടിക്കെട്ടിയിടപ്പെട്ട രാവണൻ എഴുന്നേററുനിന്നു് ചിങ്കകളിച്ചാൽ—ഒന്നു നൃത്തംവെച്ചാൽ—ചങ്ങല കിലുങ്ങുമെന്നും ആ കിലുക്കമൊന്നു കേട്ടാൽ കൊള്ളാമെന്നുമാണു് ഒരുത്തിക്കു പറയാനുള്ളതു്. പത്തു മുഖങ്ങൾകൊണ്ടു പത്തു പാട്ടു പാടി 'തിത്തിത്തൈ' എന്നു ചാടി നൃത്തംവെച്ചാൽ അതിനു പ്രതിഫലമായി പാക്കും വെററിലയും നല്ല തൂക്കുപുകയിലയും രാവണനു കൊടുക്കാമെന്നുകൂടി അവൾ പറയാൻ ഭാവമുണ്ടു്. കുലസ്ത്രീകളെ പിടിച്ചിഴച്ചു് അപമാനിച്ചിരുന്ന കൈകൾകൊണ്ടു തന്നെ ഒന്നുതാണു തൊഴുതാൽ ചോറും കറിയും പുളിഞ്ചാറും കാച്ചിയ മോരും ചൂടാറുന്നതിനു മുമ്പുതന്നെ എത്തിച്ചുതരാമെന്നാണു് മറെറാരുത്തിക്കു പറയാനുള്ളതു്. ഒരു മുഖം മാത്രമുള്ള മണ്ഡോദരി പത്തു മുഖമുള്ള രാവണനുമായി രമിക്കുന്നതെങ്ങിനെയാണെന്നാണു് മൂന്നാമത്തൊരുത്തിക്കറിയേണ്ടതു്. പത്തു പുരുഷന്മാരോടുകൂടി രമിക്കുന്ന ധൂളിപ്പെണ്ണുങ്ങളുടെ നിലയിലേക്കു മണ്ഡോദരി അധഃപതിച്ചുപോയി എന്നുള്ള ഒരു റിമാർക്കുകൂടി രാവണന്റെ മുമ്പിൽ വെച്ചു് അവൾ പാസ്സാക്കുന്നു. ഇത്രയുമായപ്പോൾ, അതുവരെ മിണ്ടാതിരുന്ന നാലാമത്തൊരുത്തി, "പോടി പെണ്ണേ! ത്രൈലോക്യനാഥനായ തിരുമേനിയോടു് ഇതൊക്കെ ചോദിച്ചിട്ടു് നിനക്കെന്താടീ ആവശ്യം?" എന്നുള്ള അഭിപ്രായവുമായി മുന്നോട്ടു വരുന്നു. "മണ്ഡോദരി ദിവസം തോറും മാറി മാറി ഓരോമുഖം ചുംബിക്കയായിരിക്കും; അതിനു നിനക്കെന്തു വേണം?" എന്നുകൂടി അവൾക്കു പറയാ

നുണ്ടു്. ഈവക ഭാഗങ്ങൾ അഭിനയിക്കുമ്പോൾ വായനക്കാർ ചിരിച്ചു മണ്ണുകപ്പുമെന്നുള്ളതിനു് എന്താണു് സംശയം?

വീരരസപ്രധാനമായ ഒരു കഥയിൽ—ഫലിതത്തിനു പറയത്തക്ക സ്ഥാനമൊന്നുമില്ലാത്ത കാർത്തവീര്യാർജ്ജുനവിജയത്തിൽ—ആണു് കുഞ്ചൻനമ്പ്യാർ ഈ പൊടിക്കൈകളൊക്കെ പ്രയോഗിച്ചിട്ടുള്ളതെന്നു് പ്രത്യേകം ഓർക്കേണ്ടതുണ്ടു്. അങ്ങിനെയാണെങ്കിൽ, ഫലിതത്തിനും പരിഹാസത്തിനും അവസരമുള്ള മററു കഥകളിൽ നമ്പ്യാർ എത്രമാത്രം ചാതുര്യത്തോടും അനുഭവരസികത്വത്തോടുംകൂടി അതു പ്രയോഗിച്ചിരിക്കുമെന്നൂഹിക്കാൻ ഇതുകൊണ്ടു നമുക്കു സാധിക്കുമല്ലൊ. ഘോഷയാത്രയിൽ ഗന്ധർവന്മാരുടെ ബന്ധനത്തിൽനിന്നു മോചിപ്പിക്കപ്പെട്ട കൗരവന്മാരെ തലതൊട്ടെണ്ണിനോക്കീട്ടാണത്രെ ഭീമസേനൻ തിട്ടപ്പെടുത്തിയതു്. കൂട്ടത്തിൽ ഒരെണ്ണം എങ്ങാനും കുറഞ്ഞുപോയാൽ അന്ധനരപതി കയർത്തേക്കുമെന്നു് വിചാരിച്ചിട്ടാണു് ഭീമൻ അപ്രകാരം പ്രവർത്തിച്ചതെന്നുകൂടി നമ്പ്യാർ പറയുന്നുണ്ടു്. ഗന്ധർവ്വന്മാരുടെ തേരിൽ കയറിച്ചെന്നു് കൗരവന്മാരുടെ കെട്ടുകളൊക്കെ അഴിക്കുന്ന അവസരത്തിൽ പിടരിക്കു പിടിച്ചും, കുടുമ വലിച്ചും, താടി പറിച്ചും, മീശ മുറിച്ചും, തട്ടിമറിച്ചും, കെട്ടിവലിച്ചും മററും മററും ദുര്യോധനാദികളെ ഭീമസേനൻ കഷ്ടപ്പെടുത്തിയ ഭാഗം വായിക്കുന്നതായാൽത്തന്നെ ആരും പൊട്ടിച്ചിരിച്ചുപോകും; അഭിനയിച്ചു കണ്ടാലുള്ള സ്ഥിതി പറയേണ്ടതില്ലല്ലൊ.

ഇങ്ങനെ, മററു തുള്ളലുകളുടെ കഥ പറയാൻ തുടങ്ങിയാൽ അവസാനിക്കയില്ല. ഈ വക ഫലിതപ്രയോഗങ്ങളാണു് നമ്പ്യാരുടെ കവിതയെ സർവ്വാദരണീയമാക്കിത്തീർത്തിട്ടുള്ളതു്. "നമ്പ്യാരുടെ കവിതയ്ക്കു ജീവൻ നല്കുന്നതു ഫലിതമാകുന്നു" എന്നു നിരൂപകന്മാർ പറയുന്നതും ഇതുകൊണ്ടുതന്നെയാണു്.

7876



# XI-ാം ചോദ്യത്തിനുത്തരം

വിശ്രവസ്സിൻെറയും കൈകസിയുടേയും—ഒരു മഹൎഷിയുടേയും ഒരു രാക്ഷസിയുടേയും—മകനായ രാവണനെ ആ രണ്ടു ജാതിക്കാൎക്കും ചേൎന്ന സ്വഭാവത്തോടുകൂടിയ ഒരാളായിട്ടാണു് കവി ചിത്രീകരിച്ചിട്ടുള്ളതു്. അടിയുറച്ച ശിവഭക്തിയാണു് രാവണൻെറ സാത്വികസ്വഭാവത്തിനുള്ള പ്രധാന ലക്ഷണം. രാവണൻ പോകുന്ന സ്ഥലത്തൊക്കെ ശിവപൂജയ്ക്കുള്ള സാമഗ്രികളും കൂടി കൊണ്ടുപോകാറുണ്ടായിരുന്നു എന്നാണു് തുള്ളലിൽ നിന്നു തെളിയുന്നതു്. പരമാൎത്ഥം അങ്ങിനെയല്ലായിരുന്നു എങ്കിൽ, നാരദൻെറ ഏഷണികേട്ടു കോപിച്ചു് കാൎത്തവീൎയ്യാൎജ്ജുനനോടു യുദ്ധം ചെയ്യുന്നതിനായി സപരിവാരം പുറപ്പെട്ടുപോയ രാവണനു്, നൎമ്മദയുടെ പുളിനത്തിലെത്തിയപ്പോൾ ശിവപൂജയ്ക്കു വേണ്ടകാൎയ്യങ്ങളൊക്കെ ചെയ്യുവാൻ സാധിക്കുമായിരുന്നില്ലല്ലോ. ശിവപൂജ രാവണൻെറ നിത്യകൎമ്മങ്ങളുടെ കൂട്ടത്തിൽ അതിപ്രധാനമായ ഒരു സ്ഥാനത്തെ അൎഹിച്ചിരുന്നു എന്നുവേണം ഇതിൽ നിന്നൂഹിക്കാൻ. "രാവണൻ രാക്ഷസാധീശനെങ്ങെങ്ങു നടകൊള്ളുമോ, അങ്ങങ്ങു കൊണ്ടുപോകാറുണ്ടൊരു ലിംഗം ഹിരണ്മയം" എന്നു വാത്മീകി രാവണനെപ്പററി പറയുന്നുണ്ടെന്നുള്ളതും ഇവിടെ സ്മരണീയമത്രെ.

നൎമ്മദയുടെ പുളിനത്തിൽവെച്ചു പൂജ ആരംഭിച്ചതിനുശേഷം സന്ദൎഭവശാൽ ചിത്രയോധിയോടു് സംസാരിക്കേണ്ടിവന്നപ്പോൾ അതു സംസ്കൃതത്തിലാക്കിക്കളയാമെന്നു നമ്പ്യാർ തീരുമാനിച്ചതും രാവണൻെറ ഈ സാത്വികതയ്ക്കു മാററു കൂട്ടാൻ വേണ്ടി മാത്രമായിരിക്കണം. പൂജാവിധിയിലുള്ള നിഷ്ഠയാണല്ലോ ഇതിൽനിന്നു തെളിയുന്നതു്. രാവണൻെറ കോപത്തിനുള്ള പ്രകടമായ ചിഹ്നങ്ങളോ എടുത്തുചാട്ടങ്ങളോ ഒന്നും ആ സംസ്കൃതസംഭാഷണത്തിൽ കാണുന്നില്ലെന്നുള്ളതു് പ്രത്യേകിച്ചും ശ്രദ്ധേയമത്രെ. ഈശ്വരധ്യാനത്തിന്നിടയ്ക്കു കോപം അനുചിതമാണല്ലോ.

ദുഷ്ടന്മാരായ ചില രാക്ഷസപ്പരിഷകൾ ശ്രേഷ്ഠന്മാരായ നരവരന്മാരെ ദ്രോഹിക്കുന്നുണ്ടെന്നാം അതു ന്യായമാ

ണെന്നു തനിക്കു വിചാരമില്ലെന്നും രാവണൻ പറയുന്ന ഒരു ഭാഗം തുള്ളലിൽ കാണുന്നുണ്ടു്.

പുഷ്ടികപുകളൊത്തൊരു നരവരവീര–
ശ്രേഷ്ഠന്മാരുടെ നാടും നഗരവു–
മൊക്കെച്ചുട്ടു പൊടിച്ചും പിന്നെ–
ക്കിട്ടുന്നവരെയടിച്ചു മുടിച്ചും
ഒട്ടും കൃപയില്ലാത്ത നിശാചര
ദുഷ്ടന്മാരുടെ കരുമനമൂലം
നഷ്ടമതായി മഹീതലം, അത്തൊഴിൽ
ചട്ടമിതെന്നു നമുക്കില്ലേതും

ഇതാണു് നമ്പ്യാരുടെ ആ വരികൾ. സജ്ജനദ്രോഹം രാവണന്നു സമ്മതമായിരുന്നില്ലെന്നാണല്ലോ ഇതിൽനിന്നു തെളിയുന്നതു് രാവണന്റെ സ്വഭാവത്തിനു രണ്ടുവശങ്ങളുണ്ടായിരുന്നതിൽ നല്ല വശത്തിനുള്ള ഒരുദാഹരണമായി ഈ വരികളേയും സ്വീകരിക്കാമെന്നു തോന്നുന്നു. ദിഗ്വിജയത്തിനിടയിൽ നടന്ന ശത്രുവധവും മററും രാജധൎമ്മത്തിൽ പെട്ടതായി കരുതിയാൽ മതിയല്ലോ. ഇന്നും ലോകത്തിൽ നാം ഇതൊക്കെത്തന്നെയല്ലേ കാണുന്നതു്? ഒരാൾ മററൊരാളെ കൊല്ലുന്നതു് കൊലപാതകം; യുദ്ധത്തിൽ ലക്ഷക്കണക്കിനു മനുഷ്യരെ കൊല്ലുന്നതു് പരാക്രമവം!

വൈപൃകമായ ഈ സാത്വികത്വം നാമമാത്രമായിട്ടേ കാണുന്നുള്ളു; എന്നും അമ്മവഴിക്കു കിട്ടിയ ദുഷ്ടതയാണു് ആ രാക്ഷസരാജാവിൽ മുന്നിട്ടുനിന്നിരുന്നതെന്നും സമ്മതിക്കാതെ നിവൃത്തിയില്ല ദിഗ്വിജയത്തിനുള്ള ശ്രമവും പരാക്രമവും മററും രാജധൎമ്മമാണെന്നു സമ്മതിച്ചാൽ തന്നെയും ദുരഭിമാനം, ആത്മസ്തുതി, വീരവാദം, ഔദ്ധത്യം, അധാൎമ്മികത്വം മുതലായ പല ദുർഗ്ഗുണങ്ങളും അക്ഷന്തവ്യങ്ങളായ അപരാധങ്ങളായി രാവണനിൽ പിന്നെയും ശേഷിക്കുന്നുണ്ടു്. തന്റെ പരാക്രമങ്ങളെപ്പററി വൎണ്ണിക്കുന്നകൂട്ടത്തിൽ, താൻ ദേവലോകത്തു ചെന്നു ദേവന്മാരെ ജയിച്ചതും മററും പറഞ്ഞു കഴിഞ്ഞതിനുശേഷം, "കുംഭമുലച്ചികളായ സുരകുലശംഭളിമാരെ വിളിച്ചുവരുത്തി സംഭോഗാദി സുഖങ്ങളെ ലഭിച്ചതും"

7876



ക്കൂടി രാവണൻ നാരദനോട്ട് പറയുന്നുണ്ട്. യുദ്ധധർമ്മമോ പരാക്രമമോ അല്ല, രാവണന്റെ ധാർമ്മികമായ അധഃപതനമാണ് ഇതിൽനിന്നു തെളിയുന്നതു്.

ഒരു ഭരണാധികാരിയായ രാവണൻ, ലോകവാസികൾ തന്നെപ്പററി എന്തൊക്കെയാണ് പറയുന്നതു് എന്നന്വേഷിക്കുന്നതിൽ സൽസ്വഭാവത്തിന്റെ ഒരു കണികകൂടിയുണ്ടെന്നു പറയുന്നതിനു വിരോധമില്ലെങ്കിലും, അടുത്തക്ഷണത്തിൽ തന്നെ ആ അഭിമാനനിധിയിൽ നിന്നു പുറപ്പെടുന്ന അനവധി ചോദ്യങ്ങൾ, സദുദ്ദേശമല്ല ആ അന്വേഷണത്തിന്റെ പിന്നിലുള്ളതെന്നു വിളിച്ചു പറയുന്നു. ആത്മസ്തുതിയും ഔദ്ധത്യവുമായിരുന്നു ആ ചോദ്യത്തിന്റെ പിന്നിലുണ്ടായിരുന്നതു്. ഇതു രാവണനെപ്പററി വളരെ ചീത്ത ഒരു അഭിപ്രായം വായനക്കാരിൽ ജനിപ്പിക്കയും ചെയ്യുന്നുണ്ട്. ചിത്രയോധിയോട്ട പറഞ്ഞയയ്ക്കുന്ന സന്ദേശത്തിലും ഔദ്ധത്യത്തിന്റെ നിഴലാട്ടംതന്നെയാണ് നാം കാണുന്നതു്.

ബന്ധനസ്ഥനായി കാരാഗൃഹത്തിൽ കിടക്കുന്ന രാക്ഷസരാജാവിന്റെ മുമ്പിൽ ചെന്നു വേലക്കാരിപ്പെണ്ണുങ്ങൾ പറയുന്ന പരിഹാസവാക്കുകൾ രാവണന്റെ അഭിമാനമർമ്മങ്ങളെ ഭേദിച്ചിരിക്കുമെന്നുള്ളതു തീർച്ചയാണ്. അതുതന്നെയായിരുന്നു നമ്പ്യാരുടെ ഉദ്ദേശവും. ഔദ്ധത്യവും അക്രമവും എവിടെക്കണ്ടാലും, അതിന്റെ തലയിൽ കണക്കിനു് ഒന്നു കിഴുക്കാതെ നമ്പ്യാർക്കു തൃപ്തിവരിക പതിവല്ല. നന്മ ജയിക്കുമെന്നും, തിന്മ തോൽവിയടയാതെ നിവൃത്തിയില്ലെന്നും, കാണിക്കുന്നതിനുവേണ്ടിക്കൂടിയായിരിക്കാം, നമ്പ്യാർ ആ സ്ത്രീകളെക്കൊണ്ടു് അത്ര കയ്പുള്ള ഭാഷയിൽ രാവണനെ കളിയാക്കിച്ചതു്. അല്പംമുൻപു ഞെളിഞ്ഞു പുളഞ്ഞിരുന്ന രാവണൻ വേലക്കാരിപ്പെണ്ണുങ്ങളുടെ ഈ വാക്കുകേട്ടു നാണിച്ചു തലതാഴ്ത്തി ഇരുന്നതേയുള്ളു എന്നു പറയുന്നതിൽ നിന്നു് പലതും ഊഹിക്കാനുണ്ടല്ലോ.

ഇങ്ങിനെ നന്മയും തിന്മയും കൂടികലർന്ന ഒരു സ്വഭാവക്കാരനായിട്ടാണ് നമ്പ്യാർ കാർത്തവീര്യാർജ്ജുനവിജയത്തിൽ രാവണനെ ചിത്രീകരിച്ചിട്ടുള്ളതു്.

Yesopalan. I

# കാൎത്തവീൎയ്യാൎജ്ജുനവിജയം

(ഓട്ടൻ തുള്ളൽ)

7876

18

പ്രസാധകൻ
സാഹിത്യകുശലൻ എ. ഡി. ഹരിശൎമ്മ
എം. ആർ. എ. എസ്സ്.

15318

[വില ഒരു രൂപാ.